# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 സെപ്റ്റംബർ–2015 ലക്കം 9**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
| --- | --- |

# ഉള്ളടക്കം


| | |
|---|---|
| പരസ്പരം നന്നായി പെരുമാറുവിൻ ........................ | 05 |
| നമ്മൾ വയോധികർ .................................................... | 10 |
| മനുഷ്യവംശത്തിന്റെ നിധി .......................................... | 15 |
| രൂപതാകച്ചേരി വാർത്തകൾ ..................................... | 19 |
| വിദ്യാഭ്യാസ സഹായനിധി ........................................... | 24 |
| വൈദികരുടെ മാസധ്യാനം .................................... | 28 |
| ബൈബിൾ അപ്പോസ്തലേറ്റ് ...................................... | 30 |
| മതബോധനരംഗം ........................................................ | 32 |
| ചെറുപുഷ്പമിഷൻലീഗ് ............................................... | 34 |
| *Department of Youth Ministry* .................................... | 42 |
| കെ.സി.വൈ.എം. ....................................................... | 43 |
| കുടുംബപ്രേഷിതത്വം .................................................. | 49 |
| സീയോൻ വാർത്തകൾ ............................................... | 55 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... | 58 |
| സാമൂഹ്യ സേവനരംഗം (WSSS) ..................................... | 63 |
| കെസിബിസി മദ്യവിരുദ്ധസമിതി ................................ | 69 |
| റേഡിയോ മാറ്റൊലി .................................................... | 70 |
| *CEADOM* വിദ്യാഭ്യാസമേഖല ................................ | 72 |
| കത്തോലിക്കാ കോൺഗ്രസ് (AKCC) .............................. | 74 |
| *SMRC* മാനന്തവാടി രൂപത ........................................ | 76 |
| അറിയിപ്പുകൾ ............................................................ | 77 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... | 80 |
| ബിഷപ്പ്സ് പ്രോഗ്രാം ................................................... | 81 |

# പരസ്പരം നന്നായി പെരുമാറുവിൻ

**ഫ്രാൻസീസ് മാർപാപ്പാ കുടുംബജീവിതത്തിനുവേണ്ട മൂന്നു സുപ്രധാന പദപ്രയോഗങ്ങൾ നിർദ്ദേശിക്കുന്നു.**

പ്രിയ സഹോദരീ സഹോദരന്മാരേ,

കുടുംബജീവിതത്തെയും ദിവസംതോറും ഒരു കുടുംബത്തിൽ ജീവിക്കുന്നത് യഥാർത്ഥത്തിൽ എപ്രകാരമാണെന്നതിനെയും സംബന്ധിച്ച ഒരു വിചിന്തനപരമ്പരയുടെ പ്രവേശനകവാടമായി ഇന്നത്തെ പ്രബോധനം ഉപകരിക്കും. മൂന്നു പദപ്രയോഗങ്ങൾ പ്രവേശനകവാടത്തിനുമുകളിൽ എഴുതപ്പെട്ടിരിക്കുന്നതായി സങ്കല്പിക്കുക. മുമ്പ് ഏതാനും പ്രാവശ്യം വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ഈ ചത്വരത്തിൽവച്ച് ഞാൻ പരാമർശിച്ചിട്ടുള്ള പദപ്രയോഗങ്ങളാണവ – "ഞാൻ ഇങ്ങനെ ചെയ്യട്ടെ?", "നിങ്ങൾക്കു നന്ദി," "എന്നോടു ക്ഷമിക്കുക" എന്നീ പ്രയോഗങ്ങൾ. നിശ്ചയമായും ഈ പ്രയോഗങ്ങൾ നിങ്ങളുടെ കുടുംബത്തിൽ നന്നായി ജീവിക്കുന്നതിനുള്ള, സമാധാനത്തിൽ ജീവിക്കുന്നതിനുള്ള വഴിതുറക്കുന്നു. അവ ലളിതമായ പ്രയോഗങ്ങളാണെങ്കിലും പ്രായോഗികമാക്കാൻ അത്ര ലളിതമല്ല. അവയ്ക്ക് ഏറെ ശക്തിയുണ്ട്, ആയിരം പ്രശ്നങ്ങളാൽ പരീക്ഷിക്കപ്പെടുമ്പോൾപോലും കുടുംബജീവിതത്തെ അഭംഗുരം നിലനിർത്താനുള്ള ശക്തി. എന്നാൽ അവയില്ലെങ്കിൽ, ചെറിയ വിടവുകൾ ഉണ്ടാവുകയും സമസ്തവും തകരുകപോലും ചെയ്തേക്കാം.

"നല്ല പെരുമാറ്റം" ഉണ്ടായിരിക്കുക എന്ന പൊതുവിഭാഗത്തിൽ ഈ പദപ്രയോഗങ്ങളെ നാം സാധാരണ ഉൾപ്പെടുത്തുന്നു. ശരി, നല്ല പെരുമാറ്റമുള്ള ഒരു വ്യക്തി അനുവാദം ചോദിക്കുന്നു, നന്ദിപറയുന്നു, തെറ്റുപറ്റിയാൽ ക്ഷമ ചോദിക്കുന്നു. വളരെ നല്ലത്. എന്നാൽ നല്ല പെരുമാറ്റരീതികൾ വളരെ പ്രധാനമാണ്. "നല്ല പെരുമാറ്റരീതികൾ വിശുദ്ധിയിലേക്കുള്ള പകുതിവഴി പിന്നിട്ടുകഴിഞ്ഞു" എന്ന് മഹാനായ മെത്രാൻ ഫ്രാൻസീസ് ദെ സാലസ് പറയുക പതിവായിരുന്നു. എന്നാൽ സൂക്ഷിക്കുക. നല്ല പെരുമാറ്റരീതികൾക്കും ആത്മാവിന്റെ വരൾച്ചയെയും അപരനോടുള്ള അനാസ്ഥയെയും മറയ്ക്കുന്ന ഒരുതരം ഔപചാരികതയാകാൻ കഴിയുമെന്ന് ചരിത്രം വ്യക്തമാക്കിയിട്ടുണ്ട്. "നിരവധി നല്ല പെരുമാറ്റങ്ങളുടെ പിറകിൽ നിരവധി ദുശ്ശീലങ്ങൾ പതിയിരിക്കുന്നു"

എന്ന് പലപ്പോഴും പറയാറുണ്ട്. ഔപചാരികമായ അനുഷ്ഠാനം ആത്മീയലൗകികതയിലേക്കു മുങ്ങിപ്പോകുക എന്ന അപകടത്തിനെതിരെ മതത്തിനുപോലും പ്രതിരോധശക്തിയില്ല. യേശുവിനെ പ്രലോഭിപ്പിക്കുന്ന സാത്താൻ നല്ല പെരുമാറ്റരീതികളെക്കുറിച്ച് പൊങ്ങച്ചം പറയുന്നു. തീർച്ചയായും, ഒരു മാന്യനായും തിളങ്ങുന്ന പടച്ചട്ടയുള്ള ഒരു യോദ്ധാവായും തന്നെത്തന്നെ അവൻ അവതരിപ്പിക്കുന്നുണ്ട്. വിശുദ്ധലിഖിതം ഉദ്ധരിച്ചുകൊണ്ട്, ഒരു ദൈവശാസ്ത്രജ്ഞനായിട്ടുപോലും അവൻ സ്വയം അവതരിപ്പിക്കുന്നു. ബാഹ്യമായി ശരിയും വൃത്തിയുള്ളതുമായ എല്ലാം അവന് ഉള്ളതായി കാണപ്പെടുന്നു. എന്നാൽ എപ്പോഴും ദൈവസ്നേഹത്തിന്റെ സത്യത്തിൽനിന്ന് അന്യരെ വഴിതെറ്റിക്കുകയാണ് അവന്റെ ലക്ഷ്യം. എങ്കിലും, "നല്ല പെരുമാറ്റങ്ങൾ"ക്ക് ഏറ്റവും ആധികാരികരീതിയിലുള്ള അർത്ഥം മാത്രമാണ് നാം നൽകുന്നത്. അതനുസരിച്ച്, നല്ല ബന്ധങ്ങൾ വളർത്തിയെടുക്കുന്ന ശീലം നന്മയോടുള്ള സ്നേഹത്തിലും അപരനോടുള്ള ആദരവിലും ദൃഢമായി വേരൂന്നിയിരിക്കുന്നു. സ്നേഹിക്കുന്നതിന്റെ ഈ പരിഷ്കൃത അർത്ഥത്തിന് അനുസൃതമായാണ് കുടുംബം ജീവിക്കുന്നത്.

ഈ പദപ്രയോഗങ്ങൾ ശ്രദ്ധിക്കുക. ആദ്യത്തെ പദപ്രയോഗം "ഞാൻ ഇങ്ങനെ ചെയ്യട്ടെ?" എന്നാണ്. എന്തെങ്കിലും കാര്യം – ആ കാര്യത്തിന് ന്യായമായ അവകാശം നമുക്കുണ്ട് എന്ന് നാം വിചാരിക്കുമ്പോൾ പോലും – ദയാപുരസ്സരം ആവശ്യപ്പെടാൻ നാം ശ്രദ്ധിക്കുമ്പോൾ, വിവാഹത്തെയും കുടുംബത്തെയും വലയം ചെയ്യുന്ന പൊതുജീവിതത്തെ ശക്തിപ്പെടുത്താൻ നാം സഹായിക്കുകയാണ്. മറ്റൊരാളുടെ ജീവിതത്തിൽ പ്രവേശിക്കുന്നതിന്, ആ വ്യക്തിക്ക് നേരത്തേതന്നെ നമ്മുടെ ജീവിതത്തിൽ ഒരു പങ്ക് നിർവഹിക്കാനുണ്ടെങ്കിൽപ്പോലും, വിശ്വാസവും ആദരവും നവീകരിക്കുന്ന, ഉപദ്രവകരമല്ലാത്ത ഒരു മനോഭാവത്തിന്റെ സംവേദനക്ഷമത ആവശ്യമാണ്. നിശ്ചയമായും, സ്നേഹം കൂടുതൽ ആഴമുള്ളതും ഗാഢവുമാകുന്തോറും, അത് അപരന്റെ സ്വാതന്ത്ര്യത്തോടുള്ള ആദരവും മറ്റേയാൾ അവന്റെ അല്ലെങ്കിൽ അവളുടെ ഹൃദയത്തിലേക്ക് വാതായനം തുറക്കുന്നതുവരെ കാത്തിരിക്കാനുള്ള കഴിവും കൂടുതലായി ആവശ്യപ്പെടുന്നുണ്ട്. ഈ ഘട്ടത്തിൽ, വെളിപാടു പുസ്തകത്തിലെ യേശുവിന്റെ വചനങ്ങൾ നമുക്ക് അനുസ്മരിക്കാം: "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു, ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (3:20). കർത്താവുപോലും പ്രവേശിക്കാൻ അനുവാദം ചോദിക്കുന്നു. നമുക്ക് അതു മറക്കാതി

രിക്കാം. നിങ്ങളുടെ കുടുംബത്തിൽ എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ് ഇങ്ങനെ ചോദിക്കുക: "ഞാൻ ഇതു ചെയ്യുന്നതിനു നിങ്ങൾക്ക് വിരോധമുണ്ടോ?, ഞാൻ ഇതു ചെയ്യുന്നതു നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?" ചോദിക്കുന്ന ഈ മാർഗം തീർച്ചയായും നല്ല പെരുമാറ്റരീതിയാണ്. എന്നാൽ അത് സ്നേഹപൂർണ്ണവുമാണ്. കുടുംബങ്ങൾക്ക് ഇത് വളരെയേറെ ഗുണം ചെയ്യുന്നു.

രണ്ടാമത്തെ പദപ്രയോഗം "നിങ്ങൾക്കു നന്ദി" എന്നാണ്. സ്വയം വിമോചനത്തിന്റെ ഒരു അടയാളമാണെന്ന മട്ടിൽ, മോശമായ പെരുമാറ്റരീതികളുടെയും മോശമായ വാക്കുകളുടെയും ഒരു സംസ്കാരത്തിലേക്ക് നാം തിരിയുകയാണോ എന്ന് ചിലപ്പോൾ സംശയിക്കേണ്ടിയിരിക്കുന്നു. ഈ ചീത്തവാക്കുകൾ പരസ്യമായി കേൾക്കുക അസാധാരണമല്ല. ദയയും "നിങ്ങൾക്കു നന്ദി" എന്നു പറയാനുള്ള കഴിവും പലപ്പോഴും ബലഹീനതയുടെ ഒരു അടയാളമായി കണക്കാക്കപ്പെടുകയും മറ്റുള്ളവരുടെ സംശയം ഉണർത്തുകയും ചെയ്യുന്നു. കുടുംബത്തിന്റെ കേന്ദ്രഭാഗത്തിന്റെ ഉള്ളിൽപ്പോലും ഈ പ്രവണത അഭിമുഖീകരിക്കപ്പെടുന്നു. മറ്റുള്ളവരെ നന്ദിയുള്ളവരും അഭിനന്ദിക്കുന്നവരുമാകാൻ അഭ്യസിപ്പിക്കുന്നതിന് നാം നിശ്ചയദാർഢ്യമുള്ളവരായിരിത്തീരണം. വ്യക്തിയുടെ മഹത്ത്വവും സാമൂഹികനീതിയും കുടുംബത്തിന്റെ കവാടത്തിൽകൂടി കടന്നുപോകണം. കുടുംബജീവിതം ഈ ജീവിതശൈലിയെ അവഗണിക്കുകയാണെങ്കിൽ സാമൂഹികജീവിതവും അതിനെ തിരസ്കരിക്കും. എങ്കിലും, കൃതജ്ഞത വിശ്വാസിയുടെ വിശ്വാസത്തിന്റെ കാതലായ ഭാഗത്തുതന്നെ നിലകൊള്ളുന്നു. നന്ദി പ്രകടിപ്പിക്കുന്നത് എപ്രകാരമാണെന്ന് അറിഞ്ഞുകൂടാത്ത ഒരു ക്രൈസ്തവന് ദൈവത്തിന്റെ "ഭാഷ" തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. ഇതു ഭയങ്കരമാണ്. യേശു പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കിയതിനുശേഷം അവരിൽ ഒരാൾമാത്രം അവിടുത്തോട് നന്ദി പറയാൻ മടങ്ങിവരുമ്പോൾ, അവിടുന്നു ചോദിക്കുന്ന ചോദ്യം (ലൂക്കാ 17:18) നമുക്കു മറക്കാതിരിക്കാം. വളരെ ജ്ഞാനമുള്ള, വളരെ സാധാരണക്കാരനായ, എന്നാൽ ജീവിതത്തെയും ഭക്തിയെയുംകുറിച്ച് അസാധാരണ ജ്ഞാനമുള്ള ഒരു വൃദ്ധനെ ഞാൻ ഒരിക്കൽ ശ്രവിച്ചത് ഓർക്കുന്നു: "മഹാത്മാക്കളുടെ മണ്ണിൽമാത്രം വളരുന്ന ഒരു ചെടിയാണ് കൃതജ്ഞത." ആത്മാവിന്റെ ആ മാഹാത്മ്യം, ആത്മാവിലെ ആ ദൈവകൃപ, കൃതജ്ഞതാപൂർവ്വം "നിങ്ങൾക്കു നന്ദി" എന്നു പറയാൻ നമ്മെ നിർബന്ധിക്കുന്നു. മഹത്തായ ഒരാത്മാവിന്റെ പുഷ്പമാണത്. ഇത് വാസ്തവത്തിൽ മനോഹരമായ ഒന്നുതന്നെ.

മൂന്നാമത്തെ പദപ്രയോഗം "എന്നോടു ക്ഷമിക്കുക" എന്നാണ്. അത് പറയാൻ എപ്പോഴും എളുപ്പമല്ല എന്നു സമ്മതിക്കാമെങ്കിലും, അത് ഏറെ ആവശ്യമുള്ളതാകുന്നു. അതിന്റെ അഭാവമുള്ളപ്പോൾ, ചെറിയ വിള്ളലുകൾ – നാം അവ ആഗ്രഹിക്കാത്തപ്പോൾപോലും – പൊട്ടിത്തെറിക്കാൻ തുടങ്ങുന്നു. അവ വളരെ വലിയ എച്ചിൽക്കുഴികളായിത്തീർന്നെന്നു പോലും വരും. യേശു നമ്മളെ പഠിപ്പിച്ച "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയിൽ – ജീവിതത്തിന്റെ പ്രധാന ചോദ്യങ്ങളെയെല്ലാം സംഗ്രഹിക്കുന്ന ഒരു പ്രാർത്ഥനയാണല്ലോ അത് – ഈ പദപ്രയോഗം നാം കാണുന്നു എന്നത് ഒട്ടും അപ്രധാനമല്ല: "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ" (മത്താ. 6:12). നമുക്ക് കുറവുണ്ടെന്നു സമ്മതിക്കുന്നതും നമുക്ക് നഷ്ടപ്പെട്ടവയിലേക്ക് – ബഹുമാനം, ആത്മാർത്ഥത, സ്നേഹം എന്നിവയിലേയ്ക്ക് – മടങ്ങാൻ നാം ആഗ്രഹിക്കുന്നു എന്നതും നമ്മെ ക്ഷമയ്ക്ക് അർഹരാക്കുന്നു. ഇങ്ങനെയാണ് നാം രോഗബാധയെ സുഖപ്പെടുത്തുന്നത്. നമുക്ക് നമ്മോടുതന്നെ പൊറുക്കാൻ കഴിയുന്നില്ലെങ്കിൽ, അന്യരോടു പൊറുക്കാൻ നമുക്കു സാധിക്കുകയില്ല. "ഞാൻ ഖേദിക്കുന്നു" എന്ന വാക്കുകൾ ഒരിക്കലും ഉച്ചരിക്കപ്പെടാത്ത ഒരു ഭവനത്തിൽ ശുദ്ധവായുവിന്റെ അഭാവം ഉണ്ടാകാൻ തുടങ്ങുന്നു. അവിടെ താമസിക്കുന്നവരെ പ്രളയജലം ശ്വാസംമുട്ടിക്കാൻ തുടങ്ങുന്നു. "ഞാൻ ഖേദിക്കുന്നു" എന്ന വിലപ്പെട്ട വാക്കുകളുടെ അഭാവത്തിന്റെ ഫലം അനേകം ക്ഷതങ്ങളുടെ ഉരസലുകളും പരിക്കുകളുമാണ്. പലപ്പോഴും വിവാഹജീവിതം കലഹങ്ങൾകൊണ്ട് കീറിമുറിക്കപ്പെടുന്നു... "പാത്രങ്ങൾ പറക്കാൻപോലും തുടങ്ങും." എന്നാൽ ഞാൻ നിങ്ങളോട് ഉപദേശത്തിന്റെ ഒരു വാക്കു പറയട്ടെ: പരസ്പരം സമാധാനത്തിൽ വരാതെ ദിവസം അവസാനിപ്പിക്കരുത്. എന്നെ ശ്രദ്ധാപൂർവ്വം ശ്രവിക്കുക: നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ നിങ്ങൾ വഴക്കുണ്ടാക്കിയോ? കുട്ടികളേ – നിങ്ങളുടെ മാതാപിതാക്കന്മാരോട് നിങ്ങൾ വഴക്കുകൂടിയോ? നിങ്ങൾ ഗൗരവപൂർവ്വം തർക്കിച്ചോ? അത് ഒരു നല്ല കാര്യമല്ല. എന്നാൽ യഥാർത്ഥത്തിൽ അതല്ല പ്രശ്നം.. ഈ വികാരം അസുഖകരമായി പിറ്റേദിവസവും തുടരുന്നുവെങ്കിൽ മാത്രമാണ് പ്രശ്നം ഉദിക്കുന്നത്. അതുകൊണ്ട് നിങ്ങൾ വഴക്കുണ്ടാക്കിയിട്ടുണ്ടെങ്കിൽ, നിങ്ങളുടെ കുടുംബവുമായി സമാധാനം ഉണ്ടാക്കാതെ ദിവസം അവസാനിക്കാൻ അനുവദിക്കരുത്. എങ്ങനെയാണ് ഞാൻ സമാധാനം ഉണ്ടാകാൻ പോകുന്നത്? ഞാൻ മുട്ടിന്മേൽനിന്നു കൊണ്ടാണോ? അല്ല. കേവലം ഒരു ചെറിയ സൂചനകൊണ്ട്, ലഘുവായ ഒരു കാര്യംകൊണ്ട്. നിങ്ങളുടെ

കുടുംബത്തിൽ ശാന്തിപുനഃസ്ഥാപിക്കപ്പെടും. വെറും ഒരു ചെറിയ സ്നേഹപ്രകടനം മതി. വാക്കുകൾ ആവശ്യമില്ല. എന്നാൽ നിങ്ങളുടെ കുടുംബത്തിൽ സമാധാനം ഉണ്ടാക്കാതെ സൂര്യൻ അസ്തമിക്കാൻ അനുവദിക്കരുത്. ഞാൻ പറയുന്നതു മനസ്സിലാകുന്നുണ്ടോ? അത് എളുപ്പമല്ല. പക്ഷേ, നിങ്ങൾ അതു ചെയ്യേണ്ടിയിരിക്കുന്നു. ജീവിതം എത്രയോ അധികം സുന്ദരമാക്കാൻ അതു സഹായിക്കും.

അതുകൊണ്ട് കുടുംബജീവിതത്തിനുവേണ്ട ഈ മൂന്നു സുപ്രധാന പദപ്രയോഗങ്ങൾ യഥാർത്ഥത്തിൽ ലളിതമായ വാക്കുകളാണ്, ഒരുപക്ഷേ നമ്മുടെ മുഖത്ത് ഒരു പുഞ്ചിരി കൊണ്ടുവരത്തക്കവണ്ണം ലളിതമായവ. എന്നാൽ നാം അവയെ മറക്കുമ്പോൾ, അത് ചിരിച്ചു തള്ളേണ്ട ഒരു കാര്യമല്ല. ശരിയല്ലേ? ഒരുപക്ഷേ, നമ്മുടെ നല്ല പെരുമാറ്റരീതികൾ നാം പലപ്പോഴും അവഗണിക്കുന്നു. അവ ആയിരിക്കേണ്ട ഇടങ്ങളിലേയ്ക്ക്, നമ്മുടെ ഹൃദയങ്ങളിലേക്കും നമ്മുടെ ഭവനങ്ങളിലേയ്ക്കും നമ്മുടെ പൗരജീവിതത്തിലേക്കും, അവയെ മടക്കിക്കൊണ്ടുവരാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ഒരു കുടുംബത്തിന്റെ സ്നേഹത്തിലേക്ക് സത്യത്തിൽ പ്രവേശിക്കുന്ന വാക്കുകളാണിവ.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*

## നമ്മൾ വയോധികർ

**ഫ്രാൻസീസ് മാർപാപ്പ പിതാമഹരുടെ പ്രാധാന്യത്തെയും അവരുടെ ഇന്നത്തെ ക്ലേശപൂർണ്ണമായ സാഹചര്യത്തെയുംകുറിച്ച്**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഇന്നത്തെയും അടുത്ത ബുധനാഴ്ചയിലെയും മതബോധനം മുതിർന്നവർക്കുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്; കുടുംബത്തിൽ അവർ, *മുത്തച്ഛന്മാരും മുത്തശ്ശിമാരും അമ്മായിമാരും അമ്മാവൻമാരുമാണ്.* മുതിർന്നവരുടെ ഇപ്പോഴത്തെ സന്ദിഗ്ദ്ധമായ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് ഇന്ന് നാം വിചിന്തനം ചെയ്യുക. അടുത്ത പ്രാവശ്യം, അതായത് ബുധനാഴ്ച ഈയൊരു ജിവിതഘട്ടത്തിനുതകുന്ന നിയോഗം സംബന്ധിച്ച് കൂടുതൽ വാസ്തവികമായ നിരീക്ഷണവും ആകാം.

വൈദ്യശാസ്ത്രത്തിന്റെ വികാസംമൂലം ആയൂർദൈർഘ്യം വർദ്ധിച്ചിരിക്കുന്നു: എന്നാൽ *ആയുസ്സിനു അനുസൃതമായി സമൂഹം "വികസ്വരമായില്ല!"* വയോധികരുടെ സംഖ്യ പെരുകി. എങ്കിലും അവർക്കു ഇടം കൊടുക്കാൻ തക്കവണ്ണം നമ്മുടെ സമൂഹങ്ങൾ സുസംഘടിതമല്ല; അവരുടെ ദുർബലാവസ്ഥയ്ക്കും അവരുടെ അന്തസ്സിനും സമുചിതമായ ആദരവും പ്രായോഗിക പരിഗണനയും കൊടുക്കുകതന്നെ വേണം. യൗവ്വനയുക്തരായിരിക്കുമ്പോൾ പ്രായമായവരെ അവഗണിക്കാൻ നാം പ്രേരിതരാകുന്നു. അകൽച്ച പാലിക്കേണ്ട ഒരു രോഗമാണത് എന്നു തോന്നുമാറ് നാം അവരെ പാടേ വിസ്മരിക്കുന്നു; പിന്നീട് നാം വൃദ്ധരാകുമ്പോൾ, പ്രത്യേകിച്ച് ദരിദ്രരാണെങ്കിൽ, രോഗികളും ഏകാകികളും ആണെങ്കിൽ, കാര്യശേഷിയുടെ പ്രവർത്തനസൂചനാപത്രം മുഖമുദ്രയാക്കിയ ഒരു സമൂഹത്തിന്റെ കൃത്യവിലോപങ്ങൾ നാമും അനുഭവിക്കേണ്ടിവരുന്നു. അനന്തരഫലമായി വയോധികരെ അവഗണിക്കുന്നു. മുതിർന്നവർ അവഗണിക്കപ്പെടാനുള്ള ഒരു വിഭവമല്ല.

ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഒരു വൃദ്ധസദനം സന്ദർശിക്കവേ, ഇപ്രകാരം വ്യക്തമായി, പ്രവചനാത്മകമായി പറഞ്ഞു: "ഒരു സമൂഹത്തിന്റെ ഗുണമേന്മ, നാഗരികതയാണ് ഞാൻ അർത്ഥമാക്കുന്നത്, മുതിർന്നവരോട് എങ്ങനെ പെരുമാറുന്നുവെന്നും സാമൂഹികജീവിതത്തിൽ അവർക്കു നൽകുന്ന സ്ഥാനം എന്തെന്നും അനുസരിച്ചുവേണം

തീരുമാനിക്കേണ്ടത്" (നവംബർ 12, 2012). ഇത് സത്യമാണ്, വയസ്സായവർക്കു നൽകുന്ന കരുതലാണ് നാഗരികതയിലെ വൈജാത്യം. പരിഷ്കൃതിയിൽ മുതിർന്നവർക്കു ശ്രദ്ധ ലഭിക്കാറുണ്ടോ? അവിടെ മുതിർന്നവർക്കു ഇടം ഉണ്ടോ? ജ്ഞാനം, വയോധികരുടെ ജ്ഞാനം, അതിനോടു ആദരവു പുലർത്തുന്നത് എപ്രകാരം എന്നറിയാമെങ്കിൽ ആ നാഗരികത മുന്നേറുകതന്നെ ചെയ്യും. മുതിർന്നവർക്കു സ്ഥാനം ഇല്ലാത്തതോ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന പേരിൽ അവരെ വലിച്ചെറിയുകയോ ചെയ്യുന്ന ഒരു പരിഷ്കൃത സമൂഹത്തിൽ മരണത്തിന്റെ വിഷാണുവിനെ സംവഹിക്കപ്പെടുന്നു.

പാശ്ചാത്യനാടുകളിൽ, ശാസ്ത്രജ്ഞന്മാർ ഈ നൂറ്റാണ്ടിനെ വിശേഷിപ്പിക്കുന്നത് *'വാർദ്ധക്യ ശതാബ്ദം'* എന്നത്രേ: കുട്ടികളുടെ സംഖ്യ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. പ്രായമായവർ വർദ്ധിച്ചുവരികയുമാണ്. ഈ അസന്തുലിതാവസ്ഥ സത്യത്തിൽ, നമ്മെ വെല്ലുവിളിക്കുന്നു. സമകാലീന സമൂഹത്തിനു അതൊരു വലിയ വെല്ലുവിളിയാണ്. കുറേക്കൂടെ പറഞ്ഞാൽ ഒരു "ഭാരം" കണക്കെ പ്രായമായവരെ തള്ളിക്കളയാൻ ധനലാഭ സംസ്കാരം മർക്കടമുഷ്ടി പിടിക്കുന്നു. അവർ ഫലോത്പാദകർ അല്ല – ഈ സംസ്കാരം അങ്ങനെ വിചാരിക്കുന്നു – എന്നു മാത്രമല്ല, അവർ ഒരു മാറാപ്പും കൂടിയാണ്: ചുരുക്കത്തിൽ, ഇതുപോലെ ചിന്തിക്കുന്നതിന്റെ ഫലപ്രാപ്തി എന്താകാം? അവർ വലിച്ചെറിയപ്പെടുന്നു. പ്രായമായവർ വലിച്ചെറിയപ്പെടുന്നത് എങ്ങനെയെന്നു കാണുന്നതു നിഷ്ഠൂരമാണ്, മൃഗീയമാണ്, അതൊരു പാപമാണ്. ഇത് തുറന്നുപറയാൻ ആർക്കും ധൈര്യമില്ല. എന്നാൽ അത് അനുവർത്തിക്കുകയും ആണ്! വലിച്ചെറിയൽ സംസ്കാരത്തോടുള്ള ഈ പക്ഷപാതത്തിൽ നികൃഷ്ടമായ എന്തോ ചിലതുണ്ട്. എന്നാൽ ആളുകളെ വലിച്ചെറിയുന്നത് നാം പരിചിതമാക്കിയിരിക്കുന്നു. വീര്യം കുറഞ്ഞതിനോടും മുറിപ്പെടുന്നതിനോടും വർദ്ധിച്ചുവരുന്ന നമ്മുടെ ഭയപ്പാടുമൂലം പിഴുതെറിയാൻ നാം ആഗ്രഹിക്കുന്നു; എങ്കിലും അപ്രകാരം ചെയ്യുമ്പോൾ ഒട്ടും സഹിക്കാൻ പറ്റാത്തവരും അവഗണിക്കപ്പെട്ടവരുമാണ് തങ്ങളെന്ന ഉത്ക്കണ്ഠ മുതിർന്നവരിൽ വർദ്ധിച്ചുവരാൻ ഇടയാക്കുന്നു.

ബ്യൂണസ് അയേഴ്സിലെ എന്റെ ശുശ്രൂഷാവേളയിൽ ഈ യാഥാർത്ഥ്യവും അതിന്റെ പ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെടാൻ എനിക്കു സാധിച്ചിരുന്നു: "മുതിർന്നവരെ കയ്യൊഴിയുന്നു; ഭൗതിക അസ്ഥിരതയുടെ കാര്യത്തിൽ മാത്രമല്ല ഈ കയ്യൊഴിയൽ. നമ്മുടെ

തന്നെ പരിമിതികൾ പ്രതിബിംബിക്കുന്ന അവരുടെ പരിമിതാവസ്ഥ അംഗീകരിക്കാനുള്ള സ്വാർത്ഥമായ ഒരു പ്രാപ്തിക്കുറവിന്റെ പേരിൽ അവർ ത്യജിക്കപ്പെടുന്നു. ഭാഗഭാക്കുകൾ ആകാനോ തങ്ങളുടെതന്നെ അഭിപ്രായം പറയാനോ അവർക്കനുവാദം ഇല്ല. "ചെറുപ്പക്കാർ മാത്രം ഉപയോഗപ്രദവും അനുഭവാവകാശികളും" എന്ന ഉപഭോക്തൃമാതൃകയിലെ സൂചകങ്ങളാകാൻ അവർക്കനുവാദം ഇല്ല. ഇത്തരമൊരു സമൂഹത്തിലെ നിലനിൽപ്പിനു മറികടക്കേണ്ടിവരുന്ന നിരവധി വൈഷമ്യങ്ങൾ കാരണമാണീ വലിച്ചെറിയൽ അനുവർത്തിക്കപ്പെടുന്നത്. സമൂഹത്തിലെമ്പാടുമുള്ള വൃദ്ധജനങ്ങൾ നമ്മുടെ ജനതക്കാവശ്യമായ ജ്ഞാനത്തിന്റെ കലവറയാകേണ്ടവർ ആണ്. നമ്മുടെ ജനങ്ങൾക്കാവശ്യമായ വിവേകത്തിന്റെ കലവറയാണ് മുതിർന്നവർ! സ്നേഹം ഇല്ലാതെ വരുമ്പോൾ എത്ര അനായാസം മനസ്സാക്ഷി നിദ്രാവസ്ഥ പ്രാപിക്കുന്നു!" (*Solo l'amore ci puo salvare,* വത്തിക്കാൻസിറ്റി, 2013, പേജ് 83)

അതും ഇതുപോലെ സംഭവിക്കുന്നു. ഞാൻ ഓർമ്മിക്കുകയാണ്; ഒരു വൃദ്ധസദനം സന്ദർശിച്ചവേളയിൽ, ഓരോരുത്തരുമായി ഞാൻ സംസാരിച്ചപ്പോൾ കൂടെ കൂടെ ഇങ്ങനെ കേൾക്കേണ്ടി വന്നു: "എങ്ങനെയുണ്ട്? മക്കൾ എന്തു പറയുന്നു? സുഖം, സുഖമായിരിക്കുന്നു." നിങ്ങൾക്ക് എത്ര മക്കൾ ഉണ്ട്? ഒരുപാടു പേരുണ്ട്. അവർ നിങ്ങളെ കാണാൻ വരുന്നുണ്ടോ? ഓ, തീർച്ചയായും, അതേ, എല്ലായ്പോഴും, അതേ, അവർ വരുന്നുണ്ട്. അവസാനമായി അവർ വന്നത് എപ്പോഴാണ്? "ഉം, ക്രിസ്തുമസിനു വന്നിരുന്നു." ഇങ്ങനെ പറഞ്ഞ ഒരു വൃദ്ധയെ ഞാൻ ഇന്നും ഓർമ്മിക്കുന്നു. അന്ന് ആഗസ്റ്റ് മാസമായിരുന്നു. എട്ടു മാസക്കാലമായി മക്കൾ അവരെ കാണാൻ വന്നിട്ട്. എട്ടുമാസമായി ത്യജിക്കപ്പെട്ടവൾ! ഇതാണ് മാരകപാപം. മനസ്സിലായോ? ഒരിക്കൽ ഒരു മുത്തശ്ശി, ബാല്യകാലത്തെ അവരുടെ ഒരു പഴയ മുത്തച്ഛന്റെ കഥ ഞങ്ങളോടു പറഞ്ഞിട്ടുണ്ട്. ആഹാരം കഴിക്കുമ്പോൾ വൃത്തികേടാക്കുന്ന ഒരു സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. എന്തെന്നാൽ സ്പൂൺനിറച്ച് സൂപ്പ് കോരിക്കുടിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. അന്നത്തെ കുടുംബനാഥൻ, അതായത് ഈ മുത്തച്ഛന്റെ മകൻ, അടുക്കളയിൽ ഒരു ചെറിയ മേശ ഒരുക്കി സ്വന്തം പിതാവിനെ തീൻമേശയിൽനിന്നും മാറ്റി. അവിടെ അദ്ദേഹം ഒറ്റക്കിരുന്നു കഴിക്കുമ്പോൾ മറ്റാരും അദ്ദേഹത്തെ കാണാനിടയില്ല. ഇപ്രകാരം ഊണിനോ ഡിന്നറിനോ എത്തുന്ന സ്നേഹിതരുടെ കണ്ണിൽപ്പെടാതെ സ്വന്തം പിതാവ് ഉണ്ടാക്കുന്ന നാണക്കേടിൽനിന്നും രക്ഷപെടാം എന്ന് ആ മകൻ കരുതി.

ഏതാനും ദിവസങ്ങൾക്കുശേഷം, വീട്ടിൽ എത്തിയ ആ കുടുംബനാഥൻ കാണുന്നത് തന്റെ ഏറ്റവും ഇളയകുട്ടി കുറച്ചു തടിയും ചുറ്റികയും ആണിയുംകൊണ്ട് കളിക്കുന്ന രംഗമാണ്. അവൻ എന്തോ ഉണ്ടാക്കുകയാണ്. അയാൾ ചോദിച്ചു: "നീ എന്താണുണ്ടാക്കുന്നത്? – അപ്പാ, ഞാൻ ഒരു മേശയുണ്ടാക്കുകയാണ് – മേശയോ! എന്തിന്? അപ്പൻ പ്രായമാകുമ്പോൾ അവിടെ ഇരുന്നു ഭക്ഷണം കഴിക്കാമല്ലോ." നമ്മേക്കാൾ അവബോധമുള്ളവരാണ് കുട്ടികൾ!

സഭാപാരമ്പര്യത്തിൽ, പ്രായമായവരോടുള്ള അടുപ്പത്തിന്റെ സംസ്കാരത്തിന് എല്ലായ്പ്പോഴും പിന്തുണ നൽകിയ വിജ്ഞാനസമ്പത്താണുള്ളത്. ജീവിതത്തിന്റെ ഈ അവസാനഘട്ടത്തിൽ സ്നേഹോഷ്മളവും അവലംബം നൽകുന്നതുമായ ചങ്ങാത്തത്തിന്റെ വിശുദ്ധലിഖിതത്തിൽ വേരൂന്നിയതാണീ പാരമ്പര്യം, പ്രഭാഷകന്റെ പുസ്തകത്തിലെ ഈ ഭാഗം സാക്ഷ്യപ്പെടുത്തും പ്രകാരം: "വൃദ്ധരുടെ ഉപദേശം ആദരിക്കുക; എന്തുകൊണ്ടെന്നാൽ, അവർതന്നെ തങ്ങളുടെ പിതാക്കന്മാരിൽ നിന്നാണു പഠിച്ചത്, അവരിൽനിന്നു നിനക്ക് അറിവു ലഭിക്കും; അവസരത്തിനൊത്തു മറുപടി പറയാൻ നിനക്കു കഴിയും" (പ്രഭാ. 8:9).

വാർദ്ധക്യത്തോട് അക്ഷമയുടെ മാനസികനില അനുവർത്തിക്കാൻ സഭയ്ക്കു സാദ്ധ്യമല്ല. അങ്ങനെ ചെയ്യുകയും ഇല്ല. അതിലൊട്ടും കുറയാത്ത അലംഭാവവും അവജ്ഞയും അവരോട് പ്രകടിപ്പിക്കാനും കഴിയുകയില്ല. കൃതജ്ഞതയുടെയും അഭിനന്ദനത്തിന്റെയും ആതിഥേയത്വത്തിന്റെയും കൂട്ടായ ഒരു അവബോധം നമ്മിൽ പുനരുജ്ജീവിപ്പിക്കണം. സമൂഹത്തിന്റെ സജീവ ഭാഗമാണ് തങ്ങളും എന്ന ബോധ്യം പ്രായമായവരിൽ അനുഭവവേദ്യമാകാൻ ഇത് ഇടയാക്കും.

നമ്മുടെ മുതിർന്നവർ നമ്മുടെതന്നെ പാതയിൽ നമുക്കുമുൻപേ എത്തിച്ചേർന്ന സ്ത്രീപുരുഷന്മാരും പിതാക്കന്മാരും മാതാക്കളും ആണ്! ഉചിതമായ ഒരു ജീവിതം തേടിയുള്ള ദൈനംദിന പോരാട്ടത്തിൽ നമ്മുടെ സ്വന്തം ഭവനത്തിൽതന്നെ ജീവിച്ചവർ. ഒരുപാടു കാര്യങ്ങൾ നമുക്കവശേഷിപ്പിച്ചവർ. വൃദ്ധർ അന്യരല്ല: ആ വൃദ്ധർ നമ്മൾ ആകാം, സമീപമോ വിദൂരമോ ആയ ഭാവിയിൽ. നമ്മൾ അത് ആഗ്രഹിച്ചില്ലെങ്കിൽക്കൂടി, അത് അനിവാര്യമാകും. കൂടുതൽ മെച്ചപ്പെട്ട കരുതൽ മുതിർന്നവർക്കു നൽകാൻ നാം പഠിക്കുന്നില്ലെങ്കിൽ നമ്മോടുള്ള പെരുമാറ്റവും അതായിരിക്കും.

നമ്മൾ വയോധികർ ഒരല്പം ബലഹീനരാണ്. മാത്രമല്ല, നമ്മിൽ ചിലർ തീർത്തും ക്ഷീണിതരും ആണ്. മിക്കവരും ഒറ്റയ്ക്ക്; രോഗ

ബാധിതരും ആണ്. ചിലർ മറ്റുള്ളവരുടെ, ഒഴിച്ചുകൂടാനാവാത്ത പരിപാലനത്തിലും ശ്രദ്ധയിലും ആശ്രയിച്ചു കഴിയുന്നവരാണ്. ഒരടി പിന്നോട്ടുവയ്ക്കാൻ ആണോ നമ്മുടെ ഭാവം? അവരെ വിധിവൈപരീത്യത്തിലേക്കു തള്ളിയിടുകയാണോ? ചേർച്ചയില്ലാത്ത ഒരു സമൂഹം; പ്രതിഫലം ഇച്ഛിക്കാത്ത സൗജന്യദാനവും വാത്സല്യവും ശീലിക്കാത്ത സമൂഹം – അപരിചിതർക്കിടയിലും അത്രക്കുതന്നെ – അത്തരമൊരു സമൂഹം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതൊരു വഴിപിഴച്ച സമൂഹം ആയിത്തീരും. ദൈവവചനത്തോട് വിശ്വസ്തതയിൽ വർത്തിക്കുന്ന സഭയ്ക്കു അത്തരമൊരു അധഃപതനം അസഹനീയമാണ്. ബന്ധങ്ങളും സൗജന്യങ്ങളും ഇനിമേൽ അനിവാര്യമാണ് എന്ന കരുതൽ കൂടാതെയുള്ള ഒരു ക്രൈസ്തവസഭ ചേതന നഷ്ടപ്പെടുന്ന ഒരു സമൂഹമായിത്തീരും. വയോധികരെ ആദരിക്കാത്ത സമൂഹത്തിൽ യുവജനങ്ങളുടെ ഭാവിയും അവതാളത്തിലാകും.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*

# മനുഷ്യവംശത്തിന്റെ നിധി

## ഫ്രാൻസീസ് മാർപാപ്പ കുട്ടികളെക്കുറിച്ച്

***ദൗർഭാഗ്യവശാൽ അവർ ഒഴിവാക്കപ്പെടുന്നു; ജനിക്കാൻപോലും അവരെ അനുവദിക്കുന്നില്ല***

പ്രിയ സഹോദരീ സഹോദരന്മാരേ,

കുടുംബത്തിലെ വിവിധ അംഗങ്ങളെക്കുറിച്ച് – പിതാവ്, മാതാവ്, കുട്ടികൾ, സഹോദരങ്ങൾ, മുത്തച്ഛൻ, മുത്തശ്ശി – അവലോകനം ചെയ്തതിനുശേഷം ഞാൻ കുടുംബത്തെക്കുറിച്ചുള്ള ആദ്യഗണത്തിലെ ഈ പ്രബോധനം കുട്ടികളെക്കുറിച്ച് സംസാരിച്ച് അവസാനിപ്പിക്കാം എന്ന് വിചാരിക്കുന്നു: അതു ഞാൻ രണ്ട് ഘട്ടമായയാണ് വിഭാവനം ചെയ്യുന്നത്: ഇന്ന് മനുഷ്യകുലത്തിന്റെ വലിയ സമ്മാനമായ കുട്ടികളെക്കുറിച്ച് – അവർ മനുഷ്യകുലത്തിന്റെ ശ്രേഷ്ഠമായ സമ്മാനമാണ് എന്നതു വാസ്തവം ആണ്; എന്നാൽ അവർ യഥാർത്ഥത്തിൽ ഒഴിവാക്കപ്പെടുകയാണ് കാരണം, അവരെ ജനിക്കാൻപോലും അനുവദിക്കുന്നില്ല. അടുത്തതവണ ഞാൻ ബാല്യകാലത്തെ ദൗർഭാഗ്യവശാൽ ഹിംസിക്കുന്ന നിരവധി മുറിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. ഈ അടുത്ത കാലത്ത് ഏഷ്യയിൽ നടത്തിയ സന്ദർശനവേളയിൽ കണ്ടുമുട്ടിയ കുട്ടികളാണ് എന്റെ മനസ്സിൽ വരുന്നത്: വളരെ സജീവം, അത്യുൽത്സാഹത്തോടെ, എന്നാൽ മറുവശത്ത്, അവരിൽ പലരും വളരെ മോശമായ സാഹചര്യത്തിൽ ഈ ലോകത്ത് ജീവിക്കുന്നു... വാസ്തവത്തിൽ, കുട്ടികളെ എങ്ങനെ പരിഗണിക്കുന്നു എന്നതിൽ നിന്ന്, ധാർമ്മികമായി മാത്രമല്ല മാനവസമുദായശാസ്ത്രപരമായും, ആ സമൂഹം ഉത്പതിഷ്ണുവായ സമൂഹം ആണോ അല്ല, അന്താരാഷ്ട്ര താല്പര്യങ്ങൾക്കടിമയാക്കപ്പെട്ട സമൂഹമാണോ എന്ന് വിധി എഴുതുവാൻ കഴിയും.

ഒന്നാമതായി, നമ്മുടെ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ, നമ്മൾ മറ്റുള്ളവരുടെ ഔദാര്യത്തിലും സംരക്ഷണയിലും ആശ്രയിച്ചിരുന്നു എന്ന് കുട്ടികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവപുത്രനും ഈ ഘട്ടത്തിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നില്ല. എല്ലാവർഷവും ക്രിസ്തുമസ്സിന് നാം ധ്യാനിക്കുന്നത് ഈ രഹസ്യം ആണ്. പിറവിത്തിരുനാളിന്റെ ദൃശ്യങ്ങൾ പ്രത്യക്ഷമായും ഏറ്റം ലളിതമായും ഇതു വെളിപ്പെടുത്തുന്നു. ഇതു കൗതുകകരമാണ്: ദൈവത്തിന് തന്നെ കുട്ടികൾക്ക് മനസ്സിലാക്കി

കൊടുക്കുന്നതിന് പ്രയാസം ഇല്ല. കുട്ടികൾക്ക് ദൈവത്തെ മനസ്സിലാക്കുന്നതിനും പ്രയാസമില്ല. സുവിശേഷത്തിൽ "ചെറിയവരെ"കുറിച്ച് അനേകം മനോഹരവും ശക്തവുമായ വാക്കുകൾ ഉള്ളത് ആകസ്മികം അല്ല. "ശിശുക്കൾ" എന്ന പ്രയോഗം മറ്റുള്ളവരെ സഹായത്തിനായി ആശ്രയിക്കുന്ന എല്ലാവരെയും, പ്രത്യേകമാംവിധത്തിൽ, കുട്ടികളെയും ക്കുറിച്ചാണ്. ഉദാഹരണത്തിന്, യേശു പറയുന്നു: "സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിൽനിന്നും വിവേകികളിൽനിന്നും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു," (മത്താ. 11:25) വീണ്ടും: "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുകയാണ്" (മത്താ.18:10).

അങ്ങനെ ശിശുക്കൾ അവർക്കും മനുഷ്യകുലത്തിനും ഒരു നിധിയാണ്. അതുപോലെ സഭയ്ക്കും. എന്തെന്നാൽ അവർ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് ആവശ്യമായ ഉപാധികളെ നിരന്തരമായി ഓർമ്മയിൽ എത്തിക്കുന്നു: അതായതു നാം സ്വയം പര്യാപ്തർ എന്ന് പരിഗണിക്കാതെ, സഹായവും സ്നേഹവും മാപ്പും ആവശ്യമുള്ളവർ ആണ് എന്ന് ഓർമ്മിപ്പിക്കുന്നു. നമുക്ക് എല്ലാവർക്കും സഹായവും സ്നേഹവും മാപ്പും ആവശ്യമുണ്ട്! കുട്ടികൾ മറ്റൊരു മനോഹരമായ കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു നാം എപ്പോഴും മക്കൾ ആണ് എന്ന്. മുതിർന്ന ഒരാൾ ആയാലും, അഥവാ പ്രായമുള്ള ആൾ ആയാലും, ഒരാൾ ഒരു രക്ഷകർത്താവ് ആയാലും, ഉത്തരവാദിത്തമുള്ള ഒരു പദവിയിൽ എത്തിയാലും ഇതിന്റെ എല്ലാം അടിയിൽ ഒരു കുട്ടിയുടെ വ്യക്തിത്വം ഉണ്ട്. നാം എല്ലാവരും മക്കളാണ്. ഇതു നമുക്കുതന്നെ ജീവൻ നൽകിയതല്ല നമുക്കു ജീവൻ ലഭിച്ചതാണ് എന്ന വസ്തുതയിലേക്ക് നമ്മെകൊണ്ടെത്തിക്കുന്നു. ജീവിതത്തിൽ ചിലപ്പോൾ ഇതു മറന്നുപോകുന്ന അപകടത്തിൽ നാം ചെന്നുപറ്റാറുണ്ട്, അടിസ്ഥാനപരമായി നാം മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ് എന്ന വസ്തുത വിസ്മരിച്ച് നാം നമ്മുടെ നിലനിൽപിന്റെ യജമാന്മാരാണ് എന്ന് ചിന്തിക്കാറുണ്ട്. വാസ്തവത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഓരോഘട്ടത്തിലും, ഓരോ സാഹചര്യത്തിലും, ഓരോ സാമൂഹികപരിസ്ഥിതിയിലും, നാം മക്കളായി നിലകൊള്ളുന്നു എന്നതു വലിയ ആനന്ദത്തിന്റെ അനുഭവം ആണ്. അവരുടെ സാന്നിദ്ധ്യംകൊണ്ട് കുട്ടികൾ നൽകുന്ന പ്രധാന സന്ദേശം ഇതാണ്: അവരുടെ വെറും സാന്നിദ്ധ്യംകൊണ്ട് നാം ഓരോ

രുത്തരും എല്ലാവരും മകനോ മകളോ ആണെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു.

മനുഷ്യകുലത്തിന് കുട്ടികൾ കൊണ്ടുവരുന്ന നിരവധി സമ്മാനങ്ങളും, സമ്പന്നതയും ഉണ്ട്. അവയിൽ ചിലത് മാത്രം സൂചിപ്പിക്കാം.

വിശ്വാസവും നിർമ്മലമായ ദൃഷ്ടിയോടെ വാസ്തവം കാണാനുള്ള കഴിവും അവർ അവരുടെ വഴി കൊണ്ടുവരുന്നു. ഒരു കുട്ടിയ്ക്ക് തന്റെ പിതാവിനോടും മാതാവിനോടും സ്വഭാവേനയുള്ള വിശ്വാസം ഉണ്ട്. അവന് സ്വഭാവേന ദൈവത്തിലും, യേശുവിലും പരിശുദ്ധ മാതാവിലും വിശ്വാസം ഉണ്ട്. അതേസമയം അവന്റെ ആന്തരിക ഉറ്റുനോട്ടം ശുദ്ധമാണ്. വിദ്വേഷംമൂലമോ ഇരട്ടത്താപ്പുമൂലമോ, ഹൃദയത്തെ കഠിനമാക്കുന്ന "ചെതുമ്പൽ" മൂലം കളങ്കപ്പെട്ടതോ അല്ല. മൂലപാപംമൂലം കുട്ടികളും അടയാളം ഇടപ്പെട്ടവരാണ്, അവർ സ്വാർത്ഥബുദ്ധിയുള്ളവരാണെങ്കിലും വിശുദ്ധിയും ആന്തരിക ലാളിത്യവും സംരക്ഷിക്കുന്നു. എന്നാൽ കുട്ടികൾ നയകുശലർ അല്ല; അവർക്ക് അനുഭവപ്പെടുന്നത് അവർ കാണുന്നത് തുറന്നുപറയുന്നു. മറ്റുള്ളവരുടെ മുന്നിൽവച്ച്: "ഇത് എനിക്ക് ഇഷ്ടമല്ല, എന്തെന്നാൽ ചീത്തയാണ്" എന്ന് പറഞ്ഞ് പലപ്പോഴും അവർ തങ്ങളുടെ മാതാപിതാക്കളെ പ്രയാസത്തിൽ ആക്കുന്നു. കുട്ടികൾ അവർ കാണുന്നതുപറയുന്നു, അവർക്ക് ഇരട്ട മുഖം ഇല്ല, ദൗർഭാഗ്യവശാൽ പ്രായമായവർ പഠിച്ചിരിക്കുന്ന ഇരട്ടത്താപ്പിന്റെ ശാസ്ത്രം കുട്ടികൾ പഠിച്ചിട്ടില്ല.

എന്നുതന്നെയല്ല, കുട്ടികൾ അവരുടെ ആന്തരികലാളിത്യത്തിൽ ആർദ്രത സ്വീകരിക്കുന്നതിനും കൊടുക്കുന്നതിനുമുള്ള കഴിവ് കൊണ്ടുവരുന്നു. ബൈബിൾ പറയുന്നതുപോലെ "ശിലാ" ഹൃദയം അല്ല "മാംസള" ഹൃദയം (എസ. 36:26) ആണ്. ആർദ്രത കവിതയും ആണ്: അതു സംഭവങ്ങളെയും വസ്തുതകളെയും "അനുഭവിക്കുകയാണ്." അല്ലാതെ അവയെ വെറുംവസ്തുക്കളായി പരിഗണിക്കുകയല്ല, അവയെ ഉപയോഗിക്കുന്നതിനുമാത്രം; കാരണം അവയ്ക്ക് ഉപയോഗം ഉള്ളതുകൊണ്ട്...

കുട്ടികൾക്ക് പുഞ്ചിരിക്കുന്നതിനും കരയുന്നതിനുമുള്ള കഴിവ് ഉണ്ട്. ചിലർ, അവരെ ആശ്ലേഷിക്കുന്നതിന് കൈയ്യിൽ എടുക്കുമ്പോൾ പുഞ്ചിരിക്കും; മറ്റുള്ളവർ ഞാൻ വെള്ള വസ്ത്രം ധരിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുവാൻ പോകുന്ന ഡോക്ടർ ആണെന്ന് ധരിച്ച് അവർ കരയും... സ്വമേധയ! കുട്ടികൾ ഇങ്ങനെയാണ്: അവർ പുഞ്ചിരിയ്ക്കും കരയും, വളർന്നവരിൽ "അടിച്ചമർത്തിയിരിക്കുന്ന" രണ്ടുകാര്യങ്ങൾ, നമുക്കു കഴിവില്ലാതായിപോയ...

പലപ്പോഴും നമ്മുടെ പുഞ്ചിരി മരക്കഷണത്തിന്റെ ചിരിപോലെയാണ്, സ്ഥിരീകൃതമായ, സ്വഭാവികമല്ലാത്ത ഒരു പുഞ്ചിരി, തികച്ചും കൃത്രിമ മായ, ഒരു കോമാളിയെപ്പോലെ. കുട്ടികൾ സ്വാഭാവികമായി ചിരിക്കു കയും കരയുകയും ചെയ്യും. അത് എപ്പോഴും ഹൃദയത്തെ ആശ്രയിച്ച് ഇരിക്കുന്നു. പലപ്പോഴും നമ്മുടെ ഹൃദയം അടഞ്ഞിരിക്കുകയാണ്; ചിരി ക്കുവാനും കരയുവാനുമുള്ള കഴിവ് നഷ്ടപ്പെട്ടിരിക്കുന്നു. കുട്ടികൾ നമ്മളെ പുഞ്ചിരിക്കണം എന്നും കരയണം എന്നും വീണ്ടും പഠിപ്പി ക്കുന്നു. എന്നാൽ നാം നമ്മോടുതന്നെ ചോദിക്കണം: ഞാൻ സ്വാഭാ വികമായാണോ പുഞ്ചിരിക്കുന്നത്, കാപട്യമില്ലാതെ, സ്നേഹത്തോടെ, അഥവാ എന്റെ പുഞ്ചിരി കൃത്രിമമാണോ? എനിക്ക് ഇപ്പോഴും കരയു വാൻ കഴിയുന്നുണ്ടോ അഥവാ എന്റെ കരയുവാനുള്ള കഴിവ് നഷ്ട പ്പെട്ടുവോ? ഈ രണ്ട് വെറും മാനുഷിക ചോദ്യങ്ങളാണ് കുട്ടികൾ നമ്മെ പഠിപ്പിക്കുന്നത്.

ഈ കാരണങ്ങളാൽ യേശു തന്റെ ശിഷ്യന്മാരെ "ശിശുക്കളെ പോലെ ആകുവാൻ" ക്ഷണിച്ചു; എന്തെന്നാൽ സ്വർഗരാജ്യം അവരെ പ്പോലുള്ളവർക്കാണ് (cf. മത്താ. 18:3, മർക്കോ. 10:14).

പ്രിയ സഹോദരീ സഹോദരന്മാരേ, കുട്ടികൾ ജീവനും ഉൻമേഷവും, പ്രത്യേകതയും മാത്രമല്ല ക്ലേശങ്ങളും കൊണ്ടുവരുന്നു. അതാണു ജീവിതം. തീർച്ചയായും അവർ മനഃക്ലേശങ്ങളും ചിലപ്പോൾ അനേകപ്രശ്നങ്ങളും കൊണ്ടുവരും. എന്നാൽ കുട്ടികൾ ഇല്ലാത്തതു കൊണ്ട് ശോകമായതും ജരാനരബാധിച്ചതുമായ ഒരു സമൂഹത്തേ ക്കാൾ നല്ലത് ഈ മനഃക്ലേശങ്ങളും ഈ പ്രശ്നങ്ങളുമുള്ള സമൂഹ മാണ്! ഒരു സമൂഹത്തിലെ ജനനനിരക്ക് കഷ്ടിച്ച് ഒരു ശതമാനമാണ് എന്നു നാം കാണുമ്പോൾ, നമുക്കു പറയാൻ കഴിയും കുട്ടികൾ ഇല്ലാ ത്തതുകൊണ്ട് സമൂഹം മനഃക്ലേശമുള്ളതും ജരാനരബാധിച്ചതുമാ ണെന്ന്.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ*

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിയ്ക്കൽ എന്നീ ബഹു. വൈദികരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2015 സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിക്കുന്നതാണ്.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 13 മുതൽ 18 വരെയും 20 മുതൽ 25 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധന ദിനം**

സെപ്റ്റംബർ 13-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. മതബോധനത്തിലൂടെ വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ചേർന്ന് ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട റോയി വട്ടക്കാട്ടച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപതാ മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധന ദിനത്തോടനുബന്ധിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 13 മുതൽ 18 വരെയും 20 മുതൽ 25 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ബഹു. തോമസ് കോഴിമല MCBS അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാ നമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്.
3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2014 സെപ്റ്റംബർ മുതൽ 2015 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തുമുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
4. PPF -ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31-നു മുമ്പായി എവിടെ

യെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

## Appointment

**Rev. Fr. Siby Cheruthottil :** Director, Boy's Town Orphanage, Vicar, Boy's Town & Associate Director, WSSS (W.e.f. 02-8-2015)

## New Address

**Fr.Sijo George Edakkudiyil**

1 Cabbage Tree Lane, Fairy Meadow,
NSW 2519, Australia, Mob.+61451732589

# ANNUAL RETREAT FOR PRIESTS

## Ist Batch - 2015 September 13 Sunday to 18 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 24 | Kavalakkadan Varghese |
| 2 | Chakkittakudiyil James | 25 | Kavumkal Joseph |
| 3 | Chakkittukudy Jose | 26 | Keezheth Sebastian |
| 4 | Changanamthundathil George | 27 | Kizhakkumpuram George |
| 5 | Chempalayil Augustine | 28 | Kocharackal Jose |
| 6 | Chozhenparambil John | 29 | Kochuparackal Kurian |
| 7 | Elavanappara Sebastian | 30 | Koipuram Sebastian |
| 8 | Elemkunnel Sebastian | 31 | Kokkandathil John |
| 9 | Iykkarakkanayil Thomas | 32 | Koottala Paul |
| 10 | Kachirayil Thomas | 33 | Korattiparambil Vincent |
| 11 | Kakkattikalayil Sebastian | 34 | Kottackal Stephen |
| 12 | Kakkonal Manoj | 35 | Kottayil Joseph |
| 13 | Kalappura Alex | 36 | Koyikattil Thomas |
| 14 | Kalappura Jose | 37 | Kumbukal James |
| 15 | Kalappurayil Vincent | 38 | Kunnathett James |
| 16 | Kallumgatharayil Agustine | 39 | Kuttimakkal James |
| 17 | Kallupura Johny | 40 | Madapallikunnel Antony |
| 18 | Kappiarumalayil John | 41 | Madapallikunnel Mathew |
| 19 | Karukapally Joseph | 42 | Mampallil Anto |
| 20 | Kassamkuttiyil Sebastian | 43 | Mampallil George |
| 21 | Kattarath Mathew | 44 | Manjakunnel Mathew |
| 22 | Kattath Thomas | 45 | Maplassery Lukose |
| 23 | Kattuthuruthiyil Thomas | 46 | Moloparambil Jose |

47 Moolayil Thomas
48 Moothedath Mathew
49 Moothedath Thomas
50 Mulavelikunnel Jacob
51 Munjanattu Mathew
52 Muthirakalayil George
53 Muthukattil Shantidas
54 Nanthikatt Joseph
55 Nellickal Abraham
56 Nellikunnel Francis
57 Nilackappillil Augustine
58 Olickal Thomas
59 Ottaplackal Thomas
60 Padinjarayil George
61 Parambil Kuriakose
62 Parayil Sebastian
63 Pariyappanal Thomas
64 Peedikappara James
65 Perumattikunnel John
66 Perumattikunnel Thomas
67 Ponparackal John
68 Poothakkuzhy Jacob
69 Poovathinkal Peter
70 Plassanal Thomas
71 Pudussery Martin
72 Pulikuzhiyil Abraham
73 Pulinthanam Jose
74 Pullamkunnel Joy
75 Pulpayil Joseph
76 Punakkatt Chandy
77 Puthenpura John
78 Puthenpurayil Joseph
79 Thekkepera Mathew
80 Therakam George
81 Thykunnumpuram Thomas
82 Vadakkancheril Mathew
83 Vadayaparambil Sony
84 Valakodiyil Dominic
85 Valloppilly Joseph
86 Vazhakatt Joseph
87 Vazhakkalayil Jose
88 Venakuzhiyil Mathai

**Religious Priests**

1 Avangattu Joseph VC
2 Koovackal Jose PSDP
3 Moonnanal Francis CMI
4 Njavarakkatt Augustine CST
5 Poovakulath Jose SAC

## IInd Batch - 2015 September 20 Sunday to 25 Friday

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Ambalathara Francis |
| 3 | Athickal Mathew |
| 4 | Chelackapallil Thomas |
| 5 | Chembakkara James |
| 6 | Cheruthottil Paul |
| 7 | Chettaniyil Thomas |
| 8 | Chettiyassery Joseph |
| 9 | Choorapuzhayil John |
| 10 | Edakkudiyil Mathew |
| 11 | Edayakondattu Paul |
| 12 | Elamkunnapuzha Joseph |
| 13 | Elavunkal Johny |
| 14 | Elayidathu Mani |
| 15 | Kalambukattu Joseph |
| 16 | Kaliyaniyil Kuriakose |
| 17 | Kalliyatt Devassia |
| 18 | Kappiarumalayil Jose |
| 19 | Karuthedath Mathew |
| 20 | Kattamkottil Joseph |
| 21 | Kattamkottil Thomas |
| 22 | Kazhuthadiyil Mathew |
| 23 | Kizhakkanputhupally Varghese |
| 24 | Kochuparackal Mathew |
| 25 | Kollarthottam Mathew |
| 26 | Korandiyarkunnel Paul |

27 Kottaram Jose
28 Kulathinal James
29 Kulirany Jose
30 Kunnath Johny
31 Kuthukallunkal Francis
32 Kuttikattukunnel Thomas
33 Kuzhikandathil Joseph
34 Madathil Abraham
35 Madathil Sebastian
36 Malayil Mathew
37 Manakkunnel Thomas
38 Mangalam Thomas
39 Manikuttiyil Kurian
40 Mankottil James
41 Mannoor Thomas
42 Mavara Stanislaus
43 Mecheril Joseph
44 Mekkatt Philip
45 Meppurath Chacko
46 Moonnanal Justin
47 Mukkattukavunkal Thomas
48 Mulakudiyankal Varghese
49 Mundackal Jose
50 Mundackamattam Jose
51 Muthanikkattu Justin
52 Muthirakalayil Joseph
53 Muthukathaniyil Varghese
54 Nadukunnel Abraham
55 Nechikatt Joseph
56 Nedumkallel Joseph
57 Ousepparampil Joseph
58 Padinjarayil Mathew
59 Paikkatt Mathew
60 Painumkal George
61 Painumkal Kuriakose
62 Palackeel Sebastian
63 Palakatt Augustine
64 Palath Joseph
65 Pallichankudiyil Mathai
66 Parackal Varghese
67 Parunthanolil Thomas
68 Paruvummel Joseph
69 Periappuram Mathew
70 Perumattikunnel Mathew
71 Pinakkatt Joseph
72 Ponthottiyil Thomas
73 Pudussery Vincent
74 Punchayil Lucka
75 Punnakkapadavil Sebastian
76 Puthanapra Kurian
77 Puthukattil Mathew
78 Puthukulangara Thomas
79 Puthukulathil John
80 Thamarasseril Vincent
81 Thekkanady Jose
82 Therakam Thomas Joseph
83 Thondiparambil Joseph
84 Thondiparambil Sebastian
85 Thuruthel Joseph
86 Thuruthel Kuriakose
87 Thuruthel Thomas
88 Unnippally Sebastian
89 Vadakkemulanjanal Michael
90 Vadayaparambil Jose
91 Vathelil Abraham
92 Vattakkatt Paul
93 Vattukunnel Issac
94 Vazhachalil Thomas
95 Vazhakkala Chackochan
96 Vazhayil Kurian

**Religious Priests**

1 Kanjiramparambil Johny MSFS
2 Kulangara Jose TOR
3 Parekattil Baby TOR
4 Thottumkara Manoj O.Praem
5 Vadakkedath Saji MSFS
6 Vattakatt Thomas CMI

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2014 ഏപ്രിൽ മുതൽ 2015 ജൂൺ വരെ ലഭിച്ച തുകയുടെയും അതിൽ നിന്ന് ഇടവകകളിലേയ്ക്ക് വിതരണം ചെയ്ത തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇടവകകളിൽ നിന്നും വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് എടുത്ത പ്രത്യേക പിരിവ്, ഇടവകകളിൽ നിന്നും ലഭിച്ച മറ്റ് പൊതുപിരിവുകളുടെ ലിസ്റ്റിലാണ് കൊടുത്തിരിക്കുന്നത് ഓഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ ശ്രദ്ധിച്ചുകാണുമല്ലോ.

## EDUCATION AID FUND

| 5 % from Parish Feast | | |
|---|---|---|
| **SN** | **Parish** | **Amount** |
| 1 | Puthussery | 5000 |
| 2 | Vilambukandam | 5250 |
| 3 | Payyampally | 2000 |
| 4 | Prasanthagiri | 3000 |
| 5 | Mullenkolly | 50000 |
| 6 | Nadavayal | 15000 |
| 7 | Makkiyad | 10000 |
| 8 | Valery | 4750 |
| 9 | Chungakunnu | 10000 |
| 10 | Kavummannam | 5000 |
| 11 | Chulliyode | 5000 |
| 12 | Manimooly | 26720 |
| 13 | Kurumbalakotta | 1250 |
| 14 | Pattanikoopp | 5000 |
| 15 | Nilambur | 15000 |
| **Education Aid Fund - Special Doners** | | |
| 1 | Msgr. Mathew Madappallikunnel | 16000 |
| 2 | Alice Varkey | 10000 |
| 3 | Fr. Thomas Perumattikkunnel | 10000 |
| 4 | Anoop Nelliyaniyil | 3000 |
| 5 | Carmelgiri CMC School | 6000 |

| | | |
|---|---|---|
| 6 | Fr. Thomas Manakkunnel | 25000 |
| 7 | Hill Blooms School | 25000 |
| 8 | Norbertine Fathers | 5000 |
| 9 | Fr. Vincent Puthussery (Cosmo Pilgrimage) | 25000 |
| 10 | Binoy Joseph, Bathery | 15000 |
| 11 | Usha Babu | 1500 |
| 12 | Calvery Ashram Panavally | 5000 |
| 13. | SD Convent, Mananthavady | 500 |
| 14. | SD Convent, Kayakunnu | 500 |
| 15. | Prasad Nellikunnel | 50000 |
| 16. | Jose Kureethadam | 25000 |

## Disbursement list of Education Aid Fund 2014

| Name of the Parish | Amount | Name of the Parish | Amount |
|---|---|---|---|
| Adackathode | 4000 | Chungakkunnu | 4000 |
| Alatil | 4000 | Deepthigiri | 4000 |
| Ambalavayal | 4000 | Edayoorkunnu | 4000 |
| Ambayathode | 4000 | Edivanna | 4000 |
| Appapara | 4000 | Elapeedika | 4000 |
| Arinchermala | 4000 | Irulam | 4000 |
| Coonoor | 4000 | Jude's Mount | 4000 |
| Aruvankadu | 4000 | Kabanigiri | 4000 |
| Bavali | 1000 | Kallumukku | 4000 |
| Bekky | 4000 | Kalpra | 4000 |
| Boy's Town | 4000 | Kammana | 4000 |
| Burliar | 4000 | Karackamala | 4000 |
| Arattuthara | 4000 | Karani | 4000 |
| Charity | 4000 | Karimani | 3000 |
| Chengavallam | 4000 | Kartikulam | 4000 |
| Chennalode | 4000 | Kayyunni | 4000 |
| Cherukattoor | 3000 | Kelakam | 4000 |
| Chithragiri | 4000 | Kolavayal | 3000 |
| Chokkad | 4000 | Kommayad | 4000 |
| Chooralmala | 4000 | Kottathara | 4000 |
| Chulliyana | 4000 | Kottiyoor | 4000 |
| Chulliyode | 4000 | Kunnalady | 4000 |
| Chundakara | 4000 | Kurumani | 4000 |

| | |
|---|---|
| Kurumbala | 4000 |
| Kurumbalakotta | 4000 |
| Kuttimoola | 4000 |
| Lakkidi | 3000 |
| Machikolly | 4000 |
| Makkiyad | 4000 |
| Mananthavady (Cathedral) | 4000 |
| Mangalassery | 4000 |
| Marakavu | 2000 |
| Martin Nagar | 4000 |
| Marutha | 2000 |
| Meenangady | 4000 |
| Mooleppadom | 4000 |
| Muthireri | 4000 |
| Muttiyel | 4000 |
| Nadavayal | 4000 |
| Narivalamunda | 4000 |
| Neikuppa | 4000 |
| Nedumpala | 4000 |
| Nelliyodi | 4000 |
| Niravilpuzha | 4000 |
| Njarapadam | 4000 |
| Olivumala | 4000 |
| Padamala | 4000 |
| Padichira | 4000 |
| Palankara | 4000 |
| Palemad | 4000 |
| Panamchira | 4000 |
| Panavally | 4000 |
| Paralikunnu | 4000 |
| Parathottam | 4000 |
| Pathirippadam | 4000 |
| Pattanikoop | 4000 |
| Payyampally | 4000 |
| Pazhoor | 4000 |
| Pookkottumpadam | 3000 |
| Poolappadam | 4000 |
| Poroor | 4000 |
| Prasanthagiri | 4000 |
| Puthiyidom | 4000 |
| Puthiyidomkunnu | 4000 |
| Puthusserikadavu | 4000 |
| Puthussery | 4000 |
| Rippon | 2000 |
| Ruby Nagar | 2000 |
| Seethamount | 4000 |
| Sulthan Bathery | 4000 |
| Thalapuzha | 4000 |
| Thalanji | 4000 |
| Thavinjal | 4000 |
| Thelpara | 4000 |
| Thenery | 4000 |
| Thomattuchal | 4000 |
| Thonichal | 4000 |
| Thrikkaipetta | 1000 |
| Thrissilery | 4000 |
| Vadakkanad | 5000 |
| Vadapuram | 4000 |
| Vakery | 4000 |
| Valad | 4000 |
| Valiyakolly | 4000 |
| Vallikettu | 4000 |
| Vazhavatta | 4000 |
| Velloonni | 4000 |
| Vilambukandam | 4000 |
| Vythiri | 4000 |
| Yavanarkulam | 4000 |
| Vanjode | 4000 |
| Peria | 4000 |
| Valery | 4000 |
| Dharmagiri | 4000 |
| Arattupara | 4000 |

2015 മെയ് മാസത്തോടെ എല്ലാ ഇടവകകളിലേയ്ക്കും ചെക്ക്, Aid Disbursement Form എന്നിവ നൽകുകയുണ്ടായി. ഇതിൽ Aid Disbursement Form കുറേപ്പേർ പൂരിപ്പിച്ച് തിരികെ നൽകുകയുണ്ടായി. ഇനിയും തരാനുള്ളവർ എത്രയും വേഗം വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ഫാ. മനോജ് കവലക്കാടൻ**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

# വൈദികരുടെ മാസധ്യാനം

## നിലമ്പൂർ ഫൊറോന

നിലമ്പൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനവും വൈദികരുടെ കൂട്ടായ്മയും ആഗസ്റ്റ് 11-ാം തീയതി വിൻസെൻഷ്യൻ ആശ്രമത്തിൽവച്ച് നടത്തുകയുണ്ടായി. സുപ്പീരിയർ ബഹു. റോമുളൂസച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ച ശേഷം ധ്യാനചിന്തകൾ പങ്കുവച്ചു. ആരാധനയും കുമ്പസാരവും നടത്തി വൈദികർ പ്രാർത്ഥിച്ചു. തുടർന്ന് ഫൊറോന വികാരി ബഹു. പോൾ കൂട്ടാല അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി, ദീപിക പത്രത്തിന്റെ പ്രവർത്തനങ്ങൾ, പ്രമോഷൻ യൂണിറ്റ് രൂപീകരണം, ഏ.കെ.സി.സി.യുടെ രൂപീകരണം എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു. മേഖലയിലെ മതബോധന പ്രവർത്തനങ്ങളെക്കുറിച്ച് മേഖലാ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ സംസാരിച്ചു. മാതൃവേദി മേഖലാ ഡയറക്ടർ ബഹു. സജി പുതുകുളങ്ങര അച്ചൻ മാതൃവേദി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, സാഹിത്യമത്സരം, അഖണ്ഡജപമാല തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചു. യുവജനങ്ങൾക്കു വേണ്ടിയുള്ള ഒരു മേഖലാ ക്യാമ്പ് ആഗസ്റ്റ് 14, 15, 16 തീയതികളിൽ മൂലേപാടം ഇടവകയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു. ഡയറക്ടർ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചൻ നിർദ്ദേശങ്ങൾ നൽകി. മേഖലയിലെ മിഷൻലീഗ് പ്രവർത്തനങ്ങൾ ഡയറക്ടർ ബഹു. സെബിൻ ഐക്കരത്താഴത്ത് അച്ചൻ വിശദീകരിച്ചു. മേഖലാ സാഹിത്യമത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു. പൂളപ്പാടം, ഇടിവണ്ണ, വടപുറം ശാഖകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഭക്ഷണത്തിനുശേഷം ബഹു. സെബിനച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു സംസാരിച്ചു.

**ഫാ. സാന്റോ അമ്പലത്തറ** – സെക്രട്ടറി

## മുള്ളൻകൊല്ലി ഫൊറോന

ആഗോള കത്തോലിക്കാസഭ സമർപ്പിത വർഷമായി ആചരിക്കുന്ന വേളയിൽ മുള്ളൻകൊല്ലി ഫൊറോനയിൽപെട്ട പന്ത്രണ്ട് ഇടവകകളിലുള്ള മുഴുവൻ സമർപ്പിതരുടെയും ഒരു സമർപ്പിതസംഗമവും വൈദികരുടെ മാസധ്യാനവും ആഗസ്റ്റ് മാസം 14-ാം തീയതി രാവിലെ 9 മണി

മുതൽ രണ്ട് മണിവരെ മുള്ളൻകൊല്ലി ഫൊറോനാ ദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട ഫൊറോന വികാരി റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ ഏവർക്കും സ്വാഗതമോതി. വൈദികരും സമർപ്പിതരും പങ്കെടുത്ത സംഗമത്തിൽ ക്ലാസുകൾ നയിച്ചത് ബഹു. ഫാ. ജെയ്സൺ കാഞ്ഞിരപ്പാറ MCBS ഉം, മി. ടോമി പുറങ്ങാട്ടിൽ തനിയേരിയും ആയിരുന്നു. എഴുപതോളംപേർ സംഗമത്തിൽ പങ്കെടുത്തു. ക്ലാസുകൾക്കുശേഷം പൊതുവാരാധനയും കുമ്പസാരവും ഉണ്ടായിരുന്നു. പൊതുസമ്മേളനത്തിന്റെ മുഖ്യാതിഥിയായിരുന്നത് സപ്തതി നിറവിൽ ആയിരിക്കുന്ന ബഹു. തോമസ് ചേറ്റാനിയച്ചനായിരുന്നു. ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേലച്ചൻ പൊന്നാട അണിയിച്ച് അച്ചനെ ആദരിച്ചു. സമർപ്പിതരിൽ ഏറ്റവും സീനിയറായ ബഹു. ജോസ് മാനുവൽ SABS സിസ്റ്ററിനെയും ചടങ്ങിൽ ആദരിക്കുകയുണ്ടായി. സമ്മേളനത്തിന്റെ അവസാനം ബഹുമാനപ്പെട്ട ഫൊറോന വികാരി എല്ലാവർക്കും ഓരോ സമ്മാനങ്ങൾ കൊടുത്തുകൊണ്ട് സംഗമത്തിന്റെ മാറ്റുകൂട്ടി. ഉച്ചഭക്ഷണത്തോടുകൂടി സമർപ്പിതസംഗമം അവസാനിച്ചു. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ഒരു പുത്തൻ ഉണർവ്വും അനുഭവവുമായിരുന്നു.

**ഫാ. ജിനോ മേക്കാട്ട്** – സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2015 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതൃസംഘടനാംഗങ്ങൾ, സംഘടനാ ഭാരവാഹികൾ എന്നിവർക്കും ഹൃദ്യമായ നന്ദി. ഈ വർഷം 20516 പേർ 152 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോഗോസ് 2015 രൂപതാതലപരീക്ഷ**

2015 സെപ്തംബർ 27-ാം തീയതി ഉച്ച കഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ. എല്ലാ സെന്ററുകളിലും കൃത്യസമയത്തുതന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് ബൈബിൾ ക്വിസ് പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം ലോഗോസ് ബൈബിൾ ക്വിസ് പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമായിരിക്കണം നടത്തേണ്ടത്.

2. പരീക്ഷ സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്താണ് നടത്തേണ്ടത്. കേരളത്തിലെ എല്ലാ രൂപതകളിലും പരീക്ഷ ഒരേ സമയത്താണ് ക്രമീകരിച്ചിരിക്കുന്നത്.

3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ള

താണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരകടലാസിൽ രേഖപ്പെടുത്തുക.

5. ഉത്തരകടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻ ഫോമിലുള്ളതുപോലെ) ഇടവക, രജിസ്റ്റർ നമ്പർ, സെന്റർകോഡ്, പ്രായവിഭാഗം, തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.

6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിതിരുത്തുന്നത് അനുവദനീയമല്ല.

7. എ ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും ബി, സി, ഡി, ഇ, എഫ് വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.

8. പരീക്ഷാഹാളിൽ എ, ബി, സി, ഡി, ഇ, എഫ് വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽ തന്നെ ഇരുത്തുകയാണ് ഉത്തരകടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചു വാങ്ങാൻ എളുപ്പം.

9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തരപേപ്പറുകൾ A, B, C, D, E, F വിഭാഗങ്ങളായി തിരിച്ച് റജിസ്റ്റർ നമ്പർ അനുസരിച്ച് ക്രമമായി അടുക്കി ഒക്ടോബർ 03-ാം തീയതിക്കു മുൻപ് രൂപതാ കേന്ദ്രത്തിലെത്തിക്കണം.

10. രജിസ്ട്രേഷൻ ഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരു വിവരങ്ങൾ ഉള്ളത്. ഉത്തരകടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻഫോം തിരിച്ചുനൽകേണ്ടതാണ്. ഇതിലാണ് ഇടവകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്ത കുട്ടികളുടെ പേരിനുനേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

**സെപ്റ്റംബർ 13 മതബോധന ഞായർ**

സെപ്റ്റംബർ 13-ാം തീയതി നമ്മൾ മതബോധന ഞായർ ആഘോഷിക്കുന്നു. ഈശോ നമ്മെ ഏല്പിച്ച ഏറ്റവും വലിയ ഉത്തര വാദിത്വമായ വിശ്വാസപരിശീലനം കുറവ് കൂടാതെയും തെറ്റ് കൂടാതെയും നടത്തണമെന്ന് സഭാപിതാക്കന്മാർ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നു. മതബോധന ഞായർ ദിനം വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ കുട്ടികളെയും നമുക്ക് പ്രത്യേകമായി ഓർമ്മിക്കാം. ദൈവീക ദാനമാണ് മക്കൾ. മാതാപിതാക്കൾക്ക് ദൈവം നൽകുന്ന ദാനമായ മക്കളെ ദൈവഭയത്തിലും ദൈവസ്നേഹത്തിലും ഈശ്വര വിശ്വാസത്തിലും വളർത്തേണ്ടത് ഒന്നാമതായി മാതാപിതാക്കളുടെ തന്നെ കടമയാണ്. നമ്മൾ ജീവിക്കുന്ന ലോകത്തിൽ ദൈവീക ചിന്തയിൽ നിന്നും ആത്മീയ മേഖലയിൽ നിന്നും വഴിതെറ്റിക്കുന്ന സാഹചര്യവും വസ്തുക്കളും വ്യക്തികളും ഉണ്ട് എന്ന സത്യം തിരിച്ചറിഞ്ഞ് ദൈവ വിശ്വാസത്തിലും ദൈവാശ്രയത്തിലും ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും അവർക്കായി ഒരുക്കണം. അവരുടെ 'പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായ വചനവും' ജീവന്റെ നീർച്ചാലുകളായ കൂദാശകളും അവരെ പരിപോഷിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം. രൂപതയിൽ വിശ്വാസ പരിശീലനം നേടുന്ന എല്ലാ കുട്ടികൾക്കും നന്മകളും, ദൈവാനുഗ്രഹവും ലഭിക്കുവാനായി പ്രാർത്ഥിക്കുന്നു. രൂപതയിൽ വിശ്വാസ പരിശീലനത്തിൽ ഉൾചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും, പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**ബൈബിൾ നേഴ്സറി അധ്യാപക പരിശീലനം**

നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് ജൂലൈ 24, 25 തീയതികളിൽ ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു. പങ്കെടുത്ത അധ്യാപകർക്കും നേതൃത്വം നൽകിയ ശ്രീ. ബേബി ജോസഫ്, റവ.സി. ആൻസി തോമസ്

സി.എം.സി., റവ.സി. ഡെൽഫി സി.എം.സി. എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**HDC ഒന്നാം വർഷം**

ഈ വർഷം HDC യ്ക്ക് രജിസ്റ്റർ ചെയ്ത ഏവരേയും അഭിനന്ദിക്കുന്നു. ഒന്നാം വർഷക്കാരുടെ ക്ലാസുകൾ സെപ്റ്റംബർ 5-ന് ദ്വാരകയിലും, 19-ന് ബത്തേരിയിലും, 26-ന് അരുൾനിലയത്തും വച്ച് നടത്തപ്പെടുന്നതാണ്. സെപ്റ്റംബർ 12-ന്റെ ക്ലാസ് അന്ന് രൂപതാ പാസ്റ്ററൽ കൗൺസിൽ ആയതിനാൽ സെപ്റ്റംബർ 26-ലേയ്ക്ക് മാറ്റിയിരിക്കുന്നത് ശ്രദ്ധിക്കുക.

**+2 വിദ്യാർത്ഥി സംഗമം**

ഈ വർഷം +2 വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷത്തിലേതുപോലെ തന്നെ മേഖലാ തലത്തിൽ ക്രമീകരിച്ചിരിക്കുന്നു. സെപ്റ്റംബർ 20-ാം തീയതി മുതലുള്ള ഞായറാഴ്ചകളിലാണ് സംഗമം നടക്കുന്നത്. ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയതികൾ ശ്രദ്ധിക്കുക. അതേ ദിവസം തന്നെ സംഗമം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുക.

**റിസോഴ്സ് പേഴ്സൺസ് ട്രയിനിംഗ്**

മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന Resource persons ന് ഉള്ള ട്രയിനിംഗ് സെപ്റ്റംബർ 21-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ രാവിലെ 9.30 ന് തന്നെ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുക.

**+1 വിദ്യാർത്ഥി സംഗമം**

ഈ വർഷം +1 വിദ്യാർത്ഥികളുടെ സംഗമം മേഖലാ തലത്തിൽ നടത്തപ്പെടുന്നു. മേഖലാ റിസോഴ്സ് പേഴ്സൺസ് ടീം ആണ് ഈ സംഗമത്തിന് നേതൃത്വം നൽകുന്നത്. +1 ലെ മുഴുവൻ വിദ്യാർത്ഥികളും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. 11-ാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരും സംഗമത്തിന് എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ....

മേഖലാ സാഹിത്യമത്സര വിജയികൾക്ക് അഭിനന്ദനങ്ങൾ! മേഖലാ രൂപതാ സംസ്ഥാന കലാസാഹിത്യ മത്സരങ്ങളുടെ കാലമാണല്ലോ ഇനി വരുന്ന മൂന്നു മാസങ്ങൾ. ആയതിനാൽ ഒരു വ്യക്തിയുടെ സമഗ്രവളർച്ച ലക്ഷ്യമിടുന്ന ചെറുപുഷ്പ മിഷൻലീഗ് ഈ മാസത്തെ പഠന വിഷയമായി സ്വീകരിച്ചിരിക്കുന്നത് 'കല, സാഹിത്യം' എന്നതാണ്. കേരളസഭയുടെ ചരിത്രത്തിൽ കലാപരമായും സാഹിത്യ പരമായും വ്യക്തികളുടെ സൃഷ്ടിപരത വളർത്തുന്നതിൽ മിഷൻലീഗ് എന്നും മുൻപന്തിയിലാണ്. ഇന്ന് അറിയപ്പെടുന്ന സഭാത്മക സാഹിത്യകാരന്മാരും കലാകാരന്മാരുമെല്ലാം സി.എം.എൽ. സംഘടനയുടെ പൂന്തോട്ടത്തിൽ വളർന്ന് സൗരഭ്യം പരത്തുന്നവരാണ്. മതാധ്യാപകരും, സി.എം.എൽ. സീനിയേഴ്സും, ബഹു. സിസ്റ്റേഴ്സും, ബഹു. വൈദീകരും ചേർന്ന് കുഞ്ഞുമനസ്സിലെ കഴിവുകൾ കണ്ടെത്തി വളർത്തികൊണ്ടുവരുന്നു. പാടിപ്പിച്ചും, പ്രസംഗിപ്പിച്ചും, എഴുതിയുമൊക്കെ സാഹചര്യങ്ങളും അവസരങ്ങളുമൊരുക്കി ഓരോരുത്തരുടെയും വ്യത്യസ്തമായ എന്നാൽ ക്രിയാത്മകമായ കഴിവുകൾ കണ്ടെത്തുന്നു.

തുടർന്നുള്ള മാസങ്ങൾ വെറുമൊരു മത്സര കാലഘട്ടമല്ല. പലരിലും അന്തർലീനമായി കിടക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുവാനുള്ള മാസമാണ്. കഴിവുകൾ വികസിപ്പിച്ച് സമ്മാനങ്ങൾ കരസ്ഥമാക്കുന്നതോടൊപ്പം മറ്റു സമ്മാനാർഹരെ പ്രോത്സാഹിപ്പിക്കാനും പരിശ്രമിക്കണം. കഴിവുകൾ വളർത്തുന്നതോടൊപ്പം മിഷൻലീഗിന്റെ പ്രധാന ലക്ഷ്യമായ വ്യക്തിത്വവികസനം മറക്കരുത്. സംഘാടക സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിക്കുന്ന, വിധി നിർണ്ണയത്തെ അംഗീകരിക്കുന്ന, വിധികർത്താക്കളെ ആദരിക്കുന്ന, സഹമത്സരാർത്ഥികളെ ബഹുമാനിക്കുന്ന, വിജയ പരാജയങ്ങളെ ആത്മസംയമനത്തോടെ സ്വീകരിക്കുന്ന മനോഭാവത്തിലേയ്ക്ക് വളർന്നുവരണം. സഹമത്സാർത്ഥികളുടെ

പിഴവുകൾ ചൂണ്ടി കാണിക്കുമ്പോഴും വിധികർത്താക്കളെ കുറ്റം പറയുമ്പോഴും ഒരാളുടെയും വ്യക്തിത്വം വളരില്ല എന്നു മാത്രമല്ല, സർഗാത്മക കഴിവുകൾക്ക് പ്രോത്സാഹനവും ലഭിക്കില്ല.

ദൈവം നൽകിയ കഴിവുകളെ സഭാത്മകമായി ഉപയോഗിച്ച് സർഗാത്മകമായി വളരാനും, വ്യക്തിത്വം പരിപോഷിപ്പിക്കാനും പരിശ്രമിക്കാം... മത്സരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർക്ക് വിജയാശംസകൾ... വിധികർത്താക്കൾക്ക് നന്ദിയും ആശംസകളും... സഹായിക്കുന്നവർക്കും സഹകരിക്കുന്നവർക്കും അഭിനന്ദനങ്ങൾ... മത്സരാർത്ഥികൾക്ക് സർവ്വ ദൈവാനുഗ്രഹവും യാചിച്ചുകൊണ്ട്

സ്നേഹപൂർവ്വം, **ജോജോച്ചൻ**

**കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും**

പാലാ രൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**കുഞ്ഞേട്ടൻ ഭവൻ സന്ദർശനം**

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ സി.എം. എൽ. സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ വീട് സന്ദർശിച്ചു.

**സംസ്ഥാന ബൈബിൾ സാഹിത്യമത്സരം**

സംസ്ഥാനതല ബൈബിൾ സാഹിത്യമത്സരം സെപ്റ്റംബർ 21-ന് ദ്വാരകയിൽ വെച്ച് നടക്കുന്നു. മത്സരത്തിന് അർഹത നേടുന്ന എല്ലാ അംഗങ്ങളും സെപ്റ്റംബർ 20-ന് ദ്വാരകയിൽ എത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അഗ്നി 2015**

രൂപതാതല ജാഗരണ പ്രാർത്ഥന (അഗ്നി -2015) മേഖലാതല ഉദ്ഘാടനം ചെറുകാട്ടൂർ ശാഖയിൽ വെച്ച് സി.എം.എൽ. രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ നിർവ്വഹിച്ചു. നടവയൽ ഫൊറോന വികാരി റവ.ഫാ. ഷാജി മുളകുടിയാങ്കൽ വി.ബലിയർപ്പിച്ചു. സി.എം.എൽ. നടവയൽ മേഖലയിലെ വിവിധ ശാഖകളിൽ നിന്ന് 200 ഓളം അംഗങ്ങൾ സെപ്റ്റംബർ 14-ന് വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 15 ന് രാവിലെ 6 മണിക്ക് സമാപിച്ച ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. ജാഗരണ പ്രാർത്ഥനയ്ക്ക് നടവയൽ മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ് തേരകം, റവ.ഫാ. അനീഷ് ആലുങ്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. രൂപതാ സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ, മേഖലാ

പ്രസിഡണ്ട് തങ്കച്ചൻ മാപ്പിളകുന്നേൽ, ജോർജ് തെക്കേതൊട്ടിയിൽ, ശാഖ, മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം കൊടുത്തു.

**കൈയ്യെഴുത്തു മാഗസിൻ**

2015-16 വർഷത്തെ കൈയ്യെഴുത്തു മാഗസിൻ സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**മേഖലാ പ്രസിഡണ്ട്/സെക്രട്ടറി മീറ്റിംഗ്**

മേഖല പ്രസിഡണ്ട് സെക്രട്ടറി മീറ്റിംഗ് ഒക്ടോബർ 2-ന് ദ്വാരക യിൽ വെച്ച് ചേരുന്നു. മേഖലാ പ്രസിഡണ്ട്, സെക്രട്ടറിമാർ പങ്കെടുക്കു വാൻ ശ്രദ്ധിക്കുമല്ലോ.

**സംഭാവന കൂപ്പൺ**

സംഭാവനകൂപ്പൺ ഇനിയും തരാത്ത ശാഖകൾ സെപ്റ്റംബർ 21-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**മാസ റിപ്പോർട്ട്**

സി.എം.എൽ. സംഘടനാ പ്രവർത്തനത്തിന്റെ ശാഖ, മേഖല റിപ്പോർട്ടുകൾ തുടർന്നു വരുന്ന മാസത്തിന്റെ 15-ാം തീയതിക്കു മുമ്പായി എത്തിക്കുക. റിപ്പോർട്ടുകൾ തരാത്ത ശാഖകൾ പ്രത്യേക താല്പര്യം കാണിക്കണം.

**ലഹരിവിരുദ്ധസേനാ രൂപീകരണം**

എല്ലാ ശാഖകളിലും 10 പേർ അടങ്ങുന്ന ലഹരിവിരുദ്ധസേനാ രൂപീകരണം ഈ മാസം തന്നെ നടത്തുമല്ലോ. ലഹരിവിരുദ്ധസേന യുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ശാഖ എക്സിക്യൂട്ടീവ് ശ്രദ്ധി ക്കുമല്ലോ.

**G. K. ക്ലബ് രൂപീകരണം**

അതാത് മാസങ്ങളിലെ പഠന വിഷയങ്ങൾ കേന്ദ്രീകരിച്ച് പഠിക്കു വാനും, ഭാവിയിൽ PSC പരീക്ഷയ്ക്ക് ഒരുങ്ങുവാനും തക്കവിധം പൊതു വിജ്ഞാനം പഠിക്കാൻ ആഗ്രഹിക്കുന്നവരുടെ ചെറു ക്ലബുകൾ രൂപീ കരിക്കുക.

**ഫോൺ ഇൻ പ്രോഗ്രാം**

കലാസാഹിത്യം - എന്ന പഠനവിഷയത്തെ ആസ്പദമാക്കി സെപ്റ്റംബർ 27-ന് ഫോൺ ഇൻ പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 27-ന് വൈകുന്നേരം 3 മുതൽ 4 വരെ 04935 - 241017, 9496503055 എന്നീ നമ്പറിലേയ്ക്ക് വിളിക്കേണ്ട താണ്.

**സാഹിത്യ ശില്പശാല**

സംസ്ഥാന ബൈബിൾ സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കായി സാഹിത്യ ശില്പശാല ദ്വാരകയിൽ വെച്ച് നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും ശില്പശാലയിൽ പങ്കെടുക്കണം. തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**മേഖലാ വാർത്തകൾ**

**പുൽപ്പള്ളി**

വി. ജോൺ മരിയ വിയാനി തിരുന്നാളിനോടനുബന്ധിച്ച് മേഖലയിലെ എല്ലാ ഡയറക്ടേഴ്സിനും ആശംസാകാർഡ് അയച്ചു. അൾത്താരബാല സംഗമവും ദൈവവിളി സെമിനാറും നടത്തി. റവ.ഫാ. നോബിൾ പാറയ്ക്കൽ ക്ലാസ് നയിച്ചു.

**കല്പറ്റ**

കല്പറ്റ ഗവ.ഹോസ്പിറ്റലിൽ ഭക്ഷണ വിതരണം നടത്തി.

**നിലമ്പൂർ**

ചെയിൻ റോസറി നടത്തി.

**നടവയൽ**

സാഹിത്യശില്പശാല, യാക്കോബ് ശ്ലീഹായുടെ തിരുനാൾ, ദുക്റാന തിരുനാൾ എന്നിവ ആഘോഷമായി ആചരിച്ചു.

**ശാഖാ വാർത്തകൾ**

*പനമരം* :- ശാഖാവാർഷികം നടത്തി. നവജ്യോതി വൃദ്ധമന്ദിരത്തിൽ സി.എം.എൽ. അംഗങ്ങൾ അരി വിതരണം ചെയ്തു. ഏകദിന സെമിനാർ നടത്തി. പച്ചിലക്കാട്ട് എസ്.ജെ. ബ്രദേഴ്സ് നേതൃത്വം നൽകി.

*വാഴവറ്റ* :- സെന്റ് തോമസ് ഡേ ആഘോഷിച്ചു. ആരാധന നടത്തി.

*ചിത്രഗിരി* :- ബഹു. വികാരിയച്ചന്റെ ജന്മദിനം ആഘോഷിച്ചു.

*ചുള്ളിയോട്* :- ശാഖയിൽ സാഹിത്യ പരിശീലനം നടത്തി.

*കാവുംമന്ദം* :- 6 വർഷമായി തളർന്നു കിടന്ന ഗിരീഷിനെ സന്ദർശിക്കുകയും സാമ്പത്തീക സഹായം നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തു.

*കുറുമ്പാല* :- എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടിക്ക് കാഷ് അവാർഡ് നൽകുകയും പഠനസഹായം നൽകുകയും ചെയ്തു. സമർപ്പിത വർഷത്തോടനുബന്ധിച്ച് ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനെ ആദരിച്ചു.

*മംഗളം* :- ആദിവാസി കോളനിയിൽ വസ്ത്രം വിതരണം ചെയ്തു. സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്നവർക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.
*പാലാങ്കര* :- സാഹിത്യമത്സരത്തിന് പരിശീലനം നൽകി.
*വിളമ്പുകണ്ടം* :- തോമസ് നാമധാരികൾക്ക് ആശംസ നേർന്നു. ഏകദിന ധ്യാനം നടത്തി.
*വടപുറം* :- ദിവ്യകാരുണ്യ ആരാധന നടത്തി. സന്യാസസഭയെ പരിചയപ്പെടുത്തുന്ന 'സന്യാസികൾ' എന്ന പ്രോഗ്രാം നടത്തി.
*അമരക്കുനി* :- അർദ്ധദിന സെമിനാർ, എയ്ഞ്ചൽമീറ്റ് എന്നിവ നടത്തി. അപകടത്തിൽപ്പെട്ട സി.എം.എൽ. അംഗത്തിന്റെ ഭവനം സന്ദർശിച്ചു.
*മംഗലശേരി* :- മിഷൻക്വിസ് മത്സരം നടത്തി.
*നിലമ്പൂർ* :- രോഗീസന്ദർശനം ആരോഗ്യസംരക്ഷണം എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസ മത്സരം നടത്തി.
*പഴൂർ* :- വാഹനാപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന ഒരു വ്യക്തിക്ക് 500 രൂപ സഹായം നൽകി. എല്ലാ ചൊവ്വാഴ്ചയും 4 മുതൽ 5 മണിവരെ സി.എം.എൽ. അംഗങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.
*നെല്ലിയോടി* :- വി. അൽഫോൻസാമ്മയുടെ ഗ്രോട്ടോ വൃത്തിയാക്കി. വി. അൽഫോൻസാമ്മയുടെ കുർബാനയിലും നൊവേനയിലും സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.
*വാളാട്* :- സമർപ്പിതവർഷത്തെക്കുറിച്ച് സെമിനാർ നടത്തി.
*കാട്ടിക്കുളം* :- ബൈബിൾക്വിസ്, ഏകദിന ധ്യാനം, അനുദിന വിശുദ്ധരെ പരിചയപ്പെടുത്തൽ എന്നിവ നടത്തി.
*കേളകം* :- റവ.ഫാ. മാത്യു കറുത്തേടത്ത് കുട്ടികൾക്ക് ബൈബിൾ ക്വിസ് പരിശീലനം നടത്തി.
*കേണിച്ചിറ* :- SSLC യ്ക്ക് എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ 5 കുട്ടികളെ മെമന്റോ നൽകി ആദരിച്ചു.
*ചുള്ളിയാന* :- പള്ളിയും പരിസരവും മിഷൻലീഗ് അംഗങ്ങൾ വൃത്തിയാക്കി, ദുക്റാന തിരുനാൾ ആഘോഷങ്ങൾ നടത്തി.
*കരിമ്പിൽ* :- ശാഖാ സാഹിത്യ മത്സരം നടത്തി. സമർപ്പിതർക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.
*പോരൂർ* :- മിഷൻലീഗ് അംഗങ്ങൾക്കായ് ഏകദിന ധ്യാനവും, ഏയ്ഞ്ചൽ മീറ്റും സംഘടിപ്പിച്ചു.
*ദീപ്തിഗിരി* :- ജൂലൈ മാസത്തെ വിശുദ്ധരുടെ നാമധാരികളെ ആദരിച്ചു. PSC കോച്ചിംഗ് നടത്തുന്നു. വികാരിയച്ചന്റെ ജന്മദിനം ആഘോഷിച്ചു.

*ഇരുളം* :- ശാഖയിൽ അർദ്ധദിന സെമിനാർ നടത്തി. സിസ്റ്റേഴ്സ് നേതൃത്വം നൽകി. വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മ യുടെയും തിരുനാൾ സംയുക്തമായി ആഘോഷിച്ചു.

*അരിഞ്ചേർമല* :- സമർപ്പിതവർഷത്തെ ആസ്പദമാക്കി പ്രസംഗം നടത്തി. ലൈബ്രറി പുസ്തകം വിതരണം നടത്തി.

*പ്രശാന്തഗിരി* :- കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. 70 കുട്ടികൾ പങ്കെടുത്തു. വി. തോമാശ്ലീഹായുടെയും വി. യാക്കോബ് ശ്ലീഹായുടെയും തിരുനാളുകൾ ആഘോഷിച്ചു.

*പുതുശേരി* :- ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതരെ ആദരിച്ചു. ചുവർമാസിക, കൊളാഷ് നിർമ്മാണം, അൽഫോൻസാ ഗാർഡൻ ഇവ നിർമ്മിച്ചു.

*നടവയൽ* :- ദുക്റാന തിരുനാൾ വിവിധ കലാപരിപാടികളോടെ ആഘോ ഷിച്ചു. വി. കുർബാനയെക്കുറിച്ച് 5-7 ക്ലാസുകൾക്കും, 8-12 ക്ലാസിന് ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. ബഹു. സിസ്റ്റേഴ്സും , അദ്ധ്യ. ഷാജി തോമസും നേതൃത്വം നൽകി.

*കണിയാരം* :- സെന്റ് തോമസ് ഡേ സമുചിതമായി ആഘോഷിച്ചു. സി.എം.എൽ. രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ട ത്തിൽ സന്ദേശം നൽകി.

*കുറുമ്പാലക്കോട്ട* :- സംഭാവനയായി ലഭിച്ച തുക ഒരു പാവപ്പെട്ട വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായം നൽകി.

*മഞ്ഞൂറ* :- ആകസ്മികമായി വേർപിരിഞ്ഞുപോയ അമൽ തടത്തിൽ പുത്തൻപുരയ്ക്ക് ആദരാഞ്ജലികൾ നേർന്നു. രോഗീസന്ദർശനം നടത്തി.

*നരിവാലമുണ്ട* :- പഠനോപകരണങ്ങൾ കാഴ്ച സമർപ്പണം നടത്തി.

*നെടുമ്പാല* :- മാർഗ്ഗരേഖ പ്രകാശനം നടത്തി.

*ചൂരൽമല* :- സാഹിത്യ മത്സരത്തിന് പരിശീലനം നൽകി.

*വാകേരി* :- ഏകദിന സെമിനാർ നടത്തി.

*വഞ്ഞോട്* :- മാനന്തവാടി ഗവൺമെന്റ് ആശുപത്രി ഭാരവാഹികൾ സന്ദർശിക്കുകയും ഭക്ഷണം ഉണ്ടാക്കുന്നതിന് സഹായിക്കുകയും ചെയ്തു.

*പാൽച്ചുരം* :- വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 'അൽഫോൻസ ക്വിസ്' നടത്തി.

*പറളികുന്ന്* :- രോഗീസന്ദർശനം നടത്തി. രോഗീ സഹായം നൽകി.

*ഇടിവണ്ണ* :- ജപമാല സൈന്യം ക്യാൻസർ രോഗിക്ക് വേണ്ടി ജപമാല അർപ്പിച്ചു പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി.
*കല്ലോടി* :- ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് വൃക്ഷതൈ വിതരണം ചെയ്തു. മിഷൻലീഗ് അംഗങ്ങൾ ഇടവകയുടെ പ്രത്യേക നിയോഗാർത്ഥം 9 മണിക്കൂർ ആരാധന നടത്തി.
*ചാരിറ്റി* :- മിഷൻവോയ്സ് പ്രദർശിപ്പിച്ചു. ആധുനിക സമൂഹത്തിലെ കെണികൾ, പെരുമാറ്റശീലം എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തി.
*സീതാമൗണ്ട്* :- ഭവനനിർമ്മാണത്തിന് 2500 രൂപയും രോഗീസഹായ മായി 5000 രൂപയും നൽകി. ദുക്റാന തിരുനാളിനോട് അനുബന്ധിച്ച വി. തോമാശ്ലീഹായുടെ പിക്ച്ചർ പെയിന്റിംഗ് മത്സരം നടത്തി. ബഹു. ജോഷി അച്ചൻ കുട്ടികളുടെ വളർച്ചയെ സംബന്ധിച്ച് ക്ലാസ് നയിച്ചു.
*തരിയോട്* :- പ്രവർത്തനങ്ങളുടെ video clips, power point പ്രയോജന പ്പെടുത്തി മിഷനറിമാരെ കൂടുതൽ ബോധവത്ക്കരിച്ചു. ഡയറക്ടറുടെ നാമഹേതുകതിരുനാൾ ആഘോഷിച്ചു.
*ശാന്തിഗിരി* :- ഗായകസംഘം, അൾത്താരസംഘം എന്നിവർക്ക് പരിശീ ലനം നൽകി. ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ദേവാലയവും പരിസരവും വൃത്തിയാക്കി. വിവിധ കലാപരിപാടികളോടെ തിരുനാൾ ആഘോഷിച്ചു.
*പനംഞ്ചിറ* :- രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി രോഗികൾക്കായി പ്രാർത്ഥിച്ചു. സാഹിത്യസമാജ ഉദ്ഘാടനം, വൃക്ഷതൈ നട്ടുകൊണ്ട് നടത്തി.
*കയ്യൂന്നി* :- പ്രവൃത്തിദിനമായി ജൂലൈ 11 ആചരിച്ച് പൂന്തോട്ട നിർമ്മാ ണവും പരിസര ശുചീകരണവും നടത്തി. ജൂലൈ 12 പ്രാർത്ഥനാദിന മായും, ഉപവാസദിനമായും ആചരിച്ചു. സാഹിത്യസമാജവും, കലാമത്സര ങ്ങളും സംഘടിപ്പിച്ചു.
*ശിശുമല* :- ജപമാല സൈന്യം രൂപീകരിച്ചു. പഠനത്തിനും ഹാജറിനും സമ്മാനങ്ങൾ നൽകി. സാഹിത്യമത്സരം നടത്തി.
*കൊളവയൽ* :- സഭാവാർത്ത വായിച്ചു. ജൂലൈ മാസത്തിൽ പിറന്നാൾ ആഘോഷിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.
*ചെറുകാട്ടൂർ* :- ജാഗരണ പ്രാർത്ഥന, ജന്മദിനാശംസകൾ, പുഴയോര സംരക്ഷണം, സാഹിത്യശില്പശാല എന്നിവ നടത്തി. കൂടാതെ വസ്ത്ര ശേഖരണവും, നിത്യോപയോഗ സാധനങ്ങൾ, മരുന്ന് ശേഖരണം എന്നിവ നടത്തി.

**സ്നേഹപൂർവ്വം**

ചെറുപുഷ്പ മിഷൻലീഗ്, ഈശോയുടെ ഇഷ്ടത്തിനനുസരിച്ചുള്ള പ്രവർത്തനവുമായി ശാഖ മേഖല രൂപത ഭാരവാഹികൾ യാത്ര തുടരുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തനത്തിലും കലാമത്സരത്തിലും മുൻപന്തിയിൽ നമ്മൾ തന്നെയായിരുന്നു. മുൻവർഷങ്ങളിൽ നമുക്കു കിട്ടിയ നേട്ടങ്ങൾക്ക് കാരണം വൈദികരുടെയും, സന്യസ്തരുടെയും, അല്മായരുടെയും കഠിന പ്രയത്നമാണ്. ഈവർഷവും നമുക്കൊന്നിച്ച് പ്രവർത്തിക്കാം പ്രാർത്ഥിക്കാം പരിശ്രമിക്കാം. കലാമത്സരങ്ങളിൽ നന്നായി ഒരുങ്ങി പങ്കെടുക്കാം വിജയിക്കാം... അങ്ങനെ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ അനുഗ്രഹപ്രദമാക്കാം...

എന്ന് സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി.

# Department of Youth Ministry

**LIFE Academy at Kelakam**

കേളകത്ത് സെന്റ് ജോസഫ് ഇടവകയുടെ കെട്ടിടത്തിൽ ആരംഭിച്ച PSC Coaching സെന്ററിൽ ആരംഭത്തിൽ 28 പേർ ചേരുകയും 43 വിദ്യാർത്ഥികൾ ക്ലാസിൽ സന്നിഹിതരാവുകയും ചെയ്തു. ആറു മാസത്തെ പരിശീലനം കഴിഞ്ഞപ്പോൾ 21 വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി. പരിശീലനത്തിനായി എല്ലാവിധ സഹായങ്ങളും ചെയ്തുതന്ന സെന്റ് ജോസഫ് ഇടവകവികാരി ബഹു. മനോജ് കറുത്തേടത്ത് അച്ചനും, കേളകം സെന്ററിന്റെ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി.എം.സി, ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

LIFE Training

വിദ്യാർത്ഥികളെ Civil Service മേഖലയിലേക്കും State National Tests എഴുതാനുള്ള പരിശീലനത്തിനുമായി ആരംഭിച്ചിരിക്കുന്ന LIFE Training ൽ 24 വിദ്യാർത്ഥികൾ സജീവമായി പരിശീലനം നടത്തി വരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലുമാണ് ക്ലാസ്സുകൾ നടക്കുന്നത്.

**Higher Educational Opportunity Programme**

മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്ക് ഉന്നതപഠന സൗകര്യം നല്കി അവരെ ആത്മീയരായി സഹായിക്കാനായി ആരംഭിച്ചിരിക്കുന്ന സംരംഭത്തിൽ 20 യുവജനങ്ങൾക്ക് വിവിധ കോളേജുകളിൽ പ്രവേശനം നല്കി സഹായിക്കുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**പ്രചോദിനി 2015 വനിതാസംഗമം**

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവവനിതകൾക്കായി ഒരുക്കിയ വനിതാസംഗമം പ്രചോദിനി 2015 ഓഗസ്റ്റ്14 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. സി. അനിറ്റ് മരിയ CMC വചന പ്രതിഷ്ഠ നടത്തി. രൂപത സെക്രട്ടറി കുമാരി ഡെല്ല പുത്തൻകളത്തിൽ സ്വാഗതവും, വൈസ് പ്രസിഡണ്ട് കുമാരി സൻസി പൊട്ടയിൽ അദ്ധ്യക്ഷതയും വഹിച്ചു. രൂപത ആനിമേറ്റർ റവ. സി. ലിൻസാ എഫ്. സി. സി. ആമുഖപ്രഭാഷണം നടത്തി. വയനാട് എസ്. പി. അജിതാബീഗം ഐ. പി. എസ്. ഉത്ഘാടനം നിർവ്വഹിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. സിബിൻ പാലമൂട്ടിൽ, രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, അസി. ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത സിൻഡിക്കേറ്റ് അംഗം ലയന കണിയാംപടിക്കൽ എന്നിവർ ആശംസകളർപ്പിച്ചു. ലിറ്റി കൊച്ചുപുരക്കൽ യോഗത്തിന് നന്ദിയർപ്പിച്ചു.

കെ.സി.വൈ.എം. ന്റെ സാമൂഹിക പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് എസ്.പി. അഭിപ്രായപ്പെട്ടു. മാനന്തവാടി രൂപതയിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി 400 യുവതികൾ പ്രചോദിനിയിൽ പങ്കെടുത്തു. MPT Act ഭേതഗതി വരുത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ പ്രചോദിനി പ്രതിഷേധം അറിയിച്ചു. ജീവന്റെ സംസ്ക്കാരത്തിനു പകരം മരണസംസ്ക്കാരം വ്യാപിപ്പിക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിൻവാങ്ങണം എന്ന് അഭ്യർത്ഥിച്ചു. കേരള അക്കാദമി പ്രിൻസിപ്പാൾ ശ്രീമതി ഗ്രേസി ചിറ്റിനാപ്പള്ളി ക്ലാസുകൾ നയിച്ചു.

**ആനിമ 2015**

മേഖല യൂണിറ്റ് തലങ്ങളിൽ സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്ന ആനിമേറ്റേർമാരുടെ സംഗമം ഓഗസ്റ്റ് 14 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ദൗത്യനിർവ്വഹണത്തെകുറിച്ച്

സംസാരിച്ചു. ശ്രീ. ജോസ് പള്ളത്ത് ക്ലാസ്സ് എടുത്തു. 50 ആനിമേറ്റേഴ്സ് പങ്കെടുത്തു.

**മേഖല ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് സംഗമം**

മേഖലാതലത്തിൽ സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്ന മേഖല ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് സംഗമം REDDY- DIRECTORS & ANIMATORS MEET ജൂലൈ 30-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ ലാൽ പൈനുങ്കലച്ചന്റെയും റവ. ഫാ ഷിജു ഐക്കരക്കാനായിലച്ചന്റെയും സി. ലിൻസാ എഫ്.സി.സി. യുടേയും നേതൃത്വത്തിൽ നടന്നു. ഈ സംഗമത്തിൽ 12 പേർ പങ്കെടുത്തു.

**Freedom Debate 2015**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യൂണിറ്റുകളെ ശക്തിപ്പെടുത്തുക സാമൂഹിക അവബോധം യുവജനങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ Freedom Debate 2015 സെന്റ് മേരീസ് കാരക്കമല യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. Freedom Debate 2015 ന്റെ കോഡിനേറ്ററായി കെ.സി. വൈ.എം. State Syndicate Member ശ്രീ. ബിബിൻ ചെമ്പക്കരയും, വിഷയാവതരണം കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് സുബിൻ പാലമൂട്ടിലും നടത്തി. റവ.ഫാ. ബിജു തുരുത്തേൽ ഉത്ഘാടനം നടത്തി. CML മാനന്തവാടി രൂപതാ ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും, കെ.സി.വൈ.എം. രൂപതാ അസി. ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിലച്ചനും സമ്മാനദാനം നടത്തി. 1-ാം സമ്മാനം തരിയോടു യൂണിറ്റും 2-ാം സമ്മാനം കൊമ്മയാട് യൂണിറ്റും 3-ാം സമ്മാനം കല്ലോടി യൂണിറ്റും നേടി. കെ.സി.വൈ.എം. കാരക്കാമല യുണിറ്റിനും റവ.ഫാ. ബിജു തുരുത്തേലച്ചനും Freedom Debate 2015 വിജയകരമാക്കിതീർത്തതിന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

**പേൾ 2015 രൂപത കലാസാഹിത്യ മത്സരങ്ങൾ**
**(ഒക്ടോബർ 4, നവംബർ 10)**

2015 സാഹിത്യമത്സരങ്ങൾ ഒക്ടോബർ 4- ന് അതാതു മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും ഒക്ടോബർ 25 മുമ്പായി സമ്മാനർഹരായ സൃഷ്ടികൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

കലാമത്സരങ്ങൾ നവംബർ 10-ന് ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9-ന് ആരംഭിക്കുന്നു. മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 25- ന് മുമ്പ് കെ.സി.വൈ.എം.

ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒക്ടോബർ 25-ന് ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല. 2015 -ലെ അംഗത്വ ലിസ്റ്റിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ യോഗ്യതയില്ല.

വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കുവാൻ അനുവാദമുണ്ട്. രജിസ്ട്രേഷൻ ഫീസ് 30 രൂപയാണ്. വ്യക്തിഗത ഇനത്തിൽ വെവ്വേറെ ആവശ്യമാണ്. ഗ്രൂപ്പ് ഇനത്തിൽ ഓരോ വ്യക്തിക്കും 30 രൂപയാണ്. സാഹിത്യ മത്സരത്തിന് പ്രത്യേക രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. സെപ്റ്റബർ 15 ശേഷം അംഗത്വലിസ്റ്റ് പുതുക്കുന്നതിനോ ലിസ്റ്റിൽ പേരു ചേർക്കുന്നതിനോ അനുവദിക്കുന്നതല്ല.

**യുവഗാഥ – നിലമ്പൂരിൽ**

കെ.സി.വൈ.എം. നിലമ്പൂർ മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ 3 ദിവസത്തെ ക്യാമ്പിൽ 130 യുവജനങ്ങൾ പങ്കെടുത്തു. മേഖല ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കലച്ചനും മേഖല സമിതിക്കും മൂലേപ്പാടം ഇടവകാംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ക്ലാസ്സുകൾക്ക് സജിമോൻ ചേർത്തലയും, CML രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിലച്ചനും, കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കലച്ചനും നേതൃത്വം നല്കി.

**യുവജനദിനം തോമാട്ടുചാലിൽ**

തോമാട്ടുചാലിൽ വച്ച് നടത്തപ്പെട്ട യുവജനദിനത്തിൽ കെ.സി. വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കലച്ചൻ ക്ലാസ്സെടുത്തു. 60 യുവജനങ്ങൾ സന്നിഹിതരായിരുന്നു. വികാരി റവ.ഫാ ജോൺ പുതുക്കുളത്തിനും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ

**യൂണിറ്റ് വാർത്തകൾ**

**വാളേരി യൂണിറ്റ്**

യുവജന ദിനത്തോടനുബന്ധിച്ച് മാനന്തവാടി രൂപതാ കെ.സി. വൈ.എം. ന്റെ നേതൃത്വത്തിൽ യൂത്ത് ധമാക്ക- വാളേരി യൂണിറ്റിൽ വച്ച് നടത്തി. 45 യുവജനങ്ങൾ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും യൂണിറ്റ് അംഗങ്ങൾ വൃത്തിയാക്കി. അൽഫോൻസാമ്മയുടെ നാമധാരികൾക്ക് തിരുന്നാളിനോടനുബന്ധിച്ച് ആശംസാകാർഡും മധുരവും വിതരണം ചെയ്തു. 2015-16 വർഷത്തെ മാർഗ്ഗരേഖ തയ്യാറാക്കി.

**വടക്കനാട് യൂണിറ്റ്**

യുവജനദിനം ഇടവകയിൽ ആഘോഷിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ലാൽ പൈനുങ്കലച്ചൻ ദിവ്യബലി യർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. കിടപ്പുരോഗി കളായിരുന്നവരെ യൂണിറ്റ് അംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഫണ്ടു ശേഖരണാർത്ഥം യൂണിറ്റ് അംഗങ്ങൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ആക്രിസാധനങ്ങൾ ശേഖരിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

മാസത്തിലെ രണ്ടാം ശനിയാഴ്ചകളിൽ സെനറ്റ് കൂടുകയും ആനിമേറ്റർ സി. നിർമ്മല എസ്.എച്ച്.ന്റെ നേതൃത്വത്തിൽ പ്രാർത്ഥനാ കൂട്ടായ്മ നടത്തുകയും ചെയ്തു. യൂണിറ്റിൽ യുവജനദിനാഘോഷം നടത്തി. യുവജന ആത്മീയത എന്നവിഷയത്തെ ആസ്പതമാക്കി റവ. ഫാ. ജോസഫ് കൊല്ലംകളത്തിൽ ക്ലാസ്സെടുത്തു. പ്രസ്തുത സംഗമ ത്തിൽ 250 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**കല്ലോടി യൂണിറ്റ്**

ലോഗോസ് പഠനശിബിരത്തിന്റെ ഭാഗമായി 150 പേർക്ക് കെ.സി. വൈ.എം. അംഗങ്ങൾ ക്വിസ് പുസ്തകം വിതരണം ചെയ്തു. സൗജന്യ നേത്രചികിത്സാ ക്യാമ്പിനുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കി . യുവജ നസംഗമത്തിൽ ഇടവകയിലെ 250 യുവജനങ്ങൾ പങ്കെടുത്തു. വിയാ നിദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ഒത്തുചേർന്ന് വികാരിയച്ച നെയും കൊച്ചച്ചനെയും ആദരിച്ചു. മാസാദ്യവെള്ളിയാഴ്ചയിലെ ജാഗ രണപ്രാർത്ഥനയ്ക്കും വചനപ്രഘോഷണത്തിനും ശ്രീ. ഷാജി അടക്കാ ത്തോട് നേതൃത്വം നല്കി. 300 യുവജനങ്ങൾ പങ്കെടുത്തു. ദ്വാരക യിൽവച്ച് പ്രചോദിനി വനിതാസംഗമത്തിന് 12 പേർ പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

യുവജനദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി വി. കർബ്ബാന മധ്യേ കാഴ്ചസമർപ്പണം നടത്തി ലഭിച്ച തുക ദേവാലയനിർമ്മാണത്തി നായി നല്കി. യുവജന സെമിനാർ നടത്തി സെമിനാറിന് റവ.ഫാ. ഡൊമിനിക് വളകൊടിയിൽ നേതൃത്വം നൽകി.

**നിലമ്പൂർ യൂണിറ്റ്**

കെ.സി.വൈ.എം. നിലമ്പൂർ യൂണിറ്റ് സെന്റ് തോമസ് ദിനം ആഘോഷിച്ചു. യുവജനദിനാഘോഷം നടത്തി യുവജനങ്ങൾക്കായി ദിവ്യബലിയർപ്പിച്ചു. റവ. ഫാ. സാന്റോ അമ്പലത്തറ യുവജനസന്ദേശം നല്കി. പുതിയ കെ.സി.വൈ.എം. അംഗങ്ങളെ യൂണിറ്റിലേക്ക് സ്വാഗതം

ചെയ്തു. യുവജനങ്ങൾക്കുവേണ്ടി പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു.

**ചുള്ളിയോട് യൂണിറ്റ്**

ചുള്ളിയോട് യൂണിറ്റ് അംഗങ്ങൾ, പ്രസിഡണ്ട് അമൽ കളപുരയുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. യുവജന ദിനം സമുചിതമായി ആഘോഷിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ പൈനുങ്കലച്ചൻ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും യുനജനങ്ങൾക്കായി ക്ലാസ്സ് എടുക്കുകയും ചെയ്തു. അംഗങ്ങൾ ഒരുമിച്ച് ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു.

**പോരൂർ യൂണിറ്റ്**

ഇടവകയിലെ യുവജനങ്ങൾ ആത്മീയ നവീകരണത്തിന്റ ഭാഗമായി കുമ്പസാരിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു. പോരൂർ ഇടവകയിൽ പ്രവർത്തിക്കുന്ന സ്നേഹാലയം - വൃദ്ധസദനത്തിൽ വിറകു പെറുക്കി അടുക്കികൊടുത്ത് അവരെ സഹായിച്ചു.

**ചുള്ളിയാന യൂണിറ്റ്**

യൂണിറ്റ് സെനറ്റ് കൂടി ഈ വർഷം നിർവ്വഹിക്കേണ്ട കർമ്മ പദ്ധതികളെകുറിച്ച് ചർച്ച ചെയ്തു. യുവജനദിനത്തോടനുബന്ധിച്ച് ബഹു. ലിക്സൺ അച്ചന്റെ നേതൃത്വത്തിൽ ദിവ്യബലിയും, യുവജന പ്രസക്തിയെകുറിച്ച് സന്ദേശവും നല്കി. റവ. ഫാ. ജോസ് കാവുങ്കലച്ചൻ കെ.സി.വൈ.എം. അംഗങ്ങൾ ഇടവകയ്ക്ക് നല്കുന്ന സേവനങ്ങളെ വിലമതിക്കുകയും പരമാവതി നൻമകൾ സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയിലുള്ള അജ്ഞതമൂലം വിഷമിക്കുന്ന സാധാരണക്കാർക്കുവേണ്ടി ഒരു Help line ആരംഭിച്ചു.

**ചാരിറ്റി യൂണിറ്റ്**

യുവജനദിനത്തിൽ യൂണിറ്റ് അംഗങ്ങൾ ദിവ്യബലിയിൽ കാഴ്ച സമർപ്പണം നടത്തുകയും കാറോസൂസ പ്രാർത്ഥനകൾ ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അതിനുശേഷം കെ.സി.വൈ.എം. പതാക യുയർത്തി. മാതാപിതാക്കളുടെയും, സി.എം.എൽ. ന്റെയും സെമിനാറിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു.

**കാവുംമന്ദം യൂണിറ്റ്**

യുവജനദിനം ആഘോഷിച്ചു. അന്നേദിവസം കെ.സി.വൈ.എം. യൂണിറ്റ് അംഗങ്ങൾ വി. കുർബ്ബാനയ്ക്കും, ഗാനശുശ്രൂഷയ്ക്കും കാഴ്ചസമർപ്പണത്തിനും നേതൃത്വം നല്കി. കഴിഞ്ഞ 6 വർഷമായി

ഇടവകയിൽ തളർന്നു കിടക്കുന്ന ഗിരീഷിനെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്തു. എല്ലാ ആദ്യശനിയാഴ്ചകളിൽ യൂണിറ്റ് സെനറ്റും ആദ്യ ഞായറാഴ്ചകളിൽ ജനറൽ ബോഡി മീറ്റിഗും നടത്തി വരുന്നു.

**വെള്ളൂന്നി യൂണിറ്റ്**

യുവജനദിനത്തോടനുബന്ധിച്ച് ഇടവകയിൽ യുവജനങ്ങൾക്കായി പ്രത്യേകം ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഡയറക്ടർ റവ. ഫാ. ജെയ്സ് പൂതക്കുഴിയച്ചനോടും, ആനിമേറ്റർ സി. മേഴ്സിയോടുമൊപ്പം യൂണിറ്റ് ഭാരവാഹികൾ പഴൂർ സെന്റ് മാത്യൂസ് വൃദ്ധസദനം സന്ദർശിക്കുകയും നാല്പതോളം ബഡ്ഷീറ്റുകളും സോപ്പുകളും നല്കുകയും അവരോട് സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. ധ്യാനം കൂടിയ യൂണിറ്റ് അംഗങ്ങൾക്കുവേണ്ടി ബഹു. ഡയറക്ടറച്ചൻ follow up നല്കി. വാർഡുപ്രാർത്ഥനയിലും തിരുശേഷിപ്പു പ്രയാണത്തിലും ദിവ്യബലിയിലും യുവജനങ്ങൾ സജീവമായി പങ്കെടുക്കുന്നു.

**ഒലിവുമല യൂണിറ്റ്**

കെ.സി.വൈ.എം. ഒലിവുമല യൂണിറ്റ് യുവജനദിനം ആഘോഷിച്ചു. യുവജനങ്ങൾക്കായി ശ്രീ. സജിൻ ചാലിൽ സാർ അർദ്ധദിന സെമിനാർ നടത്തി. കല്പ്പറ്റയിലെ അഗതിമന്ദിരം സന്ദർശിച്ച് 2500 രൂപ സഹായം നല്കി. വചനവൃക്ഷ നിർമ്മാണത്തിൽ സഹായിച്ചു.

**എബിൻ മുട്ടപ്പള്ളി**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 2 മുതൽ 5 വരെ നടന്ന കോഴ്സിൽ 83 പേരും മണിമൂളി പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 45 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

സെപ്റ്റംബർ 6-9 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 9-12 - പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 25-28 - പാസ്റ്ററൽ സെന്റർ ദ്വാരക

**ഫാമിലി അപ്പോസ്റ്റലേറ്റ് ഫൊറോന ഡയറക്ടർമാർ, ആനിമേറ്റഴ്സ്, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്, വിമൻസ് കമ്മീഷൻ സെക്രട്ടറിമാർ, മാതൃവേദി മേഖലാ പ്രസിഡന്റുമാർ, രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് പ്രതിനിധികൾ, ഏകസ്ഥർ, എന്നിവരുടെ സംയുക്ത യോഗം**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 23-07-2015 -ന് ചേർന്ന യോഗത്തിൽ 35 അംഗങ്ങൾ പങ്കെടുത്തു. മാതൃവേദി രൂപതാ ആനിമേറ്റർ സി. കൃപ SABS പ്രാർത്ഥന നയിച്ചു. രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ സ്വാഗതം ആശംസിക്കുകയും വിഷയാവതരണം നടത്തുകയും ചെയ്തു. യോഗത്തിൽ 8 മേഖലാ ഡയറക്ടർമാരും 9 ആനിമേറ്റർമാരും പങ്കെടുത്തു. തുടർന്ന് വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. മാതൃവേദിയുടെ പുതിയ നിയമാവലി രൂപീകരണത്തെക്കുറിച്ചും ഉദ്യോഗസ്ഥരായ വീട്ടമ്മമാരുടെയും ഏകസ്ഥരുടെയും ലിസ്റ്റ് ഓരോ ശാഖയിൽ നിന്നും ശേഖരിച്ച് അവരുടെ രൂപതാതല സംഗമം നടത്തുന്നതിനെപ്പറ്റിയും പിതൃവേദി ആരംഭിക്കുന്നതിനെക്കുറിച്ചും ചർച്ച

ചെയ്തു. എല്ലാവർഷവും മികച്ച ശാഖ, മേഖല തെരഞ്ഞെടുപ്പ് നടത്തുന്നത് ഉചിതമായിരിക്കും എന്ന് ഡയറക്ടറച്ചൻമാർ നിർദ്ദേശിച്ചു. സെപ്റ്റംബർ മാസത്തിൽ അംഗത്വം പുതുക്കുന്നതിനേക്കുറിച്ചും സാഹിത്യ മത്സരം നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. സമ്മാനക്കൂപ്പൺ അടുത്തവർഷവും സംഘടിപ്പിക്കാൻ നിർദ്ദേശമുണ്ടായി. കലാമത്സരങ്ങൾ നടത്തുമ്പോൾ നിലവിലുണ്ടായിരുന്ന നാടകം, ബൈബിൾ ദൃശ്യാവതരണം എന്നിവ ഒഴിവാക്കി ബൈബിൾ സ്കിറ്റ് അവതരിപ്പിക്കാനും തീരുമാനിച്ചു. ശാഖ, മേഖല, രൂപത എന്നിവിടങ്ങളിൽ ഒരാൾ തന്നെ പ്രസിഡണ്ടായാൽ ശാഖയിലും മേഖലയിലും മറ്റൊരാളെ കണ്ടെത്തണമെന്നും തീരുമാനിച്ചു. മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി നന്ദിയർപ്പിച്ചു.

**നന്ദി സ്വാഗതം**

കഴിഞ്ഞ വർഷം തരിയോട് മേഖലാ ഡയറക്ടറായി സ്തുത്യർഹ സേവനം ചെയ്ത ബഹു അഗസ്റ്റിൻ ചേമ്പാലയച്ചന് ഹൃദ്യമായ നന്ദി. പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹു സജി കൊച്ചുപാറയ്ക്കൽ അച്ചന് സ്വാഗതവും വിജയാശംസകളും. മുൻ വർഷങ്ങളിൽ മേഖലാ ആനിമേറ്റർമാരായിരുന്ന റവ സി. ജോയി മേരി SABS (ചുങ്കക്കുന്ന്), റവ സി. സിസിൽ മരിയ SH (കല്ലോടി), സി. ട്രീസ പ്ലാത്തോട്ടം SH (കൽപറ്റ), സി.സിസിൽ FCC (മണിമൂളി), സി. ലിൻസ MSMI (ഗൂഡല്ലൂർ), സി. അഞ്ചലി SKD (പയ്യംപള്ളി) എന്നിവരെ നന്ദിയോടെ ഓർക്കുന്നു. മേഖലാ ആനിമേറ്റർമാരായി ഉത്തരവാദിത്വം ഏറ്റെടുക്കാൻ സന്മനസ് കാണിച്ച പ്രിയ സിസ്റ്റേഴ്സിന് നന്ദിയും പ്രവർത്തന വിജയവും ആശംസിക്കുന്നു. പുതിയ മേഖലാ ആനിമേറ്റർമാർ സി. അനിലിറ്റ് SH (ചുങ്കക്കുന്ന്), സി. ജിസ്സാ ജോർജ്ജ് FCC (മണിമൂളി), സി. സിസിലി മാത്യു MSMI (ഗൂഡല്ലൂർ), സി. ജെസ്ന FCC (കല്ലോടി), സി. ലില്ലി പുരയ്ക്കൽ SH (കൽപറ്റ), സി. മഹിത SABS (പയ്യംപള്ളി).

**സീറോമലബാർ മാതൃവേദി**
**സംസ്ഥാന ജനറൽ ബോഡി**

ജൂലൈ 30–ന് സീറോമലബാർ മാതൃവേദിയുടെ ജനറൽ ബോഡി യോഗവും പുതിയ നിയമാവലി പ്രകാശനവും ആലുവ കേന്ദ്ര ഓഫീസിൽ വച്ച് നടന്നു. ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കുടുംബ ജീവിതത്തിന്റെ തകർച്ചകൾ എങ്ങനെ

പരിഹരിക്കാം? അതിൽ അമ്മമാർ ശ്രദ്ധിക്കേണ്ടത് എങ്ങനെ? എന്ത്? എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകളും ചർച്ചകളും നടന്നു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് മാതൃവേദി രൂപതാ പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി, ശ്രീമതി റോസമ്മ മാന്ദംകരി (കൗൺസിലർ), രൂപതാ ആനിമേറ്റർ സി. കൃപ SABS എന്നിവർ പങ്കെടുത്തു.

**അംഗത്വ നവീകരണം**

മാതൃവേദി അംഗങ്ങൾ അവരുടെ അംഗത്വം പുതുക്കേണ്ട സമയമാണിത്. അംഗത്വ നവീകരണം കഴിയുന്നത്ര സെപ്റ്റംബർ മാസത്തിൽ തന്നെ പൂർത്തിയാക്കാൻ ശാഖാ നേതൃത്വം താൽപര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ശാഖയിലെയും നിലവിലുള്ള അംഗങ്ങളുടെ ലിസ്റ്റും പുതിയ അംഗങ്ങളെ ചേർക്കാൻ ഉണ്ടെങ്കിൽ അവരുടെ പേര്, വീട്ടുപേര്, ജനനതീയതി എന്നിവയാണ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 10/- രൂപയാണ്. അംഗത്വം പുതുക്കിയാൽ മാത്രമേ ഭാരവാഹി സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിലും കലാ സാഹിത്യ മൽസരങ്ങളിലും പങ്കെടുക്കാൻ സാധിക്കൂ.

**ശാഖാ മേഖലാ തിരഞ്ഞെടുപ്പുകൾ**

എല്ലാ ശാഖകളിലും ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഒക്ടോബർ മാസത്തിൽ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ കേന്ദ്രത്തിൽ താമസിയാതെ ഏൽപ്പിക്കണം. മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നവംബർ മാസത്തിലാണ് നടത്തേണ്ടത്.

**മികച്ച ശാഖ, മേഖല**

മുൻവർഷങ്ങളിലേതു പോലെ ഈ വർഷവും മികച്ച ശാഖയെയും മേഖലയെയും തിരഞ്ഞെടുക്കുന്നു. കഴിഞ്ഞ വർഷത്തെ മാനദണ്ഡങ്ങൾ അനുസരിച്ചു തന്നെയാണ് ഈ വർഷവും തിരഞ്ഞെടുപ്പ് നടത്തുക. മേഖലാതലത്തിൽ ഇടവകകളിൽ സന്ദർശനം നടത്തി മികച്ച ഇടവകയുടെ പേര് ഒക്ടോബർ അവസാനത്തോടെ രൂപതയിൽ എത്തിക്കണം. മേഖലാ ഭാരവാഹികൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ 2014 മുതൽ 2015 സെപ്റ്റംബർ 30 വരെയുള്ള പ്രവർത്തനകാലമാണ് വിലയിരുത്തുക.

**വനിതകൾക്കായുള്ള സാഹിത്യ രചനാ മത്സരങ്ങൾ**

കഴിഞ്ഞ വർഷങ്ങളിൽ നടത്തിയതു പോലെ ഈ വർഷവും വനിതകൾക്കായി മാതൃവേദിയും രൂപതാ വിമൻസ് കമ്മീഷനും

സംയുക്തമായി സാഹിത്യ രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി മേഖലയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവരുടെ രചനകൾ ഒക്ടോബർ ആദ്യവാരം രൂപതയിൽ എത്തിക്കണം. സമർപ്പിത വർഷമാണ് രചനകളുടെ കേന്ദ്ര വിഷയം. മൽസരങ്ങളുടെ സമയം ഒന്നര മണിക്കൂർ വീതമാണ്.

**മത്സര ഇനങ്ങളും വിഷയങ്ങളും ചുവടെ ചേർക്കുന്നു.**

**ഉപന്യാസം :** ലോകത്തെ ഉണർത്താൻ; ഉണർത്തുന്നവരാകാൻ. (ഉപന്യാസം എട്ട് പേജ്)

**കവിത :** അണയാത്ത ദീപങ്ങൾ (രണ്ടു പേജ്)

**കഥ :** താലന്തുകൾക്ക് പറയാനുള്ളത് (നാലു പേജ്)

**ചിത്ര രചന :** ഒരു സമർപ്പിത ശുശ്രൂഷാ രംഗം (ജലച്ചായത്തിന് ചാർട്ട് പേപ്പറിന്റെ 1/4 – ഭാഗമാണ് ഉപയോഗിക്കേണ്ടത്)

**ആനിമേറ്റർമാർക്ക് ഉപന്യാസ മത്സരം**

സമർപ്പിത വർഷത്തോടനുബന്ധിച്ച് മാതൃവേദി രൂപതാ ആനിമേറ്റർമാർക്കായി ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. (ഉപന്യാസം എട്ട് പേജ് കവിയാൻ പാടില്ല)

**വിഷയം:** സമർപ്പിത ജീവിതവും കാലാനുസൃതമായ മാറ്റങ്ങളും

(മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരും ഇടവകയും പേപ്പറിൽ എഴുതരുത്. ഫാൾസ് നമ്പർ നൽകി എഴുതിക്കുക.)

**കൽപ്പറ്റ മേഖല**

ആഗസ്റ്റ് 2-ന് കൽപ്പറ്റ ഡീപോൾ സ്കൂളിൽ വച്ച് മേഖലാ എക്സിക്യൂട്ടീവും ആനിമേറ്റേഴ്സ് സംഗമവും നടന്നു. മേഖലാ ഡയറക്ടർ ബഹു. തോമസ് പരുന്തനോലിൽ അച്ചൻ രൂപതാ നിർദ്ദേശങ്ങൾ വിശദീകരിച്ചു. ജൂബിലി ആഘോഷിക്കുന്ന അച്ചന് പ്രസിഡണ്ട് റോസമ്മ മാന്ദംങ്കരി ആശംസയും ഉപഹാരവും നൽകി. രൂപതാ കൂപ്പൺ വിറ്റ ശാഖകളെ അനുമോദിക്കുകയും വിറ്റ ശാഖകൾക്കുള്ള പ്രോൽസാഹന സമ്മാനം നൽകുകയും ചെയ്തു.

**കൽപ്ര**

ജൂലൈ 10-ന് യോഗം ചേർന്നു. ഡയറക്ടറച്ചന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. വെള്ളിയാഴ്ച്ചകളിലെ ബൈബിൾ വായനയക്ക് അമ്മമാർ നേതൃത്വം നൽകി വരുന്നു. സംഘടനയോട് ചേർന്ന് സ്വാശ്രയസംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഗൂഡല്ലൂർ മേഖലയിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി

ജൂലൈ 22-ന് അരുൾനിലയം പള്ളിയിൽ ചേർന്ന യോഗത്തിൽ വച്ച് മേഖലാ ജോ. സെക്രട്ടറിയായി ശ്രീമതി നീന പടിഞ്ഞാറെമുറി തിരഞ്ഞെടുക്കപ്പെട്ടു.

**വെള്ളൂന്നി**

ഇടവകയിൽ1-ാം തീയതി മുതൽ ആരംഭിച്ച അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണത്തിനും പ്രാർത്ഥനയ്ക്കും അമ്മമാർ നേതൃത്വം നൽകി. ഒരു ദിവസത്തെ നൊവേന മാതൃവേദി ഏറ്റെടുത്ത് നടത്തി. 18-ാം തീയതി അമ്മമാർ സ്നേഹതീരം ശുശ്രൂഷയിൽ പങ്കെടുക്കുകയും സമാഹരിച്ച പിടിയരി നൽകുകയും ചെയ്തു. 21- ന് കൊട്ടിയൂരിൽ നടന്ന മാതൃവേദി എക്സിക്ക്യൂട്ടിവ് മീറ്റിംഗിൽ 26 അമ്മമാർ പങ്കെടുത്തു.

**ഒലിവുമല**

ദുക്റാന തിരുനാളിനോടനുബന്ധിച്ച് നേർച്ച ഭക്ഷണം ഉണ്ടാക്കി നൽകി. 2 പാവപ്പെട്ട കുടുംബങ്ങൾക്ക് അരി നൽകി. കൽപ്പറ്റ ക്ലാരഭവൻ സന്ദർശിച്ച് ലഘുഭക്ഷണവും സംഭാവനയും നൽകി. ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിനായി 8500/- രൂപ നൽകി. ശാഖ ഡയറക്ടറച്ചന് നാമഹേതുകതിരുനാൾ ആശംസകൾ നേർന്നു. വി.അൽഫോൻസാമ്മയുടെ തിരുനാൾ ദിനം നേർച്ച ഭക്ഷണം നൽകി. എല്ലാ ദിവസവും ജപമാല ചൊല്ലി മദ്യപാനികൾക്കും സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

**കുറുമ്പാല**

ആഗസ്റ്റ് 1-ാം തീയതി മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ അമ്മമാർക്കുമായി ഒരു സെമിനാർ സംഘടിപ്പിച്ചു. മതബോധന ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികളുടെയും അമ്മമാർ സന്നിഹിതരായിരുന്നു. ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാ റിസോഴ്സ് ടീം അംഗം ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ് നയിച്ചു. ബഹു. മത്തായി അച്ചൻ സ്വാഗതം ആശംസിച്ചു. മേഖല ആനിമേറ്റർ സി. ആൻസി ജോസ് നന്ദി പറഞ്ഞു. ഈ ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് മാതൃവേദി അംഗങ്ങൾ സഹായം നൽകി.

**കാവുമന്ദം**

മാതൃവേദി അംഗങ്ങൾ സമർപ്പിതർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. 20-ന് ഭാരവാഹികളും കുടുംബാംഗങ്ങളും ചേർന്ന്

തളർന്ന് കിടക്കുന്ന ഒരു രോഗിക്ക് വേണ്ടി പ്രാർത്ഥിച്ചു. ലോഗോസിന് ഒരുക്കമായി വചനപരീക്ഷ നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. വി. അൽഫോൻസ വാർഡിലെ അമ്മമാർ കാഴ്ച്ച സമർപ്പിക്കുകയും തിരുനാളിന് എല്ലാവർക്കും ഉണ്ണിയപ്പം നൽകുകയും ചെയ്തു.

**നടവയൽ**

ജൂലൈ 5-ന് യോഗം ചേർന്നു. വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചർച്ച നടത്തുകയും ചെയ്തു. ഇടവകയിലെ മുഴുവൻ വാർഡുകളെയും കുറിയിട്ട് പ്രാർത്ഥിക്കാൻ കൊടുത്തു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

സീയോൻ ശുശ്രൂഷകരുടെ ധ്യാനസമാപന ദിവസം (31–7–15 ന്) 2 മണിയോടെ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സോണൽ മീറ്റിംഗ് ആരംഭിച്ചു. പരസ്പര സ്നേഹകൂട്ടായ്മ ശക്തിപ്പെടുത്തുവാൻ, കുറവിനെക്കാൾ മറ്റുള്ളവരുടെ നന്മകാണുവാൻ നന്മ പറയുവാൻ ശ്രദ്ധിക്കണമെന്നും, ആത്മാവിൽ ദൈവസാന്നിധ്യം അനുഭവിച്ച് സ്തുതിച്ച് പ്രാർത്ഥിക്കണമെന്നുമുള്ള ചിന്തകൾ അച്ചൻ പങ്കുവച്ചു. സീയോന്റെ ഭാവിശുശ്രൂഷയെക്കുറിച്ച് ചർച്ച നടത്തി 4 മണിയോടെ മീറ്റിംഗ് അവസാനിപ്പിച്ച് ആദ്യശനി ഒരുക്കശുശ്രൂഷകൾക്കായി എല്ലാവരും പോയി.

**ജാഗരണ പ്രാർത്ഥന**

സീയോൻ ജാഗരണ പ്രാർത്ഥന 6.30 ന് ജപമാലയോടെ ആരംഭിച്ചു. വി.കുർബാന അർപ്പിച്ച് വചനസന്ദേശം നൽകപ്പെട്ടു. 12 മണി വരെയുള്ള ജാഗരണ പ്രാർത്ഥനയ്ക്കുശേഷം എല്ലാവരും വിശ്രമത്തിനായി പിരിഞ്ഞു.

**ആദ്യശനി ഏകദിന കൺവെൻഷൻ**

പ്രഭാതത്തിലെ പ്രാർത്ഥനാ ശുശ്രൂഷകൾ 6 മണിയോടെ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം ഒരുക്ക ശുശ്രൂഷകൾ നടത്തി. സപ്ര, ജപമാല, സ്തുതിപ്പ് എന്നിവയ്ക്കു ശേഷം ബഹു. ജോൺ പുതുക്കുളം അച്ചൻ കൺവെൻഷന് നേതൃത്വം നൽകി. ഫാ. മാത്യു മൂത്തേടത്ത്, ഫാ. സോണി വാഴകാട്ട്, ഫാ. മൈക്കിൽ വടക്കേമുളഞ്ഞനാൽ, ഫാ. ജോജോ ചങ്ങനാംതുണ്ടം, ഫാ. ജോസഫ് നെച്ചിക്കാട്ട് എന്നീ വന്ദ്യവൈദികർ ബഹു. ജോണച്ചനോടൊപ്പം സഹശുശ്രൂഷകരായി. കൺവെൻഷന് കുമ്പസാരിപ്പിക്കുവാൻ 12 വൈദികർ സന്നിഹിതരായിരുന്നു. അനുഭവസാക്ഷ്യം, സൗഖ്യാരാധന, സ്പിരിച്ചൽ ഷെയറിംഗ് എന്നിവയ്ക്കുശേഷം ദൈവജനം വീടുകളിലേയ്ക്ക് മടങ്ങി.

**ശുശ്രൂഷകരുടെ ധ്യാനം**

"ആരെയാണ് ഞാൻ അയയ്ക്കുക. ആരാണ് നമുക്കുവേണ്ടി പോകുക? അപ്പോൾ ഞാൻ പറഞ്ഞു. ഇതാ ഞാൻ, എന്നെ അയയ്ക്കുക" (ഏശയ്യ 6/8). സീയോൻ ടീം അംഗങ്ങൾക്കുവേണ്ടിയുള്ള ധ്യാനം ജൂലൈ 26 മുതൽ 31 വരെ കെ.എസ്.ടി. വൈസ് ചെയർമാൻ ബ്രദർ പി.വി. അഗസ്റ്റിന്റെ (ഇടുക്കി തങ്കച്ചൻ) നേതൃത്വത്തിൽ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. കെ. എസ്. ടി. ചെയർമാൻ റവ.ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളി, റവ.ഫാ. വർഗീസ് മുണ്ടക്കൽ OFM Cap സി. ജെസ്‌ലിൻ MSMI എന്നിവർ വചനം പങ്കുവച്ചു. 89 പേർ ധ്യാനത്തിൽ സംബന്ധിച്ച് അഭിഷേകം സ്വീകരിച്ചു.

**ദമ്പതീകൂട്ടായ്മ**

രണ്ടാംശനി - ദമ്പതീകൂട്ടായ്മ 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. ഹോളിട്രിനിറ്റി സഭാംഗമായ ഫാ. ജെയ്സൺ കൊളംപള്ളി ഈ ദിനത്തിലെ ശുശ്രൂഷകൾ നയിച്ചു. "എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുവിൻ" (1 തെസ. 5/16) ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ വചനം വ്യാഖ്യാനിച്ച് അച്ചൻ സന്ദേശം നൽകി.

**യുവജനദിനം**

രണ്ടാം വെള്ളിയാഴ്ച ജീസസ് യൂത്ത് ഒരുമിച്ച് 12 മണിവരെ ജാഗരണ പ്രാർത്ഥന നടത്തി. രണ്ടാം ശനിയാഴ്ച രാവിലെ യുവജനങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങി ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ടിന്റെ നേതൃത്വത്തിൽ ശുശ്രൂഷകൾ ആരംഭിച്ചു. വി.കുർബാന, ആരാധന, Praise & Worship, ഷെയറിംഗ് എന്നിവയ്ക്കുശേഷം 3.30 ന് ശുശ്രൂഷകൾ അവസാനിപ്പിച്ചു.

**രണ്ടാംശനി - സ്പിരിച്വൽ ഷെയറിംഗ് (കൗൺസിലിംഗ്)**

ഓഗസ്റ്റ് 7-ാം തീയതി ആത്മീയ ശുശ്രൂഷകർ ഒരുമിച്ച് പ്രാർത്ഥിച്ച് ഒരുങ്ങുകയും പിറ്റേദിവസം 92 പേർക്ക് സ്പിരിച്വൽ ഷെയറിംഗ് കൊടുത്ത് ആത്മീയവും മാനസികവുമായ പ്രതീക്ഷയിലേയ്ക്കും വിശ്വാസത്തിലേയ്ക്കും നയിക്കുകയും ചെയ്തു.

**തൂവാനീസ കൂട്ടായ്മ**

യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ 14-8-15 രണ്ടാംവെള്ളി സീയോൻ ചാപ്പലിൽ വച്ച് നടന്നു. വി.കുർബാന, കുമ്പസാരം, ആരാധന എന്നിവയ്ക്കുശേഷം ഉച്ചകഴിഞ്ഞ് 3 മണിവരെ ശ്രീമതി എൽസി കുളത്തിങ്കൽ വചനം പങ്കുവച്ച് ശുശ്രൂഷകരെ ഉണർവ്വുള്ളവരാക്കി. 38 പേർ കൂട്ടായ്മയിൽ പങ്കെടുത്തു.

**സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനു വേണ്ടി മാത്രമുള്ള പ്രാർത്ഥനാദിനം ഓഗസ്റ്റ് മാസം 22-ന് നടത്തപ്പെട്ടു. ബഹു. സോണി വാഴകാട്ട് അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു. ജപമാല, വി.കുർബാന, ആരാധന, സ്പിരിച്ച്വൽ ഷെയറിംഗ് എന്നിവ ഉണ്ടായിരുന്നു. പ്രാർത്ഥനാദിനത്തിൽ 30 സിസ്റ്റേഴ്സ് പങ്കെടുത്തു. അടുത്ത പ്രാർത്ഥനാദിനം സെപ്റ്റംബർ 19-ന് ശനിയാഴ്ച.

**സിയോൻ സെപ്റ്റംബർ മാസത്തിൽ**

| | |
|---|---|
| സെപ്റ്റംബർ 4 | - സോണൽ മീറ്റിംഗ് |
| സെപ്റ്റംബർ 5 ആദ്യശനി | - ഏകദിന കൺവെൻഷൻ |
| സെപ്റ്റംബർ 12 രണ്ടാംശനി | - ദമ്പതീകൂട്ടായ്മ |
| | - യുവജനദിനം |
| | - സ്പിരിച്ച്വൽ ഷെയറിംഗ് |
| സെപ്റ്റംബർ 18 മൂന്നാം വെള്ളി | - ജാഗരണ പ്രാർത്ഥന |
| സെപ്റ്റംബർ 19 മൂന്നാം ശനി | - സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| സെപ്റ്റംബർ 26 നാലാം ശനി | - സൗഖ്യദിനം |
| സെപ്റ്റംബർ 27 ഒക്ടോബർ 1 | - ആന്തരിക സൗഖ്യധ്യാനം |

**ഫാ. മാത്യു മൂത്തേടത്ത്**
ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ...

"മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"

സെപ്റ്റംബർ മാസം വിൻസെൻഷ്യൻ പ്രവർത്തകർക്ക് ഏറ്റവും മഹത്വപൂർണ്ണമായ മാസമാണല്ലോ. സെപ്റ്റംബർ 5 വാഴ്ത്തപ്പെട്ട മദർ തെരേസ, സെപ്റ്റംബർ 8 പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ, സെപ്റ്റംബർ 9 നമ്മുടെ സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുനാൾ, സെപ്റ്റംബർ 27 സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡിപോൾ തിരുനാൾ.

സെപ്റ്റംബർ 9-ാം തീയതി വിൻസെൻഷ്യൻ പ്രവർത്തകർ അവരവരുടെ ഇടവകകളിൽ ദിവ്യബലിയിൽ പങ്കെടുത്ത് ലോകമെമ്പാടുമുള്ള പാവപ്പെട്ടവരേയും യാതനകൾ അനുഭവിക്കുന്നവരേയും സമർപ്പിച്ച് അവരുടെ ക്ഷേമത്തിനും സൗഖ്യത്തിനും വേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കൂടാതെ ആത്മീയോപദേഷ്ടാക്കളുടെ സാന്നിദ്ധ്യത്തിൽ ദത്തുകുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്യാനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. സെപ്റ്റംബർ 27-ാം തീയതി നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സിസി യോഗം**

2015 ആഗസ്റ്റ് 8-ാം തീയതി സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അധ്യക്ഷനായി സിസി ആത്മീയോപദേഷ്ടാവ് ബഹു. റവ. ഫാ. വർഗീസ് മുളകുടിയാങ്കൽ സാന്നിദ്ധ്യത്തിൽ ഓസാനാംഭവനിൽ വെച്ച് സിസി യോഗം ചേർന്നു.

സിസി യോഗത്തിൽ ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ തന്റെ സന്ദേശത്തിൽ വിൻസെൻഷ്യൻ

പ്രവർത്തനം മറ്റുള്ളവയിൽ നിന്നും വേറിട്ടുള്ളവയാണെന്നും ആകയാൽ ഓരോ വിൻസെൻഷ്യൻ പ്രവർത്തകരും "ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും" ആയി മാറണമെന്നും ഊന്നിപറഞ്ഞു.

ബ്രദർ തോമസ് മാങ്ങൻ തന്റെ അദ്ധ്യക്ഷ സന്ദേശത്തിൽ നിലവിൽ ഓസാനാം ഭവൻ നേരിടുന്ന പ്രതിസന്ധികളെ വിവരിച്ചുകൊണ്ട് അവയെ തരണം ചെയ്യുന്നതിനുള്ള ഉപാധികളെക്കുറിച്ച് ആരാഞ്ഞുകൊണ്ട് തീരുമാനങ്ങളിൽ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.

**തീരുമാനങ്ങൾ**

1. എല്ലാ കോൺഫറൻസ് അംഗങ്ങളും ഒരു ദിവസം ഒരു രൂപ വീതം ഓസാനാം ഭവൻ ഫണ്ടിലേയ്ക്ക് സ്വരൂപിക്കാനും മാസത്തിൽ ഒരിക്കൽ ഈ തുക ഏസി പ്രസിഡണ്ട്മാർ കലക്ട് ചെയ്ത് സിസിയിൽ വീഴ്ചകൂടാതെ എത്തിക്കേണ്ടതുമാണ്.
2. കോൺഫറൻസ് തലത്തിൽ 10000 (പതിനായിരം) രൂപ സ്വരൂപിച്ച് ഏസി മുഖേന 2015 ഒക്ടോബർ 30-ാം തീയതിക്ക് മുമ്പായി സിസിയിൽ എത്തിക്കുക.
3. ഏസി തലത്തിൽ 2015 ഒക്ടോബർ മാസത്തിൽ ഓസാനാംഭവൻ ഫണ്ടിലേയ്ക്ക് കളക്ഷൻ ചെയ്ത് സിസിയിൽ എത്തിക്കുക.
4. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ ഭവനങ്ങളിൽ ദശാംശപെട്ടി (മണി ബോക്സ്) വെക്കുക. സമയബന്ധിതമായി തുറന്ന് അതത് ഏസി മുഖേന സിസിയിൽ എത്തിക്കുക.
5. 2015 സെപ്റ്റംബർ 27-ാം തീയതി സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ പ്രത്യേക രഹസ്യപിരിവ് എടുത്ത് ഓസാനാം ഭവൻ ഫണ്ടിലേക്ക് സിസിയിൽ എത്തിക്കുക.

നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ അടിയന്തര നടപടി എടുക്കാൻ അഞ്ച് അംഗകമ്മിറ്റി രൂപീകരിച്ചു.

1. ബ്രദർ ജോണി പാറ്റാനി - കൺവീനർ
2. ബ്രദർ ജോൺ എൻ യു. - മാനന്തവാടി ഏസി പ്രസിഡണ്ട്
3. ബ്രദർ ജിൽസ് എം മേക്കൽ - സിസി വൈസ് പ്രസിഡണ്ട്
4. ബ്രദർ ഷാജൻ മാസ്റ്റർ - സിസി സെക്രട്ടറി
5. ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ - ബത്തേരി ഏസി പ്രസിഡണ്ട്

**നേതൃത്വ പരിശീലന ക്യാമ്പ്**

നേതൃത്വ പരിശീലനക്യാമ്പ് ഏറ്റവും സുഗമവും സുതാര്യവുമായി

സംഘടിപ്പിക്കുന്നതിന് താഴെ പറയുന്ന തീയതികളിൽ ക്രമീകരിച്ചിരിക്കുന്നു.

1) സെപ്റ്റംബർ 5 - ഗൂഡല്ലൂർ, മണിമൂളി, നിലമ്പൂർ ഏസിയിലെ അംഗങ്ങൾക്ക് മണിമൂളിയിൽ വെച്ച്.

2) സെപ്റ്റംബർ 21 - കല്ലോടി, കൊട്ടിയൂർ, മാനന്തവാടി, പയ്യമ്പള്ളി, തോണിച്ചാൽ, തരിയോട്, നടവയൽ ഏസിയിലെ അംഗങ്ങൾക്ക് ഓസാനാംഭവനിൽ വെച്ച്

3) ഒക്ടോബർ 2 - ബത്തേരി, കല്പറ്റ, പാടിച്ചിറ, പുൽപ്പള്ളി, വാഴവറ്റ, ചുണ്ടക്കര ഏസിയിലെ അംഗങ്ങൾക്ക് ഓസാനാം ഭവനിൽ വെച്ച്.

**ഓസാനാംഭവൻ രാത്രിസേവനം**

**ബത്തേരി ഏസി**

| | | |
|---|---|---|
| 16-9-2015 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 17-9-2015 | മേരി മാതാ | മൂലങ്കാവ് |
| 18-9-2015 | സെന്റ് മേരീസ് | ബത്തേരി |
| 19-9-2015 | സെന്റ് മേരീസ് | കടൽമാട് |
| 20-9-2015 | സെന്റ് അൽഫോൻസ | ബത്തേരി |
| 21-9-2015 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 22-9-2015 | സെന്റ് ആന്റണി | വാകേരി |
| 23-9-2015 | സെന്റ് മേരീസ് | കൽപ്ര |
| 24-9-2015 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 25-9-2015 | സെന്റ് ജോർജ് | ചിത്രഗിരി |
| 26-9-2015 | സെന്റ് ആന്റണി | പഴൂർ |
| 27-9-2015 | ഫാത്തിമമാത | കുന്നലാടി |
| 28-9-2015 | സെന്റ് ഫ്രാൻസീസ് അസ്സീസി | ചുള്ളിയോട് |
| 29-9-2015 | സെന്റ് ജോർജ് | കല്ലുമുക്ക് |
| 30-9-2015 | ഫാത്തിമമാതാ | കയ്യൂന്നി |
| 01-10-2015 | സെന്റ് ജോസഫ് | വടക്കനാട് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 2-10-2015 | സെന്റ് മേരീസ് | ചുണ്ടക്കര |
| 3-10-2015 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 4-10-2015 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 5-10-2015 | സെന്റ് തോമസ് | അരിഞ്ചേർമല |
| 6-10-2015 | സെന്റ് ജോർജ് | ചുള്ളിയാന |

| | | |
|---|---|---|
| 7-10-2015 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 8-10-2015 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 9-10-2015 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 10-10-2015 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 11-10-2015 | വാ. മദർതെരേസ | വിളമ്പുകണ്ടം |
| 12-10-2015 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**കല്ലോടി ഏസി**

| | | |
|---|---|---|
| 13-10-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 14-10-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 15-10-2015 | സെന്റ് തോമസ് | വഞ്ഞോട് |

**ഓസാനാംഭവൻ സന്ദർശനം**

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 16-9-2015 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 18-9-2015 | സെന്റ് ഫ്രാൻസീസ് അസീസി | മീനങ്ങാടി |
| 20-9-2015 | അമലോത്ഭവ മാത | വാഴവറ്റ |
| 22-9-2015 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 24-9-2015 | സെന്റ് ജോർജ് | കൊളവയൽ |
| 26-9-2015 | സെന്റ് ജോസഫ് | തെനേരി |
| 28-9-2015 | സെന്റ് മേരീസ് | തെനേരി |
| 30-9-2015 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 02-10-2015 | ക്രിസ്തുരാജ് | കരണി |

**ബത്തേരി ഏസി**

| | | |
|---|---|---|
| 4-10-2015 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 6-10-2015 | മേരി മാതാ | മൂലങ്കാവ് |
| 8-10-2015 | സെന്റ് മേരീസ് | ബത്തേരി |
| 10-10-2015 | സെന്റ് മേരീസ് | കടൽമാട് |
| 12-10-2015 | സെന്റ് അൽഫോൻസ | ബത്തേരി |
| 14-10-2015 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 16-10-2015 | സെന്റ് ആന്റണി | വാകേരി |

ഓസാനാംഭവൻ ഫണ്ടിലേയ്ക്ക് ആത്മാർത്ഥമായ സംഭാവനകൾ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരിൽനിന്നും ഉദാരമതികളിൽ നിന്നും പ്രതീക്ഷിക്കുന്നു. ഓസാനാംഭവൻ ഫണ്ടിലേക്ക് നേരിട്ട് സംഭാവനകൾ നൽകുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പറിലേയ്ക്ക് നേരിട്ട് അയയ്ക്കുക:

കേരള ഗ്രാമീണ ബാങ്ക്, നടവയൽ:

അക്കൗണ്ട് നമ്പർ : 40230100104787

IFSC : KLGB0040230

എല്ലാ അംഗങ്ങളും അവരവരുടെ ഇടവക വികാരിയച്ചന്മാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഇടവകയിൽ നടക്കുന്ന വിവാഹാദി കർമ്മങ്ങളിൽ പങ്കെടുത്ത് സംഭാവനകൾ ആരോരും ഇല്ലാത്ത അഗതികൾക്ക് വേണ്ടി സ്വീകരിച്ച് എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ!

എല്ലാവർക്കും ഒരിക്കൽക്കൂടി എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**

സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തിൽ പുതുതായി 523 പേരെ ജൈവകൃഷിയിൽ ചേർക്കാൻ സാധിച്ചു. ജൂലൈ മാസത്തിൽ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സെമിനാറുകൾ നൽകുകയുണ്ടായി. അതിൽ പ്രധാനമായും ജൈവ സർട്ടിഫിക്കേഷൻ, കാപ്പി, കുരുമളക് പരിപാലനം എന്നീ വിഷയങ്ങളെക്കുറിച്ച് കർഷകർക്ക് വിശദമായ ക്ലാസുകൾ നൽകാൻ സാധിച്ചു. കൂടാതെ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടക്കാനിരിക്കുന്ന ഇൻസ്പെക്ഷന്റെ ഭാഗമായി ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയുണ്ടായി. കർഷകരുടെ ഇടയിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികളാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. അതോടൊപ്പം അടുത്ത വർഷത്തേക്കുള്ള പ്രതീക്ഷിത ഉൽപ്പന്നങ്ങളുടെ കണക്കെടുപ്പും നടത്തുകയുണ്ടായി.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വോഫ) ജൂലൈ മാസത്തിലെ പ്രവർത്തനങ്ങൾ.

**മെമ്പർഷിപ്പ് വിതരണം**

2015 ജൂലൈ മാസത്തിൽ 5229 കർഷകർക്ക് വോഫയിൽ അംഗത്വം നൽകി. 2677 കർഷക അംഗങ്ങളുണ്ടായിരുന്ന സംഘടനയിൽ 7906 അംഗങ്ങളുള്ള ഏഷ്യയിലെ ഏറ്റവും വലിയ ജൈവഫെയർട്രേഡ് കർഷക സംഘടനയായി മാറുന്നതിന് സാധിച്ചു.

**ഫ്ളോസേർട്ട് ഓഡിറ്റ്**

ജൂലൈ മാസം 29 മുതൽ ആഗസ്റ്റ് 1-ാം തീയതി വരെ ഫ്ളോസേർട്ട് ബാംഗ്ലൂരിൽ നിന്നുള്ള ഓഡിറ്റേഴ്സ് പരിശോധനകൾ നടത്തി. സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി

ഫ്ളോസേർട്ടിൽ നിന്നും ശ്രീ. സൂരജ് പത്മനാഭൻ വരികയും കർഷക യോഗങ്ങളിൽ പങ്കെടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ഓഡിറ്റുമായി ബന്ധപ്പെട്ടു നടന്ന പ്രവർത്തനങ്ങൾക്ക് വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് മാത്യു, ശ്രീ. ഷാജി കുടക്കച്ചിറ, ശ്രീമതി അമ്പിളി കെ.സി., കുമാരി രമ്യ വി.ജെ., ശ്രീമതി സുജ ജോയി, ശ്രീ. ബെന്നി സേവ്യർ, ശ്രീ. എൽദോ പി. എന്നിവർ നേതൃത്വം നൽകി.

ഓഡിറ്റിന്റെ ഭാഗമായി കർഷക യോഗങ്ങൾ തോമാട്ടുചാൽ, പഴൂർ, ചീരാൽ, സുരഭികവല, കബനിഗിരി, എള്ളുമന്ദം എന്നീ ഭാഗങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. യോഗങ്ങളിൽ കർഷകരുടെ സഹകരണം ഉറപ്പുവരുത്താൻ സാധിച്ചു. ഇതിനായി ശ്രീമതി ജാൻസി ജെൽസൺ, ശ്രീമതി ഷീല എന്നിവർ നേതൃത്വം നൽകുകയുണ്ടായി.

**മാർക്കറ്റിംഗ് വിഭാഗം**

ജൈവ-ഫെയർട്രേഡ് ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിപണന വിഭാഗത്തിന് ജൂലൈ മാസത്തിൽ ഇറ്റലി, ജർമ്മനി, സിംഗപ്പൂർ, ഓസ്ട്രേലിയ, നെതർലാൻഡ്, ബ്രിട്ടൺ, ബെൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേയ്ക്ക് ജൈവ ഉത്പന്നങ്ങളായ കാപ്പി, കുരുമുളക്, മഞ്ഞൾ, വാനില, ചുക്ക്, കറുകപ്പട്ട എന്നിവ കയറ്റുമതി ചെയ്യാൻ സാധിച്ചു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**

ഡയറക്ടർ, WSSS ജൈവകൃഷി, അനുബന്ധമേഖലകൾ

## ജൈവകൃഷി വ്യാപന പദ്ധതിയ്ക്കും അനുബന്ധ മേഖലകൾക്കും പ്രത്യേക സംവിധാനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന ജൈവകൃഷി വ്യാപന പദ്ധതിയ്ക്കും അനുബന്ധ മേഖലകൾക്കും കൂടുതൽ ശ്രദ്ധയും പ്രവർത്തന സ്വാന്ത്ര്യവും ലഭിക്കുന്നതിനായി അഭിവന്ദ്യ പിതാവ് ബഹു. ജോൺ ചൂരപ്പുഴയിലച്ചനെ ജൈവകൃഷി വ്യാപന പദ്ധതിയുടെയും അനുബന്ധ മേഖലകളുടെയും ഡയറക്ടറായി നിയമിച്ചു. അച്ചൻ ഇനി മുതൽ പൂർണ്ണമായും ഈ മേഖലകൾക്കായിരിക്കും നേതൃത്വം നൽകുക. ഒണ്ടയങ്ങാടിയിൽ പുതുതായി പ്രവർത്തനം ആരംഭിച്ച ബയോവിൻ അഗ്രോ പ്രോസസിംഗ് സെന്ററിൽ നിന്നായിരിക്കും ജോണച്ചൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

കഴിഞ്ഞ നാലുവർഷമായി WSSS ന്റെ ജോയിന്റ് ഡയറക്ടറായിരുന്ന ബഹു. ബിജോ കറുകപ്പള്ളി അച്ചനെ WSSS ന്റെ ഡയറക്ടറായും

അഭിവന്ദ്യ ജോസ് പിതാവ് നിയമിച്ചു. ഒപ്പം ബഹുമാനപ്പെട്ട സിബി ചെറുതോട്ടിലച്ചൻ WSSS ന്റെ അസോസിയേറ്റ് ഡയറക്ടറായും ചുമതലയേറ്റു.

**പബ്ലിക് റിലേക്ഷൻ ഓഫീസർ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പബ്ലിക് റിലേക്ഷൻ ഓഫീസറായി ശ്രീ. പി.എ. ജോസിനെ നിയമിച്ചു. WSSS ന്റെ അനുബന്ധ പ്രസ്ഥാനങ്ങളായ ബയോവിൻ അഗ്രോ പ്രോസസിംഗ് സെന്റർ, കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ, റേഡിയോ മാറ്റൊലി എന്നിവയുടെയും പി.ആർ.ഒ. ആയി ശ്രീ. പി.എ. ജോസ് പ്രവർത്തിക്കുന്നതാണ്.

**നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നബാർഡ് ടീം അംഗങ്ങൾ സന്ദർശനം നടത്തി. 2 ദിവസങ്ങളിലായി നടന്ന സന്ദർശനത്തിൽ വിവിധ കോളനികൾ സന്ദർശിക്കുകയും, രേഖകൾ പരിശോധിക്കുകയും, വില്ലേജ് പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തു. നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. മഹേഷ്, മാനേജർ ശ്രീമതി ജിഷ, ജില്ലാ മനേജർ ശ്രീ. എൻ.എസ്. സജികുമാർ എന്നിവർ സംഘത്തിൽ ഉണ്ടായിരുന്നു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ., ബൈജു ഐസക്, ബെന്നി നമ്പുശ്ശേരി, ബിന്ദു, ലത, ഷാജു മോൻ എന്നിവർ നേതൃത്വം നൽകി.

**നബാർഡ് സമഗ്രനീർത്തട വികസന പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തോളമായി നടത്തി വന്നിരുന്ന സമഗ്ര നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡൈവലപ്പ്മെന്റ് & മാനേജ്മെന്റിലെ ശാസ്ത്രജ്ഞർ മട്ടിലയം നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. ടീം അംഗങ്ങൾ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുകയും നീർത്തടസമൂഹം, നീർത്തട കമ്മറ്റി അംഗങ്ങൾ എന്നിവരുമായി ചർച്ച നടത്തുകയും, രേഖകൾ പരിശോധിക്കുകയും ചെയ്തു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ., ഷാജു മോൻ, വെള്ളൻ, സതീഷ് ചന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

**നയി റോഷ്നി പരിശീലനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രന്യൂനപക്ഷ ക്ഷേമ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയ നയി റോഷ്നി പരിശീലന പരിപാടി വിലയിരുത്തുന്നതിനായി സംസ്ഥാന പ്രൊജക്ട് ഓഫീസർ ശ്രീ. റഹ്മത്തുള്ള WSSS സന്ദർശിച്ചു. WSSS നടപ്പിലാക്കിയ നയി റോഷ്നി പരിശീലനം വരും വർഷങ്ങളിലേക്കും വ്യാപിപ്പിക്കും എന്ന് അദ്ദേഹം ഉറപ്പു നൽകി.

**പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറം കേരളത്തിലെ മുഴുവൻ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 'കുട്ടികളുടെ അവകാശ സംരക്ഷണം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ആലോചന യോഗത്തിൽ WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

കേരള സോഷ്യൽ സർവ്വീസ് ഫോറം കോഴിക്കോട് ജീവനയിൽ വെച്ചു നടത്തിയ പദ്ധതി രൂപീകരണ യോഗത്തിൽ WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ പങ്കെടുത്തു.

**ജനകീയ സംഘാടനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി, വനിത സ്വാശ്രയസംഘങ്ങൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ജൂലൈ മാസത്തിൽ പദ്ധതി വിശദീകരണ യോഗങ്ങൾ കാഞ്ഞിരങ്ങാട്, ആടിക്കൊല്ലി, എരിയപ്പള്ളി എന്നിവിടങ്ങളിൽ നടത്തുകയും 70 ആളുകൾ പങ്കെടുക്കുകയും ചെയ്തു. അടിസ്ഥാന ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിൽ സെക്രട്ടറിമാരുടെയും CDO മാരുടെയും യോഗങ്ങൾ യഥാക്രമം ജൂലൈ 8, ജൂലൈ 20 തീയതികളിൽ WSSS ൽ വച്ച് നടത്തുകയും അതിൽ സി. ആനി "സ്ട്രസ് മാനേജ്മെന്റിനെ"കുറിച്ച് ക്ലാസു നൽകുകയും ചെയ്തു.

WSSS ൽ പുതിയതായി ആരംഭിച്ച DDUGKY സമുന്നതി പദ്ധതി എന്നിവയെകുറിച്ച് വിശദീകരിക്കുകയും, വിവിധ യൂണിറ്റുകളിൽ സോപ്പ്, സോപ്പുൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ പ്രായോഗിക പരിശീലനം നടത്തുന്നത് സ്ത്രീകളെ സ്വയം പര്യാപ്തമാക്കുന്നതിന് കൂടുതൽ സഹായകരമാകുന്നു. വരുമാന വർദ്ധകപരിപാടികൾക്കായി 6 പ്രോജക്ടുകൾ വിവിധ ബാങ്കുകളിൽ സമർപ്പിക്കുകയും അതിലൂടെ 10 ലക്ഷത്തിലധികം രൂപ വായ്പയായി ലഭിക്കുകയും ചെയ്തു.

**വികാസ്പീഡിയ മലയാളം**

വികാസ്പീഡിയ ജനങ്ങളുടെ വികസനത്തിന് അറിവും സേവനങ്ങളും നൽകുവാൻ ദേശീയതല താത്പര്യത്തിന്റെ ഭാഗമായി ഭാരത സർക്കാർ വികസിപ്പിച്ചെടുത്തതാണ്. വികാസ് പീഡിയ മലയാളം പോർട്ടലിൽ പുതിയതായി കൂടുതൽ പേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വികാസ് പീഡിയ മലയാളവും കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയും സംയുക്തമായി വിദ്യാർത്ഥികളുടെ ഇടയിൽ ദേശസ്നേഹം വളർത്തുന്നതിന്റെ ഭാഗമായി 'ദേശഭക്തിഗാന' മത്സരം സംഘടിപ്പിച്ചു. 20 ഓളം ടീമുകൾ പങ്കെടുത്തു. ഒവൻസ് വിദ്യാമന്ദിർ ബത്തേരി ഒന്നാം സ്ഥാനവും, കൽപ്പറ്റ ഡി പോൾ പബ്ലിക് സ്കൂൾ രണ്ടാം സ്ഥാനവും കല്ലോടി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള സമ്മാനദാനം ആഗസ്റ്റ് 15-ാം തീയതി അതാത് സ്കൂൾ അങ്കണത്തിൽ നിർവ്വഹിച്ചു.

വികാസ്പീഡിയ മലയാളം പോർട്ടലിൽ 6 വിഷയങ്ങളിലുമായി കൂടുതൽ പേജുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. മെഡിക്ലെയിം ഇൻഷുറൻസ്, പെൻഷൻ സ്കീമുകൾ, തൊഴിലാളി ക്ഷേമപദ്ധതികൾ, ആൽക്കഹോളിസം, കർക്കിടക സുഖ ചികിത്സ, അരിവാൾരോഗം, പഠനവും പരീക്ഷയും, കമ്പ്യൂട്ടർ പഠനം തുടങ്ങി നിരവധി വിവരങ്ങൾ അപ്‌ലോഡ് ചെയ്തിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് Ml.vikaspedia.in സന്ദർശിക്കുക.

**സേവ് എ ഫാമിലി പ്ലാൻ (SAFP)**

സേവ് എ ഫാമിലി പ്ലാനിൽ 2015-16 വർഷത്തിൽ അംഗങ്ങളായ കുടുംബങ്ങൾക്കായി വരുമാന വർദ്ധനവിനുള്ള തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗമായി സോപ്പ്, സോപ്പ്പൊടി തുടങ്ങിയ നിത്യോപകയോഗ സാധനങ്ങളുടെ നിർമ്മാണ പരിശീലനം ജൂലൈ 10-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് നൽകി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പരിപാടി ഉദ്ഘാടനം ചെയ്തു. ഈ വർഷം അംഗത്വം ലഭിച്ച 46 കുടുംബങ്ങൾക്കായാണ് പരിശീലന പരിപാടി നടത്തിയത്.

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലിന്റെ ചരമദിനമായ ജൂലൈ 18-ാം തീയതി പ്രത്യേക അനുസ്മരണ പ്രാർത്ഥനായോഗം നടത്തി. തദവസരത്തിൽ WSSS ന്റെ പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് അനുസ്മരണ സന്ദേശം നൽകി.

സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ ജൂലൈ 14, 15 തീയതികളിൽ ഐശ്വര്യഗ്രാം പാറപ്പുറത്ത് വെച്ച് നടത്തിയ പരിശീലന പരിപാടിയിൽ

കോ-ഓർഡിനേറ്റർ സി. ആനി ജോസ്, സുജ മാത്യു, ഷൈനി ജോർജ്, സോഫിയ ജോർജ് എന്നിവർ പങ്കെടുത്തു.

**ബയോഗ്യാസ് വികസന പദ്ധതി**

ജൂലൈ മാസത്തിൽ പാലേരി, പുതുശ്ശേരി എന്നീ സ്ഥലങ്ങളിൽ 2 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും, മുതിരേരി, പുതുശ്ശേരി, പുളിഞ്ഞാൽ, കല്ലുവയൽ, സീതാമൗണ്ട്, പാറക്കവല, കണിയാരം, കുഴിനിലം, ദ്വാരക എന്നീ സ്ഥലങ്ങളിൽ നിന്നും ബയോഗ്യാസ് നിർമ്മാണത്തിനായി 28 അപേക്ഷകൾ പുതിയതായി ലഭിക്കുകയും ചെയ്തു. 2015-16 വർഷം കമ്മീഷൻ ചെയ്ത മുഴുവൻ പ്ലാന്റുകളുടേയും സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഖാദിഗ്രാമ വ്യവസായ കമ്മീഷനു നൽകി.

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ കുടുംബശ്രീയുമായി ചേർന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ദീൻ ദയാൽ ഗ്രാമീൺ കൗശല്യയോജന (DDU-UKY) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയിൽ ചേർന്ന് ഫാഷൻ ഡിസൈനിംഗ് കോഴ്സിലേയ്ക്കും, ഫുഡ് പ്രോസസിംഗ് കോഴ്സിലേയ്ക്കും ചേരാൻ ആഗ്രഹിക്കുന്നവർക്കായി കുടുംബശ്രീയുമായി ചേർന്ന് 150 വിദ്യാർത്ഥികൾക്കായി കൗൺസലിംഗ്, അഭിരുചി പരീക്ഷ എന്നിവ നടത്തി. ഈ കോഴ്സുകളിലേക്ക് ഇനിയും വിദ്യാർത്ഥികളെ ആവശ്യമുണ്ട്. താൽപര്യം ഉള്ളവർ WSSS മായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
WSSS ഡയറക്ടർ

# കെസിബിസി മദ്യവിരുദ്ധസമിതി

**ഫൊറോന ഡയറക്ടർമാരുടെ യോഗം**

കെസിബിസി മദ്യവിരുദ്ധ സമിതിയുടെ ഫൊറോന ഡയറക്ടർമാരുടെയും രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും സംയുക്തയോഗം ആഗസ്റ്റ് 6-ന് വ്യാഴം വൈകുന്നേരം 6.30 മുതൽ 8.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ ആമുഖപ്രഭാഷണം നടത്തി. വിവിധ ഫൊറോനകളെ പ്രതിനിധീകരിച്ച് റവ.ഫാ. റോബിൻ വടക്കുംചേരിൽ, റവ.ഫാ. സജി ഇളയിടം, റവ.ഫാ. ടോമി കൊച്ചുപാറ, റവ.ഫാ. ജോസ് പുത്തൻപുര എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**തീരുമാനങ്ങൾ**

1. ഗ്രാമദീപം പരിപാടി ഇടവകകളിൽ സംഘടിപ്പിക്കുക.
2. കെസിബിസി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ എല്ലാ ഇടവകളിലും സ്ഥാപിക്കുക.
3. ലഹരിവിമുക്തരായ വ്യക്തികളെ മദ്യവിരുദ്ധ സമിതിയിൽ അംഗങ്ങളാക്കുക.
4. AA കൂട്ടായ്മ ശക്തമാക്കുക.

ഫൊറോന ഡയറക്ടർ വളരെ സജീവമായി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. രൂപതാ ജനറൽ സെക്രട്ടറി ടോമി നെടുംകൊമ്പിൽ നന്ദിയർപ്പിച്ചു. സംസ്ഥാന വൈസ്പ്രസിഡണ്ട് ശ്രീ. രാജു വി.സി., ബേബി പേടപ്പാട്ട്, പി.എ. ജെയിംസ്, സി. മരിയ, സി. മരീന എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

**നടവയൽ**

ഓഗസ്റ്റ് 23-ന് രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ നടവയൽ ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഇടവകയിലെ ലഹരിവിമുക്ത പ്രവർത്തകരെ നേരിൽകണ്ട് പ്രവർത്തനങ്ങൾ പങ്കുവെച്ചു. ഫൊറോന വികാരി റവ.ഫാ. വർഗീസ് മുളകുടിയാങ്കൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**മംഗലശേരി**

ഇടവകയിൽ ഓഗസ്റ്റ് 30-ന് ഡയറക്ടറച്ചൻ വി. ബലിയർപ്പിച്ച് ലഹരിവിമുക്ത സന്ദേശം നൽകും.

**ജോൺസൺ തൊഴുത്തുങ്കൽ** – രൂപതാ പ്രസിഡണ്ട്

**ഫാ. ജസ്റ്റിൻ മുത്താനിക്കാട്ടിന് സ്വാഗതം**

റേഡിയോ മാറ്റൊലിയുടെ അസി. ഡയറക്ടറായി (Programs) ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് ചാർജ്ജെടുത്തു. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.

**പോലീസ് റേഡിയോയിലൂടെ ജനങ്ങളിലേക്ക്**

പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും പോലീസുമായി പങ്കുവെയ്ക്കാൻ ഇനി റേഡിയോയും. വയനാട്ടിലെ ഏക റേഡിയോ സ്റ്റേഷനായ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയാണ് ഇത്തരം ഒരു അവസരം ഒരുക്കുന്നത്. ഇതിന്റെ ഭാഗമായി, ജനങ്ങൾക്ക് മാസത്തിലൊരിക്കൽ തത്സമയ ഫോൺ ഇൻ പരിപാടിയിലൂടെ ജില്ലാ പോലീസ് മേധാവിയുമായി നേരിട്ട് സംസാരിക്കുന്നതിനുള്ള അവസരം ലഭിക്കും. റേഡിയോ മാറ്റൊലിയുടെ സ്റ്റേഷൻ സന്ദർശിക്കവേയാണ് ഇത്തരം ഒരു റേഡിയോ പരിപാടിക്കുള്ള സന്നദ്ധത ജില്ലാ പോലീസ് മേധാവി എസ് അജിതാ ബീഗം ഐ.പി.എസ് അറിയിച്ചത്.

**ദേശഭക്തിഗാന മത്സരം 2015**

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വികാസ് പീഡിയ കേരളയുടെ നോഡൽ ഏജൻസി WSSS ഉം റേഡിയോ മാറ്റൊലിയും ചേർന്നു സംഘടിപ്പിച്ച യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടുള്ള ദേശഭക്തിഗാനമത്സരത്തിൽ ഭവൻസ് വിദ്യാമന്ദിർ സുൽത്താൻ ബത്തേരി ഒന്നാം സ്ഥാനം നേടി. കല്പറ്റ ഡി പോൾ പബ്ളിക് സ്കൂളിനാണ് രണ്ടാം സ്ഥാനം. സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി മൂന്നാം സ്ഥാനത്തിന് അർഹമായി. വികാസ് പീഡിയ കേരള സ്പോൺസർ ചെയ്യുന്ന 5000 രൂപ ഒന്നാം സ്ഥാനക്കാർക്കും, 3000 രൂപ രണ്ടാം സ്ഥാനക്കാർക്കും, 2000 രൂപ മൂന്നാം സ്ഥാനക്കാർക്കും ലഭിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും നൽകി. 20 സ്കൂളുകൾ പങ്കെടുത്ത മത്സരത്തിലെ ഗാനങ്ങൾ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി റേഡിയോമാറ്റൊലി പ്രക്ഷേപണം ചെയ്തു.

**വായനോത്സവം 2015**

വായനോത്സവത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി റേഡിയോ മാറ്റൊലി നടത്തിയ വായനാ മത്സരത്തിൽ പയ്യമ്പള്ളി സെന്റ് കാതറിൻസ് ഹൈസ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിനി സാന്ദ്ര സാജു ഒന്നാം സ്ഥാനത്തിന് അർഹയായി. എച്ചോം സർവ്വോദയ ഹയർസെക്കണ്ടറി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിനി ഗായത്രി സുരേഷ് ബാബു രണ്ടാം സ്ഥാനം നേടി. ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് യഥാക്രമം 1001, 501 രൂപയുടെ ക്യാഷ് അവാർഡും ഫൈനൽ റൗണ്ടിൽ എത്തിയ മുഴുവൻ കുട്ടികൾക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. കേരള അക്കാദമി ഓഫ് എഞ്ചിനിയറിംഗ് ആണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്.

**വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

നമ്മുടെ ഇടവകയുടെ അഭിമാനമായി മാറുകയും ഏതെങ്കിലും മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത വ്യക്തികളെ റേഡിയോ മാറ്റൊലിയിലൂടെ പരിചയപ്പെടുത്തുവാൻ ഞങ്ങൾ അവസരമൊരുക്കുന്നു. അച്ചന്റെ ഇടവകയിൽ നിന്നുള്ള ഇത്തരം വ്യക്തികളുടെ പേരും, നേട്ടങ്ങൾ കൈവരിച്ച മേഖലയും, അവരെ ബന്ധപ്പെടുവാനുള്ള നമ്പറും ഞങ്ങൾക്ക് നൽകുക. പരിചയപ്പെടുത്തുന്ന വ്യക്തി, പ്രക്ഷേപണ യോഗ്യമായ നേട്ടങ്ങൾ കരസ്ഥമാക്കിയതാണെങ്കിൽ മാറ്റൊലിയിലൂടെ അവരെ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക,

ഫോൺ: 9446034422, 04935 242008.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

**അഭിനന്ദനങ്ങൾ**

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വികാസ് പീഡിയ കേരളയുടെ നോഡൽ ഏജൻസി WSSS ഉം കമ്യൂണിറ്റി റേഡിയോ മാറ്റൊലിയും ചേർന്നു സംഘടിപ്പിച്ച യു. പി. സ്കൂൾ വിദ്യാർത്ഥികൾക്കായിട്ടുള്ള ദേശഭക്തി ഗാന മത്സരത്തിൽ, വയനാട് ജില്ലയിലെ 20 സ്കൂളുകൾ പങ്കെടുത്തതിൽ മൂന്നാം സ്ഥാനവും, 2000 രൂപയുടെ ക്യാഷ് അവാർഡും കല്ലോടി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ കരസ്ഥമാക്കി. ഈ വിജയത്തിനു പിന്നിൽ അത്യധ്വാനം ചെയ്ത മാനേജർ റവ.ഫാ. ജോസ് കൊച്ചറയ്ക്കലിനെയും, പ്രധാനാദ്ധ്യാപകൻ ശ്രീ. ജോർജ് സി.വി സാറിനെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും മാതാപിതാക്കളെയും പി.ടി.എ, മദർ പി.ടി.എ തുടങ്ങിയ സമിതികളെയും CEADOM ഫാമിലി പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**കൗൺസലിംഗ് പ്രോഗ്രാം ആരംഭിച്ചു**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് സൗകര്യം ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചു. കൗൺസലിംഗിൽ പ്രത്യേകം ട്രെയിനിംഗ് ലഭിച്ച വിവിധ കോൺഗ്രിഗേഷനിലെ എട്ട് സിസ്റ്റേഴ്സിന്റെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു. ഈ പ്രോഗ്രാമിന്റെ കോ– ഓഡിനേറ്ററായി ശ്രീമതി സെലിൻ ജോസ് ടീച്ചറെ (Rtd. HM.Fr.GKMHSS, Kaniyaram) നിയമിച്ചു. CEADOM മിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും ഇപ്പോൾ വിജയകരമായി ഈ കൗൺസലിംഗ് പ്രോഗ്രാം നടന്നുവരുന്നു.

**സിഡോം അക്കാദമിക്ക് കൗൺസിൽ**

CEADOM നു കീഴിലുള്ള എല്ലാ ഹൈസ്കൂളുകളിലെയും എസ്. എസ്.എൽ.സി. വിദ്യാർത്ഥികളുടെ പഠനമികവ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി കോർപ്പറേറ്റ് മാനേജരുടെയും പ്രധാനാധ്യാപകരായ ശ്രീ. ടോമി എൻ.യു, ശ്രീമതി ഡോളി എം.സി, ശ്രീമതി ത്രേസ്യാമ്മ ജോർജ് എന്നിവരുടെയും നേതൃത്വത്തിൽ ഓരോ വിഷയങ്ങളിലും നൈപുണ്യ

രായ 20 ഓളം അദ്ധ്യാപകരേയും ഉൾപ്പെടുത്തി ഒരു അക്കാദമിക്ക് രൂപീകരിച്ചു. സിഡോമിന്റെ എല്ലാ ഹൈസ്കൂളുകളിൽ നിന്നും ഓരോ വിഷയങ്ങളുടെയും അധ്യാപകർ തയ്യാറാക്കി നൽകിയ ചോദ്യാവലികളിൽ നിന്നും തിരഞ്ഞെടുത്ത് ഓരോ ചോദ്യപേപ്പർ വീതം തയ്യാറാക്കി എല്ലാ മാസങ്ങളിലും യുണിറ്റ് ടെസ്റ്റ് നടത്തി വിദ്യാർത്ഥികളുടെ പഠനമികവിനെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ, പ്രവർത്തിക്കുന്നു. വരും കാലങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടെ പഠനമികവ് ഉയർത്തുന്നതോടൊപ്പം നല്ല റിസൾട്ട് ലഭിക്കുവാനും ഈ പ്രവർത്തനം സഹായകമാകും എന്ന് വിലയിരുത്തുന്നു. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ആഗസ്റ്റ് 10 മുതൽ യുണിറ്റ് ടെസ്റ്റ് ആരംഭിച്ചു. ക്ലാസ്സ് സമയം നഷ്ടമാകാത്ത വിധം രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയുമാണ് യുണിറ്റ് ടെസ്റ്റിന്റെ സമയം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. ഫാ.ജി.കെ.എം.എച്ച്.എസ്.എസ്. കണിയാരം**

എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സോഷ്യൽ സ്റ്റഡീസ് പഠനം എളുപ്പമാക്കാൻ ഊർജ്ജിത പദ്ധതി - എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് ഭൂമിശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങൾ കൂടുതൽ രസകരമാക്കുക എന്ന ലക്ഷ്യത്തോടെ പാഠഭാഗങ്ങളിലെ പ്രധാനപ്പെട്ടതും ആവർത്തിച്ചുവരുന്നതുമായ ചോദ്യ ഉത്തരങ്ങൾ ഗാനരൂപത്തിലാക്കിയിരിക്കുന്നു. അൻപതോളം ഗാനങ്ങൾ ചിട്ടപ്പെടുത്തി അവയെ സിഡി രൂപത്തിലാക്കി എല്ലാവർക്കും ലഭ്യമാകത്തക്കവിധത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലെ വയനാട് ജില്ലയിലെ റിസൾട്ട് പരിശോധിച്ചപ്പോൾ എസ്.എസ്.എൽ.സി പരീക്ഷ തോൽക്കുന്ന ഇരുപത് കുട്ടികളിൽ പതിനാറുപേരും സോഷ്യൽ സ്റ്റഡീസിന് പരാജയപ്പെടുന്നതായി കണ്ടെത്തുവാൻ സാധിച്ചതിനെ തുടർന്ന് ശ്രീ.ജോസ് മാത്യൂ സാറിന്റെ നേതൃത്വത്തിൽ ഈ സംരംഭത്തിന് അദ്ധ്യാപകർ തുടക്കം കുറിച്ചു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ സംരംഭം കൊണ്ട് നല്ല റിസൾട്ട് കൈവരിക്കാൻ സാധിക്കുമെന്ന ഉറച്ച വിശ്വാസത്തിൽ ഫാ.ജി.കെ.എം.എച്ച്.എസ്.എസ് കണിയാരത്തെ അദ്ധ്യാപകരുടെ ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# കത്തോലിക്കാ കോൺഗ്രസ് - AKCC

മാനന്തവാടി രൂപത കത്തോലിക്കാ കോൺഗ്രസ് സംഘടനയുടെ രൂപതാ പ്രസിഡണ്ടായി ദീർഘനാൾ സേവനം ചെയ്തുപോന്ന ശ്രീ. സി.എം. ഫ്രാൻസീസ് ചരമമടഞ്ഞതിനെ തുടർന്ന് ശ്രീ. പീറ്റർ ഞരളക്കാട്ട്, സംഘടനയുടെ ആക്ടിംഗ് പ്രസിഡണ്ടായി രൂപതാ ഭാരവാഹികളുടെ സമ്മേളനത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. പീറ്റർ ഞരളക്കാട്ടിന് സർവ്വവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

8-7-2015 ന് ബുധനാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദിക സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ ബിഷപ് ഡലഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ സംഘടനയുടെ ചരിത്രവും ആനുകാലിക പ്രസക്തിയും പ്രതിപാദിച്ചുകൊണ്ട് ക്ലാസെടുത്തു.

**മോചനയാത്ര**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി സംഘടനയുടെ കേന്ദ്രനേതൃത്വം നടത്തിയ 'മോചനയാത്ര' 2015 ആഗസ്റ്റ് 2-ന് മാനന്തവാടി രൂപതയിൽ എത്തി. വൈകിട്ട് 7 മണിക്ക് കൊട്ടിയൂർ ടൗണിൽ വച്ച് മോചന യാത്രയ്ക്ക് സ്വീകരണം നൽകി. 3-8-15 ന് തിങ്കളാഴ്ച രാവിലെ 9 മണിക്ക് മാനന്തവാടി ടൗണിൽ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം മോചനയാത്ര ഉദ്ഘാടനം ചെയ്തു. തുടർന്ന് നടവയൽ, പുൽപ്പള്ളി, ബത്തേരി, കൽപറ്റ, മണിമൂളി എന്നിവിടങ്ങളിലൂടെ പ്രയാണം നടത്തി. സ്വീകരണങ്ങൾ ഏറ്റുവാങ്ങി താമരശേരി രൂപതയി ലേയ്ക്ക് നീങ്ങി. മോചനയാത്രയ്ക്ക് സഹായസഹകരണങ്ങൾ നൽകിയ ബഹു. ഫൊറോന വികാരി അച്ചന്മാരെയും, വൈദികരെയും, ഭാരവാഹി കളെയും, പ്രവർത്തകരെയും അനുഭാവികളെയും നന്ദിപൂർവ്വം ഓർക്കുന്നു. എകെസിസി യുടെ കേന്ദ്ര നേതൃത്വത്തിനും നന്ദി.

**AKCC യൂണിറ്റുകൾ**

രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് രൂപതയിലെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് ആരംഭിക്കുവാനും,

ഭാരവാഹികളെ തെരഞ്ഞെടുത്ത് യൂണിറ്റുകൾ ആരംഭിക്കുവാനും ആഹ്വാനം ചെയ്തുകൊണ്ടുള്ള കത്ത് എല്ലാ പള്ളികളിലേയ്ക്കും അയച്ചിരുന്നു. അതനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേര് വിവരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ബഹു. വികാരി അച്ചന്മാരെ നന്ദിപൂർവ്വം ഓർക്കുന്നു.

സ്നേഹപൂർവ്വം, **ഫാ. ചാണ്ടി പുനക്കാട്ട്**

ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

## SMRC മാനന്തവാടി രൂപത

*Syro Malabar Religious Conference*

SMRC യുടെ പ്രഥമസമ്മേളനം 20-07-2015 ന് മാനന്തവാടി ബിഷപ്സ് ഹൗസിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. 10.30 ന് ആരംഭിച്ച സമ്മേളനത്തിന് വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിച്ചു. രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ, SCV, SKD, CMC, FCC, SABS, SH, MSMI, O.Praem എന്നീ സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ പ്രസിഡണ്ടായി സി. ജീസാ CMC, സെക്രട്ടറിയായി സി. എൽസ പൈകട SABS, ക്യാഷ്യറായി ഫാ. ജോസ് ചെമ്പോട്ടിക്കൽ O.Praem, എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികൾ തങ്ങളുടെ കാലാവധി തീരുംമുമ്പ് സന്യാസ സമൂഹത്തിലെ ഉത്തരവാദിത്വത്തിൽനിന്ന് മാറുകയാണെങ്കിൽ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും ഈ ഉത്തരവാദിത്വം വഹിക്കേണ്ടതെന്നും തുടർന്നുവരുന്ന ജനറൽ ബോഡികളിൽ മേജർ സുപ്പീരിയേഴ്സിനു പുറമേ രൂപതയിൽ ഒരുഭവനം മാത്രമുള്ള സന്യാസസമൂഹങ്ങളുടെ സുപ്പീരിയേഴ്സിനെക്കൂടി പങ്കെടുപ്പിക്കാമെന്നും യോഗത്തിൽ തീരുമാനിച്ചു. രൂപതാതല SMRC യുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന സിനഡിൽ കൂടുതൽ വ്യക്തത ലഭിക്കുമെന്ന് യോഗം പ്രതീക്ഷ പ്രകടിപ്പിച്ചു. സി. ജീസാ നന്ദിയർപ്പിച്ചു സംസാരിച്ചു; 12.30 യോടുകൂടി സമ്മേളനം സമാപിച്ചു.

SMRC യുടെ ബാനറിൽ അല്ലെങ്കിലും രൂപതയിലെ എല്ലാ സന്യാസസമൂഹങ്ങളിൽ നിന്നുമുള്ള സമർപ്പിതർ ഒരുമിച്ചുചേർന്ന് 2015 മാർച്ച് 20 പരിഹാരദിനമായി ആചരിച്ചു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൈസ്തവ പീഡനം വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് കുരിശിന്റെ വഴി, വചനസന്ദേശം, പരിഹാരപ്രദക്ഷിണം, വി. കുർബാന എന്നിവയോടുകൂടി പരിഹാരദിനം ആചരിച്ചത്.

**സി. എൽസ പൈകട**
സെക്രട്ടിറി, SMRC മാനന്തവാടി യൂണിറ്റ്

# അറിയിപ്പുകൾ



## ചെറുപുഷ്പ മിഷൻലീഗ്, കയ്യൂന്നി ശാഖ

**കയ്യൂന്നി പി.ഒ., നീലഗിരി – 643205**
fathimamathakayyunni@gmail.com

### ലിറ്റർജിക്കൽ ക്വിസ്

സ്നേഹബഹുമാനപ്പെട്ട അച്ചാ/സിസ്റ്റർ,

കയ്യൂന്നി ശാഖയിലെ മിഷനറിമാരുടെ അഭിവാദനങ്ങൾ! സുഖമെന്നു കരുതുന്നു . . . മാനന്തവാടി രൂപതയിലെ കുഞ്ഞുമിഷനറിമാർക്കുവേണ്ടി കയ്യൂന്നി ശാഖയുടെ ആഭിമുഖ്യത്തിൽ ഒരു ലിറ്റർജിക്കൽ ക്വിസ് പ്രോഗ്രാം നടത്തുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു. നമ്മുടെ കുട്ടികൾക്ക് കുർബാനപുസ്തകവുമായുള്ള പരിചയം വർദ്ധിപ്പിക്കാനും കുർബാനയോടുള്ള ബന്ധം ആഴപ്പെടുത്താനുമുതകുന്ന രീതിയിലാണ് പ്രോഗ്രാം സംവിധാനം ചെയ്തിരിക്കുന്നത്. ഒരു ഇടവകയിൽ നിന്നും പന്ത്രണ്ടാം ക്ലാസ്സ് വരെ വേദപാഠം പഠിക്കുന്ന രണ്ട് കുട്ടികളടങ്ങുന്ന രണ്ടു ടീമുകൾക്കുവരെ മത്സരത്തിൽ പങ്കെടുക്കാം. ഇടവകയിൽ എല്ലാ കുട്ടികൾക്കുമായി ഈ പ്രോഗ്രാം നടത്തുന്നതും വിജയികളെ മത്സരത്തിനായി ഒരുക്കുന്നതും നല്ലതാണ്. ഒക്ടോബർ പത്തിനു മുമ്പായി താഴെക്കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ പേരുകൾ രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസായ 100 രൂപയും (ഒരു ടീമിന്) ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്തും മത്സരത്തിനുവരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

സ്നേഹാദരവുകളോടെ,

**ഫാ. ജോണി കല്ലുപുര**
**ഫാ. ജെയ്മോൻ കളമ്പുകാട്ട്**
**ഫാ. നോബിൾ തോമസ് പാറയ്ക്കൽ**

വിശദവിവരങ്ങൾ അടുത്തപേജിൽ

മത്സര തീയതി : 2015 നവംബർ 10

സമയം : 10.30 am

സ്ഥലം : സേക്രഡ് ഹാർട്ട് സ്കൂൾ ഓഡിറ്റോറിയം, കയ്യൂന്നി

ഒന്നാം സമ്മാനം : 5001 രൂപയും പ്രശസ്തി പത്രവും ട്രോഫിയും

രണ്ടാം സമ്മാനം : 3001 രൂപയും പ്രശസ്തി പത്രവും ട്രോഫിയും
മൂന്നാം സമ്മാനം : 2001 രൂപയും പ്രശസ്തി പത്രവും ട്രോഫിയും
(പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നല്കുന്നതാണ്.)

പേരുകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി:
2015 ഒക്ടോബർ 10

പേരുകൾ രജിസ്റ്റർ ചെയ്യേണ്ട നമ്പറുകൾ:
09744667206 (ഫാ. നോബിൾ), 09442948127 (ഫാ. ജെയ്മോൻ)
08281500849 (സി. റ്റാനി എസ്.എച്ച്.), 09487130596 (മി. ഫ്രാങ്ക്ളിൻ)
Email : fathimamathakayyunni@gmail.com/noblethomasp@gmail.com

**പഠനഭാഗങ്ങൾ:**

50% – സീറോമലബാർ സഭയുടെ കുർബാനക്രമം (വിശ്വാസപരിശീലനത്തിനുവേണ്ടി മാനന്തവാടി രൂപത പ്രസിദ്ധീകരിച്ച പുതിയ പുസ്തകം)

20% – ഒമ്പതാം ക്ലാസ്സിലെ മതബോധനഗ്രന്ഥം 3–7 അദ്ധ്യായങ്ങൾ

5% – മാർ തെയദോറിന്റെ അനാഫൊറ (സീറോ മലബാർ ലിറ്റർജിക്കൽ കമ്മീഷൻ പ്രസിദ്ധീകരിച്ചത്)

5% – വി. യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായം

20% – ആനന്ദത്തിന്റെ സാക്ഷികൾ (സമർപ്പിതവർഷത്തോടനുബന്ധിച്ചുള്ള പരി. പിതാവിന്റെ കത്ത്)

• • •

## Post Graduate & Under Graduate Courses in Media at St Joseph College of Communication, Changanassery

St Joseph College of Communication, is the first university affiliated Media College in South India. It is a Christian minority self-financing education institution affiliated to Mahatma Gandhi University, Kottayam and managed by the Archdiocese of Changanassery.

**The following PG Courses are offered here:**

- MA Cinema & Televison
- MA Multimedia
- MA Animation

- MA Graphic Design
- MA Print and Electronic Journalism

**Besides the PG Courses the following undergraduate courses are offered:**

- BA Multimedia
- BA Animation & Graphic Design
- BA Visual Arts
- BA Visual Communication
- BA Animation & Visual Effects
- BA Audiography & Digital Editing

Artistically talented students who are interested in media and communication are welcome to join in these courses.

**Contact details:**

Rev. Fr. Antony Ethackad
Executive Director, Kurisummood P.O
Changanassery, Kottayam, Kerala -686104
Tel : 0481-2722225, E-mail: sjcc.chry@gmail.com
URL: WWW. mediavillageindia.com

• • •

# Pastoral Centre Programme



**September 2015**

| | |
|---|---|
| 1-30 | Postulant’s Course |
| 2-3 | CHAI Regional Conference |
| 5 | Zion |
| 5 | CML Executive |
| 6-9 | Marriage Preparation Course |
| 9 | Marian Singles |
| 10 | SMMA Executive |
| 12 | Pastoral Council |
| 13-18 | Priest's Retreat |
| 20-25 | Priest's Retreat |
| 27-30 | Zion Retreat |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***September 2015***

| | |
|---|---|
| *01 Tue ..................* | *Dwaraka: Course for Postulants* |
| *02 Wed ..................* | *Kayakunnu: Holy Mass at La Salette Ashram* |
| *03 Thu 4 Fri ..........* | *Out of station* |
| *05 Sat ...................* | *Out of station* |
| *06 Sun ...................* | *Ruby Nagar: Pastoral Visit* |
| *07 Mon ................* | *Manimooly: Visitors' Day at Regional Pastoral Centre* |
| *08 Tue Morning......* | *SH Provincial House* |
| *Afternoon ......* | *Alattil: Blessing of Golden Jubilee Grotto* |
| *09 Wed .................* | *Visitors' Day* |
| *10 Thu 11 Fri .........* | *Irinjalakuda* |
| *12 Sat ...................* | *Pastoral Council* |
| *14 Mon 25 Fri ........* | *Retreat for Priests* |
| *26 Sat ...................* | *Out of station* |
| *27 Sun .................* | *Marutha: Pastoral Visit* |
| *28 Mon ................* | *Manimooly: Visitors' Day at Regional Pastoral Centre* |
| *30 Wed ..................* | *Visitors' Day* |
| *Evening .......* | *Bishop's House: Jubilee of Priests* |

***October 2015***

| | |
|---|---|
| *01 Thu 14 Wed .......* | *Out of station* |
| *15 Thu ..................* | *Ondayangady: Vestition of FCC Novices* |
| *16 Fri ...................* | *Out of station* |
| *17 Sat ..................* | *Dharmagiri: Ordination Dn. Joseph Thundathil VC* |
| *19 Mon .................* | *Thalanji* |
| *20 Tue ...................* | *Vazhavatta: 25th Anniversary of Jyothi Nivas* |
| *21 Wed .................* | *Visitors' Day* |
| *22 Thu ..................* | *Kartikulam: Divine Providence Seminary-Holy Mass* |
| *23 Fri ...................* | *Out of station* |
| *24 Sat .................* | *Ambyathode: Sanyastha Sangamam* |
| *28 Wed .................* | *Kalpetta: Snehasadan - Holy Mass* |
| *29 Thu 31 Sat ........* | *Out of Station* |